# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDK4-647/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 31/07/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2)ഗവ.സെക്രട്ടറി, തസ്വഭ, തിരുവനന്തപുരം.
3)റീജിയണൽ പെർഫോമൻസ് ഓഡിറ്റർ, എറണാകുളം.
4)കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK4-647/22 തീയ്യതി: 31/07/2022

## ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2021 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 62 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം.വി. സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-07-2021 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2021 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.കെ. മധുസൂദനൻനായർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. സാമുവൽരാജ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിനുമോൻ കെ. സി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുമാരി കൊച്ചുത്രേസ്യ പൗലോസ് | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീ. ജിജി കെ ഫിലിപ്പ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ സുനിൽകുമാർ ബി | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജീഷ് ആർ | എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2020 | 28-05-2020 |
| ശ്രീ തങ്കച്ചൻ പി ജെ | എക്സിക്യൂട്ടീവ് എഞ്ചിനിയർ | 29-05-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ആൻസി കെ കുര്യൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2020 | 31-05-2020 |
| ശ്രീ കെ പി വിജയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-06-2020 | 16-08-2020 |
| ശ്രീ ബിജു വിശ്വം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 17-08-2020 | 31-03-2021 |
| ഡോ. റൊണാൾഡ് പി റോസ് | ചീഫ് മെഡിക്കൽ ഓഫിസർ,ജില്ലാ ആയുർവേദ ആശുപത്രി,പാറേമാവ് | 01-04-2020 | 31-05-2020 |
| ഡോ. ആൻസി തോമസ് | ചീഫ് മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്) ജില്ലാ ആയുർവേദ ആശുപത്രി,പാറേമാവ് | 01-06-2020 | 28-02-2021 |
| ഡോ. സിന്ധു കെ ആർ | ചീഫ് മെഡിക്കൽ ഓഫിസർ,ജില്ലാ ആയുർവേദ ആശുപത്രി,പാറേമാവ് | 01-03-2021 | 02-03-2021 |
| ഡോ. ക്രിസ്റ്റി ജെ തുണ്ടിപ്പറമ്പിൽ | ചീഫ് മെഡിക്കൽ ഓഫിസർ,ജില്ലാ ആയുർവേദ ആശുപത്രി,പാറേമാവ് | 02-03-2021 | 31-03-2021 |
| ഡോ മാത്യൂസ് പി കുരുവിള | സൂപ്രണ്ട് ജില്ലാ ആയുർവേദ ആശുപത്രി,തൊടുപുഴ | 01-04-2020 | 15-10-2020 |
| ഡോ. ഷൈലജ സി ജെ | സൂപ്രണ്ട് ജില്ലാ ആയുർവേദ ആശുപത്രി,തൊടുപുഴ | 16-10-2020 | 14-02-2021 |
| ഡോ. എൻ ശൈലജാദേവി | സൂപ്രണ്ട് ജില്ലാ ആയുർവേദ ആശുപത്രി,തൊടുപുഴ | 15-02-2021 | 31-03-2021 |
| ശ്രീ ആർ രഘു | ജില്ലാ പട്ടിക ജാതി വികസന ഓഫിസർ | 01-04-2020 | 06-07-2020 |
| ശ്രീ മനോഹരൻ കെ | ജില്ലാ പട്ടിക ജാതി വികസന ഓഫിസർ | 07-07-2020 | 31-03-2021 |
| ശ്രീ ജി ഗോപകുമാർ | ജില്ലാ സാമൂഹ്യ നീതി ഓഫിസർ | 01-04-2020 | 14-02-2021 |
| ശ്രീ ബിനോയ് വി ജെ | ജില്ലാ സാമൂഹ്യ നീതി ഓഫിസർ | 15-02-2021 | 31-03-2021 |
| ശ്രീമതി മിനി ടി.കെ | ഡെപ്യൂട്ടി ഡയറക്ടർ,പൊതു വിദ്യഭ്യാസം | 01-04-2020 | 26-05-2020 |
| ശ്രീ ശശീന്ദ്രവ്യാസ് വി എ | ഡെപ്യൂട്ടി ഡയറക്ടർ,പൊതു വിദ്യഭ്യാസം | 27-05-2020 | 31-03-2021 |
| ഡോ സുജ ജോസഫ് | സൂപ്രണ്ട് ജില്ലാ ആശുപത്രി,തൊടുപുഴ | 01-04-2020 | 14-07-2020 |
| ഡോ ഉമാദേവി എം.ആർ | സൂപ്രണ്ട് ജില്ലാ ആശുപത്രി,തൊടുപുഴ | 15-07-2020 | 31-03-2021 |
| ശ്രീമതി രാധ കെ | ഡെപ്യൂട്ടി ഡയറക്ടർ,കൃഷി | 01-01-2020 | 07-05-2020 |

| | | | |
|---|---|---|---|
| ശ്രീമതി ടെസ്സി എബ്രാഹം | ഡെപ്യൂട്ടി ഡയറക്ടർ,കൃഷി | 08-05-2020 | 28-05-2020 |
| ശ്രീമതി ആൻസി തോമസ് | ഡെപ്യൂട്ടി ഡയറക്ടർ,കൃഷി | 29-05-2020 | 31-03-2021 |
| ശ്രീമതി ജീജ സി.കൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ,ക്ഷീര വികസനം | 01-04-2020 | 31-03-2021 |
| ഡോ. അമ്പിളി എൻ | സൂപ്രണ്ട് ജില്ലാ ഹോമിയോ ആശുപത്രി,ഇടുക്കി | 01-04-2020 | 31-03-2021 |
| ഡോ ശുഭ കെ.പി | മെഡിക്കൽ ഓഫിസർ,ഭാരതീയ ചികിത്സാ വകുപ്പ്,ഇടുക്കി | 01-04-2020 | 31-03-2021 |
| ശ്രീ അജേഷ് ടി.ജി | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ , കുടുംബശ്രീ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീരേഖ കെ.എസ് | പ്രോജക്ട് ഓഫിസർ,ഐ.റ്റി.ഡി.പി,ഇടുക്കി | 30-07-2020 | 31-03-2021 |
| ഡോ. ജിജിമോൻ ജോസഫ് | ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം | 01-04-2020 | 17-05-2020 |
| ഡോ. ബിനോയ് മാത്യൂ | ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വെറ്ററിനറി കേന്ദ്രം | 18-05-2020 | 31-03-2021 |
| ശ്രീ സാജു സെബസ്റ്റ്യൻ | പ്രോജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 01-04-2020 | 29-01-2021 |
| ശ്രുമതി റെജി തോമസ് | ജില്ലാ വനിതാ വികസന ഓഫീസർ (ഇൻ ചാർജ്) ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 30-01-2021 | 03-02-2021 |
| ശ്രീമതി ടീസ ജോസ് | പ്രോജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 04-02-2021 | 10-03-2021 |
| ശ്രീമതി സഫിയാബീവി പി ഐ | അസി.പ്രോജക്ട് ഡയറക്ടർ (ഇൻ ചാർജ്) ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 11-03-2021 | 21-03-2021 |
| ശ്രീമതി സറീന എ റഹ്മാൻ | പ്രോജക്ട് ഡയറക്ടർ,ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 22-03-2021 | 31-03-2021 |
| ശ്രീ. അനിൽ ഭാസ്കർ | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ഐ.റ്റി.ഡി.പി., ഇടുക്കി | 01-04-2020 | 29-07-2020 |
| ശ്രീമതി. ശ്രീരേഖ കെ. എസ്. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ഐ.റ്റി.ഡി.പി., ഇടുക്കി | 30-07-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Madhusoodanan Nair (Audit Officer, On 01-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 26-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (തനത് ഫണ്ട് ഒഴികെ)<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: Sabu C George (Senior Deputy Director, On 31-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.K.Madhusoodanan Nair (Audit Officer, On 26-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-07-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 21-06-2022) | 1-8 |
| 9 | വാർഷിക കണക്കുകളുടെ അപാകതകൾ<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-9 |
| 10 | പിഴ ഈടാക്കാതെ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി - വരവിനത്തിൽ വൻ നഷ്ടം<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-10 |
| 11 | സ്വകാര്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകി - അപാകതകൾ - (3-1)<br>Written By: M.K.Madhusoodanan Nair (Audit Officer, On 26-03-2022)<br>Last Updated By: Sabu C George (Senior Deputy Director, On 31-07-2022) | 1-11(1) |
| 12 | ചെങ്കുളം വൃദ്ധസദനം<br>Written By: M.K.Madhusoodanan Nair (Audit Officer, On 26-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-11(2) |
| 13 | പടമുഖം പകൽവീട്<br>Written By: M.K.Madhusoodanan Nair (Audit Officer, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-11(3) |
| 14 | രാജാക്കാട് വൃദ്ധസദനം<br>Written By: M.K.Madhusoodanan Nair (Audit Officer, On 26-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-11(4) |
| 15 | കുമാരമംഗലം വൃദ്ധമന്ദിരം<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-11(5) |
| 16 | പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 26-03-2022)<br>Last Updated By: Sabu C George (Senior Deputy Director, On 27-07-2022) | 1-12(1) |
| 17 | മഞ്ഞപ്പാറ പകൽവീട്<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: Sabu C George (Senior Deputy Director, On 27-07-2022) | 1-12(2) |
| 18 | പടിക്കപ്പ് പകൽവീട് നിർമ്മാണം<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: Sabu C George (Senior Deputy Director, On 27-07-2022) | 1-12(3) |
| 19 | താഴത്തുനീലിവയൽ പകൽവീട്<br>Written By: M.K.Madhusoodanan Nair (Audit Officer, On 16-04-2022)<br>Last Updated By: Sabu C George (Senior Deputy Director, On 27-07-2022) | 1-12(4) |
| 20 | വെള്ളപാനി-തകടിയേൽ വയോജനകേന്ദ്രം<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-07-2022) | 1-12(5) |

| | | |
|---|---|---|
| 21 | എല്ലപ്പെട്ടി ജി.എച്ച്.എസ്. മെയിന്റനൻസ് - ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് അധികം തുക നല്കി - (3-2)<br>Written By: M.K.Madhusoodanan Nair (Audit Officer, On 28-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-13 |
| 22 | മൂഴിക്കൽ-തടിത്തോട് നടപ്പാത സംരക്ഷണം - കരാറുകാരന് അധികം തുക നൽകി - (3-3)<br>Written By: M.K.Madhusoodanan Nair (Audit Officer, On 28-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-14 |
| 23 | മണിയാറൻകുടി ജി.എച്ച്.എസ്. ഓഫീസ് മെയിന്റനൻസ് - അധികം തുക നൽകി - (3-4)<br>Written By: M.K.Madhusoodanan Nair (Audit Officer, On 28-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-15 |
| 24 | മഞ്ചുമല എസ്റ്റേറ്റ് - ലോവർ ഡിവിഷൻ വനിതാ സാംസ്കാരിക നിലയം പണി പൂർത്തീകരിച്ചില്ല (3-5)<br>Written By: M.K.Madhusoodanan Nair (Audit Officer, On 28-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-16 |
| 25 | ജി.എച്ച്.എസ്. പാമ്പനാർ - ക്ളാസ് റൂം പെയിന്റിംഗിന് അധികം തുക നൽകി -(3-6)<br>Written By: M.K.Madhusoodanan Nair (Audit Officer, On 28-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-17 |
| 26 | ജി.എച്ച്.എസ്. മുള്ളരിങ്ങാട് മെയിന്റനൻസ് - ഓവർ ഹെഡ് ചാർജ്ജ് കുറയ്ക്കാതെ കൺവീനർക്ക് അധികം തുക നൽകി - (3-7)<br>Written By: M.K.Madhusoodanan Nair (Audit Officer, On 31-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-18 |
| 27 | ചെള്ളൽ പാടശേഖരം - ഫീൽഡ് ചാനൽ - പണി പൂർത്തീകരിക്കാതെ പാതി വഴിയിൽ ഉപേക്ഷിച്ചു<br>Written By: R.Samuelraj (Senior Grade Auditor, On 10-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-07-2022) | 1-19 |
| 28 | ഏലപ്പാറ പഞ്ചായത്ത് - പി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം - നിർവ്വഹിച്ചതായി രേഖപ്പെടുത്തിയ പ്രവൃത്തികളും നിർദ്ദിഷ്ട സ്പെസിഫിക്കേഷനും പൊരുത്തപ്പെടുന്നില്ല (3-8)<br>Written By: M.K.Madhusoodanan Nair (Audit Officer, On 29-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-20 |
| 29 | ഏലപ്പാറ പഞ്ചായത്ത് - വള്ളക്കടവ് പാലം അറ്റകുറ്റപ്പണികൾ - അധിക തുക നൽകി - (3-9)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-21 |
| 30 | കുമളി ഗ്രാമപഞ്ചായത്ത് - ഓടമേട് ബാപ്പുജി കോളനി കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - (3-10)<br>Written By: M.K.Madhusoodanan Nair (Audit Officer, On 29-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-22 |
| 31 | മച്ചിപ്ലാവ് ഗവ. ഹൈസ്കൂൾ മെയിന്റനൻസ് - അധികം തുക നൽകി - (3-11)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-23 |
| 32 | അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് - ആനക്കുഴി ജലസേചന പദ്ധതി - അധികം തുക നൽകി (3-12)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-24 |
| 33 | പെരുവന്താനം ടൗൺ സംരക്ഷണഭിത്തി - ഐറിഷ് ഡ്രെയിൻ - നിർമ്മാണം - അധികം തുക നൽകി (3-13)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-25 |
| 34 | ദേവികുളം ജി.എച്ച്.എസ്.എസ്. വനിത വിശ്രമ കേന്ദ്രം - നിർമ്മാണം - അധികം തുക നൽകി (3-14)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-26 |
| 35 | വട്ടവട ഗ്രാമപഞ്ചായത്ത് മോഡേൺ വില്ലേജ് റോഡ് സംരക്ഷണഭിത്തി - അധികം തുക നൽകി (3-15)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 1-27 |
| 36 | മുട്ടുകാട് യുവജനക്ഷേമ കേന്ദ്രം - അളവുകൾ തെറ്റായി രേഖപ്പെടുത്തി - അധിക തുക നൽകി (3-16)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-28 |

| | | |
|---|---|---|
| 37 | പാറേമാവ് അഗതി പുനരധിവാസ കേന്ദ്രം - ചെയ്യാത്ത ഇനത്തിന് തുക നൽകി - പദ്ധതി പൂർത്തീകരിച്ചില്ല (3-17)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-29 |
| 38 | റോസാപ്പൂക്കണ്ടം-പാറവീട് പിക്കപ്പ് സ്റ്റാന്റ് ഡ്രെയിനേജ് - ടെണ്ടർ കുറവ് പരിഗണിച്ചില്ല (3-18)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-30 |
| 39 | വലിയകണ്ടം ജലസേചനം - സ്വകാര്യ സ്ഥാപനത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി - തുക വകമാറ്റി ചെലവ് ചെയ്തു (3-19)<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-31 |
| 40 | കുളപ്പാറ എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ - പദ്ധതി പൂർത്തീകരിച്ചില്ല (3-20)<br>Written By: M.K.Madhusoodanan Nair (Audit Officer, On 14-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-32 |
| 41 | മുപ്പതേക്കർ അങ്കണവാടി റിനോവേഷൻ - അധികം തുക നൽകി (3-21)<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-33 |
| 42 | കുമളി മാലിന്യ സംസ്കരണ പ്ലാന്റിനോട് ചേർന്ന് കെട്ടിട നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - ലക്ഷങ്ങളുടെ പാഴ്ചെലവ്<br>Written By: M.K.Madhusoodanan Nair (Audit Officer, On 12-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-34 (1) |
| 43 | വേലിയമ്പാറക്കുടി വനിതാ തൊഴിൽ പരിശീലനകേന്ദ്രം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-34(2) |
| 44 | വെള്ളെള്ള് ഭൂസംരക്ഷണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-34(3) |
| 45 | മുള്ളരിങ്ങാട് എസ്.സി. വനിത തൊഴിൽ പരിശീലന കേന്ദ്രം - ലക്ഷ്യം കൈവരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-34(4) |
| 46 | പാറേക്കുന്നേൽപടി ജലസേചന പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-34(5) |
| 47 | മുള്ളരിങ്ങാട് കാർഷിക വിപണന കേന്ദ്രം - ക്ഷീരോല്പാദക സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിച്ച് നൽകി (3-22)<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-35 |
| 48 | രാജമുടി ആപ്കോസ് - സർക്കാർ ഉത്തരവും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനവും മറികടന്ന് കെട്ടിട നിർമ്മാണം (3-23)<br>Written By: M.K.Madhusoodanan Nair (Audit Officer, On 16-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-36 |
| 49 | പൂണ്ടിക്കുളം സ്റ്റേഡിയം പദ്ധതി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-37(1) |
| 50 | വാളാർ-ഡി മാരിയമ്മൻ ടെമ്പിൾ പൊതുവേദി - നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-37(2) |
| 51 | മുരിക്കാശ്ശേരി ജലസേചനം - പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-37(3) |
| 52 | കൊല്ലത്തിക്കാവ് യുവജനക്ഷേമ കേന്ദ്രം - പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-37(4) |
| 53 | നെല്ലിപ്പാറ അങ്കണവാടി - പണി പൂർത്തീകരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-37(5) |
| 54 | വെള്ളിയാമറ്റം ജി.ടി.എച്ച്.എസ്.എസ്. സംരക്ഷണഭിത്തി - പണികൾ പൂർത്തീകരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-37(6) |
| 55 | കൊന്താലപ്പടി പാടശേഖരം സൈഡ്കെട്ട് - പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-37(7) |

| | | |
|---|---|---|
| 56 | നല്ലതണ്ണിപ്പുഴ ശേവൽകടി ഭാഗം തീരസംരക്ഷണ ഭിത്തി - പ്രയോജനരഹിതം<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-38 |
| 57 | ടെണ്ടർ നടപടികൾ ഒഴിവാക്കി പാടശേഖര സമിതികളെ പ്രവൃത്തികൾ ഏൽപ്പിച്ചു<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-39 |
| 58 | വണ്ണപ്പുറം ടൗൺ കുളം നവീകരണം - പാഴ്ചെലവ്<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-40 |
| 59 | മരാമത്ത് ബില്ലിൽ നിന്നും ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ കൺവീനർക്ക് അധികം നൽകി (3-24)<br>Written By: M.K.Madhusoodanan Nair (Audit Officer, On 28-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-41 |
| 60 | കിളിയാർ -പതിനേഴുകമ്പനി റോഡ് - സംരക്ഷണ ഭിത്തി നിർമ്മാണത്തിൽ അപാകത<br>Written By: M.K.Madhusoodanan Nair (Audit Officer, On 30-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-42 |
| 61 | ദാരിദ്ര്യ ലഘൂകരണ വിഭാഗം - രേഖകൾ ലഭ്യമല്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 22-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-43 |
| 62 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 21-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-44 |
| 63 | എസ്.സി., എസ്.ടി. ക്ഷേമപദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-45 |
| 64 | മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി - അധിക ആനുകൂല്യം നൽകി (3-25)<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-46 |
| 65 | ഇടുക്കി മെഡിക്കൽ കോളജിൽ ഡയാലിസിസ് യൂണിറ്റ് - അനുവദനീയമല്ലാത്ത ചെലവ്<br>Written By: M.K.Madhusoodanan Nair (Audit Officer, On 21-03-2022)<br>Last Updated By: Sabu C George (Senior Deputy Director, On 31-07-2022) | 1-47 |
| 66 | രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ - ജില്ലാപഞ്ചായത്തിന് അധിക ബാദ്ധ്യത<br>Written By: M.K.Madhusoodanan Nair (Audit Officer, On 15-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-48 |
| 67 | ഗുണഭോക്തൃ സമിതികളിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവ് (3-26)<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-49 |
| 68 | പഞ്ചായത്ത് കമ്മിറ്റികളിൽ പങ്കെടുത്തതിന് ഭരണസമിതി അംഗങ്ങൾക്ക് ചട്ട വിരുദ്ധമായി യാത്രപ്പടി നൽകി (3-27)<br>Written By: M.K.Madhusoodanan Nair (Audit Officer, On 11-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 1-50 |
| 69 | ടെണ്ടർ ഫോം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: M.K.Madhusoodanan Nair (Audit Officer, On 30-07-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-51 |
| 70 | കോവിഡ് പ്രതിരോധ പ്രവർത്തനം അവലോകനം<br>Written By: M.K.Madhusoodanan Nair (Audit Officer, On 30-07-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 1-52 |
| | ഭാഗം **2** | |
| 1 | പിഴ ഈടാക്കാതെ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി<br>Written By: M.K.Madhusoodanan Nair (Audit Officer, On 19-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 16-07-2022) | 2-1 |
| | ഭാഗം **3** | |
| 1 | സ്വകാര്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകി - അപാകതകൾ<br>Written By: Binumon.K.C (Auditor, On 24-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 31-07-2022) | 3-1 |
| 2 | എല്ലപ്പെട്ടി ജി.എച്ച്.എസ്. മെയിന്റനൻസ് - ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് അധികം തുക നല്കി -<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-2 |
| 3 | മൂഴിക്കൽ തടിത്തോട് നടപ്പാത സംരക്ഷണം - കരാറുകാരന് അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-3 |

| | | |
|---|---|---|
| 4 | മണിയാറൻകുടി ജി.എച്ച്.എസ്. ഓഫീസ് മെയിന്റനൻസ് - അധികം തുക നൽകി -<br>Written By: Binumon.K.C (Auditor, On 24-03-2022)<br>Last Updated By: Sabu C George (Senior Deputy Director, On 31-07-2022) | 3-4 |
| 5 | മഞ്ഞുമല എസ്റ്റേറ്റ് ലോവർ ഡിവിഷൻ വനിതാ സാംസ്കാരിക നിലയം - പണി പൂർത്തികരിച്ചില്ല പെയിന്റിംഗിന് അധിക തുക നല്കി<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 31-07-2022) | 3-5 |
| 6 | ജി.എച്ച്.എസ്. പാമ്പനാർ - ക്ളാസ് റൂം പെയിന്റിംഗിന് അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-6 |
| 7 | ജി.എച്ച്.എസ്. മുള്ളരിങ്ങാട് മെയിന്റനൻസ് - ഓവർ ഹെഡ് ചാർജ്ജ് കുറയ്ക്കാതെ കൺവീനർക്ക് അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-7 |
| 8 | ഏലപ്പാറ പഞ്ചായത്ത് - പി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം - നിർവ്വഹിച്ചതായി രേഖപ്പെടുത്തിയ പ്രവൃത്തികളും നിർദ്ദിഷ്ട സ്പെസിഫിക്കേഷനും പൊരുത്തപ്പെടുന്നില്ല<br>Written By: Binumon.K.C (Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-8 |
| 9 | ഏലപ്പാറ പഞ്ചായത്ത് വള്ളക്കടവ് പാലം അറ്റകുറ്റപ്പണികൾ - അധിക തുക നൽകി<br>Written By: Binumon.K.C (Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-9 |
| 10 | കുമളി ഗ്രാമപഞ്ചായത്ത് - ഓടമേട് ബാപ്പുജി കോളനി കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-10 |
| 11 | മച്ചിപ്ലാവ് ഗവ. ഹൈസ്കൂൾ മെയിന്റനൻസ്-അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-11 |
| 12 | അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് - ആനക്കുഴി ജലസേചന പദ്ധതി - അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-12 |
| 13 | പെരുവന്താനം ടൗൺ സംരക്ഷണഭിത്തി, ഐറിഷ് ഡ്രയിൻ നിർമ്മാണം - അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-13 |
| 14 | ദേവികുളം GHSS വനിത വിശ്രമ കേന്ദ്രം,കൗൺസിലിംഗ് സെന്റർ നിർമ്മാണം - അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-14 |
| 15 | വട്ടവട ഗ്രാമപഞ്ചായത്ത് മോഡേൺ വില്ലേജ് റോഡ് സംരക്ഷണഭിത്തി -അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 25-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 31-07-2022) | 3-15 |
| 16 | മുട്ടുകാട് യുവജനക്ഷേമ കേന്ദ്രം - അളവുകൾ തെറ്റായി രേഖപ്പെടുത്തി - അധിക തുക നൽകി<br>Written By: Binumon.K.C (Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-16 |
| 17 | പാറേമാവ് അഗതി പുനരധിവാസ കേന്ദ്രം അധികം തുക നൽകി - പദ്ധതി പൂർത്തികരിച്ചില്ല<br>Written By: R.Samuelraj (Senior Grade Auditor, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-17 |
| 18 | റോസാപ്പൂക്കണ്ടം-പാറവീട് പിക്കപ്പ് സ്റ്റാന്റ് ഡ്രെയിനേജ് - ടെണ്ടർ കുറവ് പരിഗണിച്ചില്ല- അധിക തുക നല്കി -<br>Written By: R.Samuelraj (Senior Grade Auditor, On 25-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 31-07-2022) | 3-18 |
| 19 | വലിയകണ്ടം ജലസേചനം - സ്വകാര്യ സ്ഥാപനത്തിന് വേണ്ടി പൊതുപണം വിനിയോഗിച്ച് കുടിവെള്ള പദ്ധതി<br>Written By: M.K.Madhusoodanan Nair (Audit Officer, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 3-19 |
| 20 | കുളപ്പാറ എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ - പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: R.Samuelraj (Senior Grade Auditor, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-20 |

| | | |
|---|---|---|
| 21 | മുപ്പതേക്കർ-അംഗൻവാടി റിനോവേഷൻ - അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 3-21 |
| 22 | കുമളി മാലിന്യ സംസ്കരണ പ്ലാന്റിനോട് ചേർന്ന് കെട്ടിട നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - ലക്ഷങ്ങളുടെ പാഴ്ചെലവ്<br>Written By: Binumon.K.C (Auditor, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-22 |
| 23 | രാജമുടി ആപ്കോസ്-സർക്കാർ ഉത്തരവും കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനവും മറികടന്ന് കെട്ടിട നിർമ്മാണം<br>Written By: M.K.Madhusoodanan Nair (Audit Officer, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-23 |
| 24 | മരാമത്ത് ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യാതെ കൺവീനർക്ക് അധികം തുക നൽകി<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 31-07-2022) | 3-24 |
| 25 | മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി - അധിക തുക നല്കിയത് സംബന്ധിച്ച്<br>Written By: Binumon.K.C (Auditor, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-07-2022) | 3-25 |
| 26 | ഗുണഭോക്തൃ സമിതികളിൽ നിന്നും ആദായ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: R.Samuelraj (Senior Grade Auditor, On 24-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-26 |
| 27 | പഞ്ചായത്ത് കമ്മിറ്റികളിൽ പങ്കെടുത്തതിന് ഭരണസമിതി അംഗങ്ങൾക്ക് ചട്ടവിരുദ്ധമായി യാത്രപ്പടി നൽകി<br>Written By: M.K.Madhusoodanan Nair (Audit Officer, On 25-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 30-07-2022) | 3-27 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: Shyni M.R (Computer Assistant, On 31-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 16-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 16-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 29-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 16-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.K.Madhusoodanan Nair (Audit Officer, On 09-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 31-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ജനറൽ കമ്മിറ്റിയുടെ 27/02/2020-ലെ തീരുമാനം നമ്പർ 1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹3,59,01,108 |
| വരവ് | ₹1,05,96,09,200 |
| ആകെ | ₹10,95,510,308 |
| ചെലവ് | ₹10,91,217,000 |
| നീക്കിയിരിപ്പ് | ₹42,93,308 |

ജനറൽ കമ്മിറ്റിയുടെ 20/02/2021-ലെ തീരുമാനം നമ്പർ 1 പ്രകാരം 2021-22 വർഷത്തേയ്ക്കുള്ള ബജറ്റിനൊപ്പം 2020-21 വർഷത്തെയ്ക്കുള്ള പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹8,03,23,748 |
| വരവ് | ₹1,01,75,87,200 |
| ആകെ | ₹1,09,79,10,948 |
| ചെലവ് | ₹1,05,29,49,000 |
| നീക്കിയിരിപ്പ് | ₹4,49,61,948 |

ശാസ്ത്രീയമായ ധനസമാഹരണ ധനവിനിയോഗത്തിനുള്ള ഒരു രേഖ എന്ന നിലയിൽ ബജറ്റ് ഡോക്യുമെന്റ് പ്രയോജനപ്പെടുന്നില്ല. ബജറ്റ് പ്രകാരമുള്ള റവന്യൂ/മൂലധന കണക്കുകളും ആസ്തി/ബാധ്യത കണക്കുകളും വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെടുത്തി കൃത്യമായി വിശകലനം ചെയ്യാൻ സാധിക്കുന്നില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 03.08.2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹8,46,00,636 |

| | |
|---|---|
| വരവ് | ₹92,07,87,839 |
| ആകെ | ₹1,00,53,88,475 |
| ചെലവ് | ₹93,39,36,029 |
| നീക്കിയിരിപ്പ് | ₹7,14,52,446 |

1-4 ഫണ്ട് വിനിയോഗം (തനത് ഫണ്ട് ഒഴികെ)

| ക്രമ നം. | ഫണ്ടിനം (തനത് ഫണ്ട് ഒഴികെ) | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ് വരവ് ₹ | ആകെ ₹ | ചെലവ് ₹ | സഞ്ചിതനിധിയിലേക്ക് തിരികെ എടുത്തത്/ നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 0 | 37,68,82,263 | 37,68,82,263 | 36,28,65,985 | 1,40,16,278 |
| 2 | വികസന ഫണ്ട്-എസ്.സി.പി | 0 | 11,30,66,000 | 11,30,66,000 | 10,04,60,063 | 1,26,05,937 |
| 3 | വികസന ഫണ്ട്-ടി.എസ്.പി | 0 | 4,20,49,000 | 4,20,49,000 | 3,63,22,961 | 57,26,039 |
| 4 | സി.എഫ്.സി. - ബേസിക് ഗ്രാന്റ് | 0 | 6,70,20,000 | 6,70,20,000 | 4,44,56,022 | 2,25,63,978 |
| 5 | സി.എഫ്.സി. - ഉപാധി ഫണ്ട് | 0 | 6,70,20,000 | 6,70,20,000 | 2,97,99,655 | 3,72,20,345 |
| 6 | മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 26,21,02,000 | 26,21,02,000 | 22,12,33,064 | 4,08,68,936 |
| 7 | മെയിന്റനൻസ് ഫണ്ട് - റോഡിതരം | 0 | 9,05,94,000 | 9,05,94,000 | 7,39,02,406 | 1,66,91,594 |
| 8 | ജനറൽ പർപ്പസ് ഫണ്ട് | 0 | 3,84,13,000 | 38,413,000 | 2,46,23,045 | 1,37,89,955 |
| 9 | എസ്.എസ്.എ | 21,88,331 | 67,951 | 22,56,282 | 0 | 22,56,282 |
| 10 | ആർ.എം.എസ്.എ | 2,50,08,104 | 25,97,482 | 2,76,05,586 | 45,41,560 | 2,30,64,026 |
| 11 | ആർ.ജി.പി.എസ്.എ | 8,60,644 | 0 | 8,60,644 | 0 | 8,60,644 |
| 12 | എസ്.ടി. സ്കോളർഷിപ്പ് | 10,000 | 0 | 10,000 | 0 | 10,000 |
| 13 | എൻ.എച്ച്.എം | 3,50,000 | 0 | 3,50,000 | 0 | 3,50,000 |
| 14 | കേരളോത്സവം | 41,480 | 1,265 | 42,745 | 0 | 42,745 |

| | | | | | | |
|---|---|---|---|---|---|---|
| 15 | ആയുർവ്വേദ വകുപ്പ് | 23,74,165 | 0 | 23,74,165 | 0 | 23,74,165 |
| 16 | എസ്. സി. സ്കോളർഷിപ്പ് | 8,30,351 | 0 | 8,30,351 | 0 | 8,30,351 |
| 17 | നബാർഡ് | 63,01,241 | 0 | 63,01,241 | 0 | 63,01,241 |
| 18 | ഗുണഭോക്തൃവിഹിതം | 84,650 | | 84,650 | 0 | 84,650 |
| 19 | ആയുർവ്വേദ വകുപ്പ് | 37,93,440 | | 37,93,440 | 0 | 37,93,440 |
| 20 | വെള്ളപ്പൊക്കം | 2 | 0 | 2 | 0 | 2 |
| 21 | ഇ.എം.എസ്. ലോൺ അക്കൗണ്ട് | 3,22,021 | 0 | 3,22,021 | 0 | 3,22,021 |
| 22 | എ ബി സി പ്രോഗ്രാം ഗ്രാമപഞ്ചായത്ത് | 26,84,764 | 0 | 26,84,764 | 115959 | 25,68,805 |
| 23 | സംയുക്ത പദ്ധതി - മുനിസിപ്പാലിറ്റി | 0 | 10,00,000 | 10,00,000 | 0 | 10,00,000 |
| 24 | സംയുക്ത പദ്ധതി - ഗ്രാമപഞ്ചായത്ത് | 0 | 2,59,541 | 2,59,541 | 2,59,541 | 0 |
| 25 | സംയുക്ത പദ്ധതി - ബ്ലോക്ക്പഞ്ചായത്ത് | 0 | 35,00,000 | 35,00,000 | 18,69,823 | 16,30,177 |
| 26 | കോവിഡ് | 0 | 9,61,915 | 9,61,915 | 0 | 9,61,915 |

ക്രമ നം. 1 മുതൽ 7 വരെ ചേർത്തിട്ടുള്ള ഇനങ്ങളിൽ സഞ്ചിത നിധിയിൽ നിന്നുള്ള അലോട്ട്മെന്റ് വരവായും സഞ്ചിത നിധിയിൽ നിന്നുള്ള പിൻവലിയ്ക്കൽ ചെലവായും ചേർത്തിരിക്കുന്നു.

സഞ്ചിത നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ള വിവിധ ഗ്രാന്റുകളുടെ അനുമതി ഉത്തരവുകൾ പ്രകാരം സ്രോതസ്സിൽ കിഴിവ് ചെയ്തിട്ടുള്ള തുകകൾ യഥാവിധി അക്കൗണ്ട് ചെയ്ത് അതാത് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് ഓഡിറ്റിൽ പൂർണ്ണമായി ഉറപ്പാക്കാനായിട്ടില്ല. 31.03.2021-ൽ Q ബിൽ ആയി ഉൾപ്പെടുത്തിയിരുന്ന തുകകൾ ഇവയിൽ 2021-22-ലെ വിഹിതത്തിൽ നിന്നും പണമാക്കിയ ബിൽ തുകകൾ എന്നിവയും കൃത്യമായി തരം തിരിച്ച് കണക്കാക്കി ഫണ്ട് വിനിയോഗ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. ഇതിന് വിധേയമായി മാത്രമാണ് ഈ റിപ്പോർട്ടിലെ അനുബന്ധം 2 ആയി ഫണ്ട് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

പദ്ധതി രൂപീകരണത്തിനായി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും വികസന സെമിനാറും യഥാസമയം നടത്തിയിട്ടുണ്ട്. ഗ്രാമസഭയ്ക്ക് സമാനമായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റുമാരെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആസൂത്രണ ഗ്രാമസഭ യോഗം ജില്ലാപഞ്ചായത്ത് സംഘടിപ്പിച്ചതായി കാണുന്നില്ല. പദ്ധതി ആസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾക്കും സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചുമതലപ്പെട്ട ആസൂത്രണ സമിതി രൂപീകരിച്ചതായും കാണുന്നില്ല.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 06.03.2020 |
| വികസന സെമിനാർ | 06.03.2020 |
| വാർഷിക പദ്ധതി അംഗീകാരം | 13.10.2020 |

ആസൂത്രണം ചെയ്ത പ്രോജക്ട് വിശദാംശങ്ങൾ

| ആസൂത്രണം ചെയ്തതും അംഗീകാരം ലഭിച്ചതുമായ പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| വിഭാഗം | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| ആകെ | 516 | 573 | 1089 | 488 | 256 | 744 |

ആസൂത്രണം ചെയ്തതിൽ 68.32 % പ്രോജക്ടുകളാണ് നടപ്പാക്കിയത്.

വാർഷിക പദ്ധതിയിൽ സർക്കാർ ഗ്രാന്റ് ഉൾപ്പടെ ₹152.99 കോടി വകയിരുത്തിയതിൽ ₹89.99 കോടി-യാണ് ചെലവഴിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | പദ്ധതി അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 46,64,32,622 | 33,81,49,832 | 77.79 |
| വികസന ഫണ്ട് (എസ്.സി.പി.) | 15,53,63,940 | 10,04,60,063 | 64.66 |
| വികസന ഫണ്ട് (ടി.എസ്.പി.) | 5,74,67,267 | 3,63,22,961 | 63.20 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13,35,40,000 | 7,42,55,677 | 55.60 |
| പ്രത്യേക ഗ്രാന്റ് | 15,00,000 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3,23,16,030 | 69,01,575 | 21.35 |

| | | | |
|---|---|---|---|
| തനത് ഫണ്ട് | 6,54,93,908 | 2,46,23,045 | 37.59 |
| ഗ്രാമപഞ്ചായത്തുകൾ | 7,75,25,000 | 2,73,600 | 0.35 |
| ബ്ലോക്ക്പഞ്ചായത്തുകൾ | 1,60,00,000 | 18,69,823 | 11.68 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 34,53,59,088 | 21,86,09,240 | 63.292 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 12,14,66,271 | 7,29,86,107 | 60.08 |
| മറ്റുള്ളവ | 5,75,33,664 | 8,03,289 | 1.39 |
| ആകെ | 1,52,99,97,790 | 89,99,71,365 | 58.82 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|---|
| 1 | സെക്രട്ടറി ജില്ലാപഞ്ചായത്ത് | 30 | 25 | 11,40,41,663 | 7,52,18,801 |
| 2 | പ്രോജക്ട് ഓഫീസർ ഐ.ടി.ഡി.പി. | 3 | 2 | 37,86,000 | 2,56,920 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ കൃഷി | 2 | 2 | 50,00,000 | 45,52,352 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം | 1 | 0 | 5,00,000 | 0 |
| 5 | അസി. എക്സി. എൻജിനീയർ കൃഷി | 1 | 0 | 7,30,000 | 0 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ വിദ്യഭ്യാസം | 2 | 2 | 25,00,000 | 24,99,900 |
| 7 | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ | 2 | 1 | 40,20,000 | 3,40,000 |
| 8 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 3 | 2 | 1,00,20,700 | 54,94,477 |

| | | | | | |
|---|---|---|---|---|---|
| 9 | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസനം | 1 | 1 | 3,71,22,282 | 90,37,498 |
| 10 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 6 | 6 | 3,37,06,995 | 97,05,803 |
| 11 | ജില്ലാ മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 60,000 | 60,000 |
| 12 | എക്സിക്യൂട്ടീവ് എൻജിനീയർ എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. | 1 | 1 | 20,80,404 | 10,26,457 |
| 13 | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ നിർമ്മാർജനം | 8 | 8 | 10,40,93,300 | 10,37,30,000 |
| 14 | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 8 | 7 | 6,32,60,155 | 1,65,36,572 |
| 15 | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 5 | 5 | 47,00,000 | 47,00,000 |
| 16 | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 10,00,000 | 10,00,000 |
| 17 | അസി. എക്സി. എഞ്ചിനീയർ, എക്സി. എഞ്ചിനീയർ | 996 | 680 | 1,14,33,76,291 | 6,65,512,585 |
| | ആകെ | 1089 | 744 | 152,99,97,790 | 89,99,71,365 |

വിവിധ മേഖലകളിൽ ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസൂത്രണം ചെയ്ത/അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | | | | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|
| മേഖല | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| സേവനം | 209 | 282 | 491 | 207 | 99 | 306 |
| ഉൽപാദനം | 52 | 60 | 112 | 51 | 26 | 77 |
| പശ്ചാത്തലം | 255 | 231 | 486 | 230 | 131 | 361 |
| ആകെ | | | 1089 | | | 744 |

സാങ്കേതിക വിഭാഗം വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ അതിലംഘിച്ചും സർക്കാർ മാനദണ്ഡങ്ങൾ അവഗണിച്ചും കെട്ടിട നിർമ്മാണ/മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഏറ്റെടുക്കുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചെലവഴിക്കാനായത് അടങ്കലിന്റെ 49.33 ശതമാനവും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 58.20 ശതമാനവും മാത്രമാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ 996 മരാമത്ത് പ്രോജക്ടുകളിൽ 316

പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ചുകൊണ്ട് പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സ്ഥിരം സമിതികളും ഭരണ സമിതിയും ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ക്ഷീര സഹകരണ സംഘങ്ങൾക്ക് കെട്ടിടങ്ങൾ പണിയുന്നതിനും പകൽ വീടുകൾ നിർമ്മിക്കുന്നതിനും വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് കെട്ടിടം പണിത് നൽകുന്നതിനുമുള്ള പ്രവർത്തികൾക്ക് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അംഗീകാരം നൽകി നിരവധി പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. വലിയൊരു ശതമാനം കെട്ടിട നിർമ്മാണ പ്രവൃത്തികളും പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലുമാണ്. 114.54 കോടി രൂപയാണ് തൻ വർഷം ജില്ലാപഞ്ചായത്ത് പൊതു മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയത്. ഇതിൽ 47.78 കോടിയും ചെലവഴിക്കാനായിട്ടില്ല എന്നത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയായി കാണേണ്ടതാണ്.

തൻവർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 744 പ്രോജക്ടുകളിൽ 680 എണ്ണവും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള മരാമത്ത് പ്രവൃത്തികളാണ് (91.39%). വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിലും നടപ്പിലാക്കുന്നതിലും മഹാഭൂരിപക്ഷം പ്രോജക്ടുകളും ഇത്തരത്തിൽ ഉൾപ്പെട്ടവയാണ്. ആയതിനാൽ തന്നെ സാങ്കേതിക വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമത കൈവരിച്ചാൽ വാർഷിക പദ്ധതി നിർവ്വഹണവും തദനുസൃതമായി മെച്ചപ്പെട്ടതാവും. എന്നാൽ ഇത്തരത്തിൽ നിർവ്വഹിക്കപ്പെടുന്ന ഒട്ടുമിക്ക മരാമത്ത് പ്രവൃത്തികളും ശരിയായ ഒരു പ്രക്രിയയിലൂടെ (Due Process) ഉരുത്തിരിഞ്ഞ് വരുന്നവയല്ലായെന്നും ജനകീയാവശ്യങ്ങൾ ശരിയായി പരിഗണിക്കപ്പെടാതെ കോടികളുടെ പാഴ്ചെലവിന് ഇടയാകുന്നവയാണെന്നും ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിഭാവനം ചെയ്തതിലും വളരെക്കുറഞ്ഞ സാമ്പത്തിക ലക്ഷ്യവും അതിലും കുറഞ്ഞ ഭൗതിക ലക്ഷ്യവും മാത്രം കൈവരിച്ചിരിക്കുന്നു

ആമുഖമായി ചേർത്തിട്ടുള്ള പട്ടിക വ്യക്തമാക്കുന്നതുപോലെ വാർഷിക പദ്ധതിയിലൂടെ ലക്ഷ്യമിട്ടതിലും വളരെ കുറഞ്ഞ സാമ്പത്തിക ലക്ഷ്യവും (Financial Target) അതിലും കുറഞ്ഞ ഭൗതിക നേട്ടവും (Physical Target) മാത്രമാണ് കൈവരിക്കാനായത്. തൻവർഷത്തെ പദ്ധതി ചെലവുകളുമായി കാണിച്ചിട്ടുള്ള തുകയുടെ ഗണ്യമായ ഒരു വിഹിതം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ച ഇനത്തിലും വിവിധ തലങ്ങളിലൂടെ നിർവ്വഹിക്കപ്പെടുന്ന സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടിയുള്ള തുകകളുടെ കൈമാറ്റ ഇനത്തിലും ഉള്ളവയാണ്. ഇപ്രകാരം പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യം തൻവർഷം ആർജ്ജിച്ചിട്ടില്ല. നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെയും മറ്റ് തലങ്ങളിലേക്ക് കൈമാറിയ തുകകളുടെയും കൃത്യമായ വിനിയോഗ വിവരവും ഇതിലൂടെ ആർജ്ജിച്ച ഭൗതിക നേട്ടവും ജില്ലാപഞ്ചായത്ത് തലത്തിൽ വിലയിരുത്തപ്പെടാത്തത് പദ്ധതി നിർവ്വഹണ/മോണിട്ടറിംഗിൽ നിലനിൽക്കുന്ന വലിയ ന്യൂനതയാണ്.

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-7 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട് എങ്കിലും ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയലുകളുടെ തൽസ്ഥിതി പരിശോധിക്കുന്നതിന് ഉപയുക്തമായ സൂചിക സോഫ്റ്റ്‌വെയർ സ്ഥാപിച്ചിട്ടില്ല. പല നിർമ്മാണ പ്രവർത്തനങ്ങളും പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലും ആസൂത്രണത്തിലും ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്റ്റോക്ക് രജിസ്റ്ററുകളും ആസ്തി രജിസ്റ്ററും തൃപ്തികരമായി പരിപാലിക്കുന്നില്ല. സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വർഗ്ഗീകരണം, മൂല്യ നിർണ്ണയം എന്നിവ പൂർത്തിയാക്കി ആസ്തി രജിസ്റ്റർ സമഗ്രമാക്കേണ്ടതാണ്.

വികസന അതോറിറ്റി

ഇടുക്കി വികസന അതോറിറ്റിയുടെ വരവ്-ചെലവുകൾ ജില്ലാപഞ്ചായത്തിന്റെ ധനകാര്യ പത്രികയുടെ ഭാഗമാക്കാതെ സമാന്തരമായി സൂക്ഷിച്ചു വരികയാണ്. അതോറിറ്റി രൂപീകരണ വേളയിലെ സർക്കാർ നിർദ്ദേശം അനുസരിച്ചാണ് ഇപ്രകാരം ചെയ്യാവുന്നത്. വികസന അതോറിറ്റിയുടെ ആസ്തികളും ബാധ്യതകളും പൂർണ്ണമായും ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ആയതിനാൽ വരവ്-ചെലവുകൾ ജില്ലാപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടശേഷം എസ്റ്റിമേറ്റ് ഇനങ്ങളിൽ കാതലായ മാറ്റം വരുത്തുന്ന പ്രവണത വ്യാപകമായി കണ്ട് വരുന്നു. കരാറുകാർക്ക് പ്രവൃത്തിയുടെ ഇനങ്ങൾ

മനസ്സിലാക്കി ടെണ്ടറിൽ പങ്കെടുക്കുവാനുള്ള അവസരം നഷ്ടമാകാൻ ഇത് ഇടയാക്കുന്നുണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ നടക്കാതെ ജില്ലാപഞ്ചായത്തിന് വൻതോതിലുള്ള സാമ്പത്തിക നഷ്ടം സംഭവിക്കാനുള്ള സാദ്ധ്യത ഉണ്ടാകുമെന്നതിനാൽ ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്.

മോണിട്ടറിംഗ് അപാകതകൾ

പല നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെടുകയോ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നടത്തുകയോ ചെയ്തു വരുന്നുണ്ട്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടം ഉണ്ടാകാത്തത് മൂലമാണ് ഇപ്രകാരം ആവശ്യമില്ലാത്ത പദ്ധതികൾ ഏറ്റെടുക്കേണ്ടി വരുന്നതും വൻതുക പാഴ്ചെലവായി മാറുന്നതും. വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2021 മുതൽ 10.08.2021 വരെ | 2019-20 | 09.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.03.2021 മുതൽ 31.03.2021 വരെ | 2019-20 | 22.07.2021 |

1-9 വാർഷിക കണക്കുകളുടെ അപാകതകൾ

ഇടുക്കി ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ 28.07.2021-ലെ 6(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കപ്പെട്ട വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള സംക്ഷിപ്ത ധനകാര്യ റിസൾട്ടുകൾ ചുവടെ ചേർക്കുന്നു.

1. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

| ഇനം | ₹ |
|---|---|
| ആകെ വരുമാനം | 67,87,85,408 |
| ആകെ ചെലവ് | 76,18,43,596 |
| പ്രവർത്തന കമ്മി (Deficit) | 8,30,58,188 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Items) മൂലം കുറവ് ചെയ്തത് | 4,88,656 |
| അറ്റ പ്രവർത്തന കമ്മി | 8,25,69,532 |

2. റെസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| ഇനം | ₹ |
|---|---|
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 1,00,53,88,475 |
| ആകെ ചെലവ് | 93,39,36,029 |
| നീക്കിയിരിപ്പ്(ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ) | 7,14,52,446 |

3. 31.03.2021-ലെ ബാലൻസ് ഷീറ്റ്

| ഇനം | ₹ |
|---|---|
| ആകെ ആസ്തി മൂല്യം | 1,54,93,89,924 |
| ബാധ്യത (ജനറൽ ഫണ്ട് ഒഴികെ) | 1,80,47,31,128 |
| ജനറൽ ഫണ്ട് (പഞ്ചായത്ത് ഫണ്ട്) | (-)25,53,41,204 |

ആസ്തി/ബാധ്യതകളുടെ യഥാർത്ഥ മൂല്യം നിർണ്ണയിക്കാത്തത് മൂലം തുടക്കത്തിൽ നിർണ്ണയിക്കപ്പെട്ട ജനറൽ ഫണ്ടിന് (17599458) വർഷാവർഷങ്ങളിലെ 'Deficit' മൂലം ശോഷണം സംഭവിച്ച് നിലവിൽ ഋണ സംഖ്യയായി മാറിയിരിക്കുന്നു. [(-)25,53,41,204/-)] ജനറൽ ഫണ്ട് (പഞ്ചായത്ത് ഫണ്ട്) ഒരിക്കലും ഋണസംഖ്യയാവാൻ പാടില്ലാത്തതാണ്. തന്മൂലം നിലവിൽ സാംഖ്യയിലൂടെ ജനറേറ്റ് ചെയ്യപ്പെടുന്ന വാർഷിക ധനകാര്യ പത്രികകൾ അടിസ്ഥാനപരമായി തന്നെ പിഴവ് നിലനിൽക്കുന്നവയാണ്.

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.AIMS-ൽ സമർപ്പിച്ചിട്ടുള്ള വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും ഓഡിറ്റ് സമയത്ത് സമർപ്പിച്ച ധനകാര്യ പത്രികയിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മാർച്ച് മാസത്തെ കണക്കുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്താതെയാണ് എയിംസിൽ സമർപ്പിച്ചിരുന്നത്. ആയതിനാലാണ് തുകകളിൽ വ്യത്യാസം വന്നത്. എയിംസിലൂടെ അപ്‌ലോഡ് ചെയ്യപ്പെട്ട കണക്കുകളിലെ പിഴവ് യഥാസമയം കണ്ടെത്തി ഓഡിറ്റിന്റെ അനുമതിയോടെ Revert ചെയ്യാത്തത് മൂലം അപൂർണ്ണമായ കണക്കുകൾ Public Domain-ൽ അവശേഷിക്കുന്നു.

2. നിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഋണ ബാധ്യത കണക്കുകളുടെ കൃത്യതയ്ക്ക് ഭംഗം സംഭവിച്ചു.

3. നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിക്കുന്ന തുകകൾ പ്രാഥമികമായി മുൻകൂർ എന്ന ഗണത്തിൽ ഉൾപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് യഥാർത്ഥ ചെലവായി ആസ്തി കണക്കുകളിലേക്ക് ജേണൽ വൗച്ചർ നൽകി മാറ്റുകയുമാണ് ചെയ്യേണ്ടത്. മാർച്ച് 31-നകം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവ ബാലൻസ് ഷീറ്റിലെ ബി-18

പത്രികയിൽ നില നിർത്തുകയും വേണം. എന്നാൽ തൻ വർഷം ജല അതോറിറ്റിയിലും വൈദ്യുതി ബോർഡിലും നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെങ്കിലും യഥാർത്ഥ ചെലവായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്

4. അതാത് വർഷങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ മാത്രമാണ് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നത്. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വർഗ്ഗീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ആസ്തി കണക്കുകൾ സമഗ്രമാക്കിയിട്ടില്ല.

5. ഇടുക്കി വികസന അതോറിറ്റിയുടെ ആസ്തികളും ജീവനക്കാരും 2007-ൽ ജില്ലാപഞ്ചായത്തിന് കൈമാറി ലഭിച്ചതാണ്. എന്നാൽ ഇതിന്റെ നാളിതുവരെയുള്ള വരവ്-ചെലവുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കാതെ സമാന്തരമായാണ് സൂക്ഷിച്ചിട്ടുള്ളത്.

6. RMSA ഫണ്ടിലുള്ള നീക്കിയിരിപ്പ് B4 പത്രിക പ്രകാരം ₹2,30,64,026/-ആണ്. RP-40b പത്രിക പ്രകാരം ബാങ്ക് നീക്കിയിരിപ്പിൽ ഒരു അക്കൗണ്ടിലുള്ള ₹10,62,791/- മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-യിൽ 7 അക്കൗണ്ടുകളിലായി ഫ്ലക്സി ഡെപ്പോസിറ്റ് ആയി നിക്ഷേപിച്ചിരിക്കുന്ന ₹2,20,01,235/-യുടെ വിവരങ്ങൾ R-40b പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകത പരിഹരിക്കേണ്ടതാണ്.

1-10 പിഴ ഈടാക്കാതെ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി - വരവിനത്തിൽ വൻ നഷ്ടം

മരാമത്ത് പ്രവൃത്തികളുടെ 7-ാം കരാർ വ്യവസ്ഥയിലും കേരളാ പൊതുമരാമത്ത് മാന്വലിലെ (2012) ഭാഗം-II സെക്ഷൻ 2112.1-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള പിഴ കരാറുകാരിൽ നിന്നും ഈടാക്കാതെ പല പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയത് മൂലം വൻതുക പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം പൂർത്തീകരണ കാലയളവിന്റെ 20% കാലയളവ് മാത്രമാണ്പിഴ ഈടാക്കാതെ ദീർഘിപ്പിച്ച് നൽകാവുന്നത്. തുടർന്നുള്ള മൂന്ന് മാസം വരെയുള്ള കാലയളവിന് കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീടുള്ള ഓരോ 3 മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടികൊടുക്കാൻ സാധിക്കൂ. കരാർ വ്യവസ്ഥ അനുസരിച്ച് പിഴ ഈടാക്കിയിട്ടില്ലാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പള്ളിവാസൽ ഗ്രാമപഞ്ചായത്ത് - വാർഡ് 8 - വനിത തൊഴിൽ പരിശീലന കേന്ദ്രം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 823/20-21 |
| അടങ്കൽ | ₹30,00,000/-<br>വികസന ഫണ്ട് - പൊതു വിഭാഗം |
| കരാറുകാരൻ | മൂസ ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് |
| കരാർ തുക | ₹25,00,062/- |
| കരാർ നമ്പർ | 376/T/AEE/LSGD/IDK/2017-18/08.03.2019 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601421119/29.03.2021, ₹22,25,864/-<br>13601666874/31.03.2020, ₹2,35,264/- |
| അളവ് ബുക്ക് നം. | 1029/2017-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് | പൂർത്തീകരിക്കേണ്ട | പിഴ ഇല്ലാതെ | പിഴ | ഈടാക്കേണ്ട | ഈടാക്കിയ | നഷ്ടം |
|---|---|---|---|---|---|---|

| കൈമാറിയ തീയതി/ കരാർ തുക | തീയതി/കാലയളവ് | പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട തീയതി- നിരക്ക് | പിഴ ₹ | പിഴ ₹ | ₹ |
|---|---|---|---|---|---|---|
| 08/08/19 ₹2500062 | 07/01/20 5മാസം | 07/2/20/ 07/05/21 | 07/02/20 - 1% | 25,001 | - | 25,001 |
| | | | 07/05/20 - 2% | 50,002 | - | 50,002 |
| | | | 07/8/20 - 2% | 50,002 | - | 50,002 |
| | | | 07/11/20 - 2% | 50,002 | - | 50,002 |
| | | | 07/02/21 - 2% | 50,002 | 24,860 | 25,142 |
| | | | ആകെ നഷ്ടം | | | ₹2,00,149 |

2) ബൈസൻവാലി ഗ്രാമപഞ്ചായത്ത് കോമാളിക്കുടി സത്രം

| | |
|---|---|
| പ്രോജക്ട് നമ്പർ | 395/2021 |
| അടങ്കൽ | ₹35,00,000/-<br>വികസന ഫണ്ട് – പൊതു വിഭാഗം |
| കരാറുകാരൻ | ബോബി ജോൺ |
| കരാർ തുക | ₹29,56,713/- |
| കരാർ നമ്പർ | 48/T/AEE/LSGD/IDK/2019-20/30.12.2019 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600121483/തീ.30.04.2020, ₹4,70,814/- |
| അളവ് ബുക്ക് നം. | 4336, 283, 569/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/ നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 30/12/19 ₹2956713/- | 29/06/20 6 മാസം | 05.8.2020/ 01/06/2021 | 05.8.2020 – 1% | 29,567 | - | 29,657 |
| | | | 05.11.2020 – 2% | 59,134 | - | 59,134 |

| | | | | |
|---|---|---|---|---|
| | 05.2.2021 – 2% | 59,134 | - | 59,134 |
| | 05.5.2021 – 2% | 59,134 | - | 59,134 |
| | ആകെ | | | ₹2,07,059 |

3) ജി.എച്ച്.എസ്. മുനിയറ വനിതാ കൗൺസലിംഗ് ഹാൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 396/21 |
| അടങ്കൽ | ₹20,00,000/-<br>വികസനഫണ്ട് – ജനറൽ |
| കൺവീനർ | ഭാരതി പി. |
| കരാർ തുക | ₹20,00,000/- |
| കരാർ നമ്പർ | 27/BC/AEE/LSGD/IDK/2019-20/Dt. 04/12/2019 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601431552/29.03.2021, ₹16,01,832/- |
| അളവ് ബുക്ക് നം. | 2142/2018-19, 522/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി- നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 04/12/19<br>₹2000000/- | 03/03/20<br>3 മാസം | 21/03/20<br>11/01/21 | 21/03/20 - 1% | 20,000 | - | 20,000 |
| | | | 21/06/20 - 2% | 40,000 | - | 40,000 |
| | | | 21/09/20 - 2% | 40,000 | - | 40,000 |
| | | | 21/12/20 - 2% | 40,000 | 19,659 | 20,341 |

| | | | | |
|---|---|---|---|---|
| | | | | |
| | ആകെ | | | 1,20,341 |

4) പാമ്പാടുംപാറ പഞ്ചായത്ത് - കല്ലാർ സ്കൂൾ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 556/21 |
| അടങ്കൽ | ₹20,00,000/-<br>വികസനഫണ്ട് – ജനറൽ |
| കോൺട്രാക്ടർ | ശ്രീ. ബി. ശശിധരൻ നായർ |
| കരാർ തുക | ₹16,25,618/- |
| കരാർ നമ്പർ | 43/T/AEE/LSGD/IDK/2019-20/തീ. 23.12.2019 |
| അളവ് ബുക്ക് നം. | 2354/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 23/12/19<br>₹1625618/- | 22/06/20<br>6 മാസം | 28/07/20<br>30/12/2020 | 28/07/20 - 1% | 16,256 | - | 16,256 |
| | | | 28/10/20 - 2% | 32,512 | - | 32,512 |
| | | | ആകെ | | | 48,768 |

5) കരിങ്കുന്നം- കുട്ടുങ്കൽ പാട്ടപ്പതി റോഡ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 403/21 |
| അടങ്കൽ | ₹25,00,000/-<br>വികസനഫണ്ട് ജനറൽ |
| കോൺട്രാക്ടർ | ജോബി ജോർജ് |

| | |
|---|---|
| കരാർ തുക | ₹22,31,694/- |
| കരാർ നമ്പർ | 108/T/AEE/LSGD/IDK/2019-20/തീ.16.01.2020 |
| ബിൽ റഫറൻസ് നം./തീയതി/തുക | 136011442908/തീ. 30/03/2021, ₹17,90,448/-<br>13600559052/തീ. 26/10/2021, ₹6,97,890/- |
| അളവ് ബുക്ക് നം. | 190/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 16/01/20<br>₹2231694/- | 15/07/20<br>6 മാസം | 21.8.2020<br>09.04.2021 | 21.8.2020 - 1% | 22,317 | - | 22,317 |
| | | | 21.11.2020 - 2% | 44,634 | - | 44,634 |
| | | | 21.01.2021 – 2% | 44,634 | 44,566 | 68 |
| | | | ആകെ | | | 67,019 |

6) ഏലപ്പാറ വി.എച്ച്.എസ്.എസ്. ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 669/21 |
| അടങ്കൽ | ₹10,00,000/-<br>മെയിന്റനൻസ് ഫണ്ട് - റോഡിതരം |
| കൺവീനർ | കെ. ഇല്ല്യാസ് |
| കരാർ തുക | ₹10,00,000/- |
| കരാർ നമ്പർ | 56/EE/LSGD/IDK/2017-18/09.02.2018 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601525376/27.03.2021, ₹4,52,733/- |

| | |
|---|---|
| അളവ് ബുക്ക് നം. | 506/2017-18, 797/2017-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 09/02/18<br>₹1000000/- | 08/08/18<br>6 മാസം | 14/09/18<br>08/07/19 | 14/09/18 - 1% | 10,000 | - | 10,000 |
| | | | 14/12/18 - 2% | 20,000 | - | 20,000 |
| | | | 14/03/19 - 2% | 20,000 | - | 20000 |
| | | | 14/06/19 - 2% | 20,000 | - | 20,000 |
| | | | ആകെ | | | 70,000 |

7) ഉടുമ്പന്നൂർ – പെരിങ്ങാശ്ശേരി ഗവ. എച്ച്.എസ്. ഓഡിറ്റോറിയം - റൂഫിംഗ്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 935/21 |
| അടങ്കൽ | ₹23,20,000/-<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| കൺവീനർ | ബിനോ കെ. സി. |
| കരാർ തുക | ₹23,20,000/- |
| കരാർ നമ്പർ | 78/BC/AEE/LSGD/IDK/2018-19/തീ. 21.12.2018 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601442884/30.03.2021, ₹4,97,272/-<br>13601668928/31.03.2020, ₹9,35,260/- |
| അളവ് ബുക്ക് നം. | 242/2018-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ | പൂർത്തീകരിക്കേണ്ട | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ | പിഴ ഈടാക്കേണ്ട | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | നഷ്ടം ₹ |
|---|---|---|---|---|---|---|

| തീയതി/ കരാർ തുക | തീയതി/ കാലയളവ് | പൂർത്തീകരിച്ച തീയതി | തീയതി/നിരക്ക് | ₹ | ₹ | |
|---|---|---|---|---|---|---|
| 21/12/18 ₹2320000/- | 20/04/19 4 മാസം | 14/05/19 02/03/21 | 14/05/19 - 1% | 23,200 | - | 23,200 |
| സൈറ്റ് കൈമാറിയതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ കരാർ തീയതി തന്നെ സൈറ്റ് കൈമാറിയതായി കണക്കാക്കി നഷ്ടം നിജപ്പെടുത്തിയിരിക്കുന്നു | | | 14/8/19 - 2% | 46,400 | - | 46,400 |
| | | | 14/11/19 - 2% | 46,400 | - | 46,400 |
| | | | 14/2/20 - 2% | 46,400 | - | 46,400 |
| | | | 14/5/20 - 2% | 46,400 | - | 46,400 |
| | | | 14/08/20 - 2% | 46,400 | | 46,400 |
| | | | 14/11/20 - 2% | 46,400 | - | 46,400 |
| | | | 14/2/21 - 2% | 46,400 | - | 46,400 |
| | | | ആകെ | | | 3,48,000 |

8) മണക്കാട്- അരിക്കുഴ ജി.എച്ച്.എസ്. ചുറ്റുമതിൽ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നമ്പർ | 683/21 |
| അടങ്കൽ | ₹10,00,000/-<br>മെയിന്റനൻസ് ഫണ്ട് – റോഡിതരം |
| കൺവീനർ | സണ്ണി ജോർജ് |
| കരാർ തുക | ₹10,00,000/- |
| കരാർ നമ്പർ | 26/BC/AEE/LSGD/IDK/2018/തീ. 23.11.2018 |
| ബിൽ റഫറൻസ് നം./തീയതി/തുക | 136011391679/16.03.2019, ₹3,82,370/-<br>13600054765/12.04.2020, ₹98,124/-<br>13600114201/28.04.2020, ₹2,25,662/-<br>13600676196/31.10.2020, ₹1,10,317/- |
| അളവ് ബുക്ക് നം. | 230/2017-18, 2184/2018-19, 212/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ | പൂർത്തീകരിക്കേണ്ട | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ | പിഴ ഈടാക്കേണ്ട തീയതി-നിരക്ക് | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | നഷ്ടം ₹ |
|---|---|---|---|---|---|---|

| തീയതി/<br>കരാർ തുക | തീയതി/<br>കാലയളവ് | പൂർത്തീകരിച്ച തീയതി | | ₹ | ₹ | |
|---|---|---|---|---|---|---|
| 22/12/18<br>₹1000000/- | 21/06/18<br>6 മാസം | 27/07/18<br>26/04/20 | 27/07/18 - 1% | 10,000 | - | 10,000 |
| | | | 27/10/18 - 2% | 20,000 | - | 20,000 |
| | | | 27/01/19 - 2% | 20,000 | - | 20,000 |
| | | | 27/04/19 - 2% | 20,000 | - | 20,000 |
| | | | 27/07/19 - 2% | 20,000 | - | 20,000 |
| | | | 27/10/19 - 2% | 20,000 | - | 20,000 |
| | | | 27/01/20 - 2% | 20,000 | - | 20,000 |
| | | | 27/04/20 - 2% | 20,000 | 8,640 | 11,360 |
| | | | ആകെ | | | 1,41,360 |

9) <u>നെല്ലിപ്പാറ അങ്കണവാടി</u>

| | |
|---|---|
| പ്രോജക്റ്റ് നം. | 1144/20-21 |
| അടങ്കൽ | ₹20,00,000/-<br>വികസന ഫണ്ട് – പൊതുവിഭാഗം |
| കൺവീനർ | ജമീല ബീവി |
| കരാർ തുക | ₹2,00,000/- |
| കരാർ നമ്പർ | 37/BC/EE/LSGD/IDK/2018-19/തീ. 04.12.2018 |
| ബിൽ റഫറൻസ് നം./തിയതി/തുക | 13600612127/തീ. 13.10.2020, ₹7,01,887/- |
| അളവ് ബുക്ക് നം. | 96/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി- നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 04.12.2018<br>₹200000/- | 03.06.2019<br>6 മാസം | 07/07/19<br>20.08.2020 | 07/07/19 – 1% | 20,000 | | 20,000 |

| | | | | | | |
|---|---|---|---|---|---|---|
| | | | 07/10/19 – 2% | 40,000 | 21,708 | 40,000 |
| | | | 07/01/20 – 2% | 40,000 | | 40,000 |
| | | | 07/04/20 - 2% | 40,000 | | 40,000 |
| | | | 07/07/20 – 2% | 40,000 | | 18,292 |
| | | | | ആകെ നഷ്ടം | | ₹1,58,292 |

10) <u>ഉപ്പുതറ-പശുപ്പാറ ആഴംകവല നമ്പർ 8 ഇറിഗേഷൻ</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 781/21 |
| അടങ്കൽ | ₹10,00,000/-<br>വികസനഫണ്ട് - ജനറൽ |
| കോൺട്രാക്ടർ | ശ്രീ. കെ. എ. ചെറിയാൻ |
| കരാർ തുക | ₹9,59,939/- |
| കരാർ നമ്പർ | 385/T/AEE/LSGD/IDK/2018-19/തീ. 30/03/2019 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600077250/തീ. 18.04.2020, ₹9,59,939/- |
| അളവ് ബുക്ക് നം. | 377/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 30/03/19<br>₹959939/- | 29/7/19<br>4 മാസം | 22/08/19<br>26/03/20 | 22/08/19 – 1% | 9599 | - | 9599 |
| | | | 22/11/19 – 2% | 19,198 | - | 19,198 |
| | | | 22/02/20 – 2% | 19,198 | - | 19,198 |
| | | | | | ആകെ | 47,995 |

11) <u>കരുണാപുരം ഗ്രാമപഞ്ചായത്ത്-ചക്കക്കാനം എസ്.സി കോളനി വനിത കാർഷിക വിപണന കേന്ദ്രം</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 726/21 |
| അടങ്കൽ | ₹20,00,000/- |
| കോൺട്രാക്ടർ | ശ്രീ. പി. സി. ഫ്രാൻസിസ് |
| കരാർ തുക | ₹19,97,543/- |
| കരാർ നമ്പർ | 499/T/EE/LSGD/IDK/2017-18, DT. 31/03/2018 |
| ബിൽ റഫറൻസ് നം./തിയതി/തുക | 13600556073/തീ. 06.09.2019, ₹2,78,187/-<br>13600077508/തീ. 18.04.2020, ₹13,82,150/<br>13601442735/തീ. 30.03.2021, ₹2,39,453/- |
| അളവ് ബുക്ക് നം. | 378/2017-18, 2380/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 21/12/2018 | 20/06/19<br>6 മാസം | 26/07/19<br>04/01/21 | 26/07/19 – 1% | 19,975 | - | 19,975 |
| | | | 26/10/19 – 2% | 39,950 | - | 39,950 |
| | | | 26/01/20 – 2% | 39,950 | - | 39,950 |
| | | | 26/04/20 – 2% | 39,950 | - | 39,950 |
| | | | 26/07/20 – 2% | 39,950 | - | 39,950 |
| | | | 26/10/20 – 2% | 39,950 | 19,548 | 20,402 |

| | | | |
|---|---|---|---|
| | | ആകെ | 2,00,177 |

12) മുപ്പതേക്കർ-അംഗൻവാടി റിനോവേഷൻ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 685/20-21 |
| അടങ്കൽ | ₹20,00,000/-<br>(വികസന ഫണ്ട് -എസ്.സി.പി) |
| കൺവീനർ | ശ്രീമതി ഉഷാകുമാരി പി. കെ. |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600755715, Dt. 29.10.2019<br>₹6,75,077/- |
| | 13600021830/തീ. 11.04.2020<br>₹4,12,076/- |
| | 136011288279/തീ. 18.03.2021<br>₹2,06,746/- |
| ആകെ | ₹12,93,899/- |
| എം. ബുക്ക് നമ്പർ | 2348/2019-20, 2342/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാർ നം. | 35/BC/AEE/LSGD/IDK/2018-19, DT. 04.12.2018 |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീ കരിക്കേണ്ട തീയതി /കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരി ക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി- നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 04.12.18<br>₹20,00000/- | 03.06.2019<br>6 മാസം | 09.07.2019<br>24.09.2020 | 09.07.2019 – 1% | 20,000 | - | 20,000 |
| | | | 09.10.2019 – 2% | 40,000 | - | 40,000 |
| | | | 09.01.2020 – 2% | 40,000 | - | 40,000 |
| | | | 09.04.2020 – | 40,000 | - | 40,000 |

| | | | | |
|---|---|---|---|---|
| | 2% | | | |
| | 09.07.2020 –<br>2% | 40,000 | 13839 | 26161 |
| | | | ആകെ | 1,66,161 |

13. ഏലപ്പാറ പി. എച്ച്. എസ്. എസ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 1451/20-21 |
| അടങ്കൽ | ₹23,10,000/- |
| കൺവീനർ | ശ്രീ. കെ. എ. ചെറിയാൻ |
| കരാർ നമ്പർ | 383/T/AEE/LSGD/IDK/2017-18, Dt. 22.02.2018 |
| ചെലവഴിച്ച തുക | ₹20,66,069/- |
| ചെക്ക്നം./തീയതി/തുക | 10002253/30.01.2019, ₹11,11,274/- |
| | 10002257/30.01.2019, ₹10,313/- |
| | 10002256/30.01.2019, ₹10,313/- |
| | 10002255/30.01.2019, ₹11,550/- |
| ബിൽ നം./തുക | 501/തീ. 22/10/2021 – ₹9,22,619/- |
| എം. ബുക്ക് നമ്പർ | 548/18, 195/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീ കരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 22/02/2018<br>2143382 | 21/05/2018<br>3 മാസം | 08/06/18<br>25/06/19 | 08/06/18 – 1% | 21,433 | - | 21,433 |
| | | | 08/09/18 – 2% | 42,866 | - | 42,866 |

| | | | | |
|---|---|---|---|---|
| | 08/12/18 – 2% | 42,866 | - | 42,866 |
| | 08/03/19 – 2% | 42,866 | - | 42,866 |
| | 08/06/19 – 2% | 42,866 | - | 42,866 |
| | | | ആകെ | 1,92,897 |

14. തോക്കുപാറ-തെക്കേക്കര ഭാഗം കനാൽ നിർമ്മാണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 742/21 |
| അടങ്കൽ | ₹15,00,000/- (വികസനഫണ്ട് – ജനറൽ) |
| കൺവീനർ | ശ്രീ. എം. യു. മത്തായി |
| കരാർ തുക | ₹15,00,000/- |
| കരാർ നമ്പർ | 52/BC/AEE/2018-19, Dt. 17/12/2018 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600078990/തീ.18.04.2020, ₹67,887/- |
| | 485/തീ. 06.10.2020, ₹2,06,910/- |
| | 13600768445/തീ. 09.12.2021, ₹1,85,321/- |
| അളവ് ബുക്ക് നം. | 243/2019-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 17/12/18<br>1500000 | 16/06/19<br>6 മാസം | 22/07/19<br>04/06/21 | 22/07/19 – 1% | 15,000 | - | 15,000 |
| | | | 22/10/19-2% | | - | 30,000 |
| | | | 22/01/20-2% | | - | 30,000 |
| | | | 22/04/20-2% | | - | 30,000 |
| | | | 22/07/20-2% | | - | 30,000 |
| | | | 22/10/20 –2% | | - | 30,000 |

| | | | | |
|---|---|---|---|---|
| | 22/01/21 – 2% | | - | 30,000 |
| | 22/04/21 | | - | 30,000 |
| | ആകെ | | | 2,25,000 |

15. കുമാരമംഗലം വൃദ്ധമന്ദിരം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1261/17, 421/19, 1159/20, 790/21 |
| അടങ്കൽ | ₹30,00,000/-<br>വികസന ഫണ്ട് - ജനറൽ |
| കരാറുകാരൻ | ശ്രീ. അബ്ദുൾഷമീർ |
| കരാർ നമ്പർ | 67/5/EE/LSGD/IDK/2017-18, Dt.12.05.2017 |
| അളവ് ബുക്ക് നമ്പർ | 183/17-18, 2153/2018-19 |
| നിർവ്വഹണം | എക്സിക്യൂട്ടീവ് എൻജിനീയർ |
| ബിൽ റഫറൻസ് നം./തീയതി/തുക | ബിൽ നം. 22/2018-19, ₹9,19,596/- |
| | 78119/18.04.2020, ₹10,26,457/- |
| ആകെ | ₹19,46,053/- |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/ നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 12.11.2017/<br>₹2490322/- | 11.4.2018/<br>5മാസം | 11.5.2018/<br>22.7.2019 | 11.05.2018 – 1% | 24,903 | 19,657 | 2,04,470 |
| | | | 11.08.2018 - 2% | 49,806 | | |
| | | | 11.11.2018 - 2% | 49,806 | | |
| | | | 11.02.2019 - 2% | 49,806 | | |
| | | | 11.05.2019 - 2% | 49,806 | | |
| | | | ആകെ | 2,24,127 | | |

16. മഞ്ഞപ്പാറ പകൽവീട്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1494/19, 1091/20 |
| അടങ്കൽ | ₹14,40,000/-<br>വികസന ഫണ്ട് (ജനറൽ) |
| കരാറുകാരൻ | സാബു തോമസ് |
| കരാർ നമ്പർ | 375/T/AEE/LSGD/2018-19, Dt. 08.03.2019 |
| ബിൽ റഫറൻസ് നം./തീയതി/തുക | 1657381/30.03.2020<br>(ക്യൂ ബിൽ-45/21.4.2020)<br>₹4,55,665/-<br>1027204/27.01.2021<br>₹8,67,719/- |
| ആകെ | ₹13,23,384/- |
| അളവ് ബുക്ക് നമ്പർ | 2460/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |

| സൈറ്റ് കൈമാറിയ തീയതി/ കരാർ തുക | പൂർത്തീകരിക്കേണ്ട തീയതി/ കാലയളവ് | പിഴ ഇല്ലാതെ പൂർത്തീകരിക്കാവുന്ന തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി- നിരക്ക് | ഈടാക്കേണ്ട പിഴ ₹ | ഈടാക്കിയ പിഴ ₹ | നഷ്ടം ₹ |
|---|---|---|---|---|---|---|
| 15.07.2019<br>₹1337176/- | 14.11.2019<br>4 മാസം | 08.12.2019<br>07.01.2020 | 08.12.2019 – 1% | 13,372 | ഇല്ല | 13,372 |

പ്രസ്തുത പ്രവൃത്തികളുടെ അന്തിമ ബിൽ നൽകിയപ്പോൾ നിയമാനുസൃത പിഴ കുറവ് ചെയ്തിട്ടില്ല. തന്മൂലം ₹24,11,060/- നഷ്ടം സംഭവിച്ചിട്ടുണ്ട്. വരവിനത്തിൽ ജില്ലാപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ₹24,11,060/- അന്തിമ ബിൽ നൽകിയ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 60/23.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-11(1) സ്വകാര്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകി - അപാകതകൾ - (3-1)

2020-21 വർഷത്തിൽ ജില്ലാപഞ്ചായത്തിന്റെ വികസന ഫണ്ടുപയോഗിച്ചുള്ള കെട്ടിടനിർമ്മാണങ്ങൾ പലതും ഏറ്റെടുത്തിട്ടുള്ളത് ജില്ലാപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയോ നിയമാനുസൃതമുള്ള അക്വിസിഷൻ മൂലമോ പൊതുനിർമ്മിതിക്ക് വേണ്ടിയുള്ള നിരുപാധിക കൈയൊഴിയൽ വഴിയോ നിരാക്ഷേപമായി ആർജ്ജിക്കാൻ കഴിഞ്ഞതും ആധികാരികമായ റവന്യൂ രേഖകൾ/സർട്ടിഫിക്കറ്റുകൾ അടിസ്ഥാനമാക്കി ജില്ലാപഞ്ചായത്തിന്റെയൊ ബന്ധപ്പെട്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെയൊ

ഭൂആസ്തിയിൽ ചേർത്തിട്ടുള്ളതുമായ സ്ഥലങ്ങളിലല്ല. മിക്കയിടത്തും സ്വകാര്യ സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും വ്യക്തികൾക്കും കൈവശം വെച്ച് ഉപയോഗിക്കാനാവും വിധം കെട്ടിടം നിർമ്മിച്ച് നൽകിയിരിക്കുന്നതായി ഉത്തരവാദിത്വപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ ഭൗതീക പരിശോധനയിലും ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിലും വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പെരുംതൊട്ടി പകൽവീട്</u>

| | |
|---|---|
| പ്രോജക്റ്റ് നം. | 380/20, 385/21 |
| അടങ്കൽ | ₹38,00,000/-<br>വികസനഫണ്ട് - പൊതു വിഭാഗം |
| കരാറുകാരൻ | ശ്രീ. പി. സി. മാത്യു |
| എം. ബുക്ക് നമ്പർ | 233/19-20, 64/20-21, 62/20-21 |
| ബിൽ നം. | 1654735/തീ. 30/03/2020<br>(ക്യു-ബിൽ- 41/21.04.2020), ₹4,87,500/- |
| | 1009750/തീ. 21/09/2020, ₹31,25,528/- |




₹38,00,000/- അടങ്കലുള്ള ഈ പദ്ധതിയിൽ 2019-20-ൽ ₹5,00,000/-യും 2020-21-ൽ ₹33,00,000/-യും വകയിരുത്തിയിരുന്നു. തൻ വർഷം പദ്ധതിക്കായി ₹36,13,028/- ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ പെരുംതൊട്ടിയിലുള്ള സ്നേഹഭവൻ എന്ന സ്വകാര്യ സ്ഥാപനം സൗജന്യമായി ജില്ലാപഞ്ചായത്തിന് നൽകുന്ന സ്ഥലത്താണ് പകൽ വീട് നിർമ്മിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ വിട്ടുകിട്ടിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>പകൽ വീടിനുള്ള നിർമ്മാണമല്ല നടത്തുന്നത്</u>

വയോജനങ്ങൾക്ക് പകൽ സമയങ്ങളിൽ ഒത്തുചേരുന്നതിന് വിശാലമായ ഹാൾ നിർമ്മിക്കേണ്ടതിന് പകരം ഒരാൾക്ക് ഉപയോഗിക്കാൻ മാത്രം വലുപ്പമുള്ള ബാത്ത് അറ്റാച്ച്ഡ് മുറികൾ, ഡ്രസ്സിംഗ് റൂം ഉൾപ്പെടെ നിർമ്മിച്ചിരിക്കുന്നതിൽ നിന്നും പ്രസ്തുത കെട്ടിടം പകൽ വീടിനുള്ള നിർമ്മാണമല്ല നടത്തുന്നതെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു. സ്വകാര്യ വ്യക്തിക്ക് സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ സഹായകമായി എന്നത് മാത്രമാണ് നിലവിലുള്ള നിർമ്മാണം കൊണ്ട് സാധിച്ചിട്ടുള്ളത്.

ആസ്തി അന്യാധീനപ്പെടുന്നു

പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് യാതൊരു കൂടിയാലോചനകളും കരാറും ഇല്ലാത്ത സാഹചര്യത്തിൽ കെട്ടിടം ഇപ്പോൾ സ്വകാര്യ വ്യക്തി കൈവശപ്പെടുത്തി സ്വന്തം നിലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ജില്ലാപഞ്ചായത്ത് പണി കഴിപ്പിച്ച കെട്ടിടം അന്യാധീനപ്പെട്ട അവസ്ഥയിലാണ്.

സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചിരിക്കുന്നു

കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടുകയോ, ആയത് ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ചേർത്ത് കരം അടച്ചതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. സ്വകാര്യ വ്യക്തിയുടെ ആരാധനാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണം നടത്തുന്നതിനാണ് മേൽ ബില്ല് പ്രകാരം തുക അനുവദിച്ചിരിക്കുന്നത്.

ജില്ലാപഞ്ചായത്ത് ഭരണ സമിതി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ വേണ്ടത്ര അവധാനതയോടെ പദ്ധതികൾ ഏറ്റെടുക്കാത്തത് മൂലമാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കാതെ പൊതുമുതൽ കൈകാര്യം ചെയ്യുന്നത് കൊണ്ടാണ് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്. ഇത്തരം പദ്ധതികൾ തുടർന്ന് ഏറ്റെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നിലവിൽ പണിയുന്ന കെട്ടിടം ജില്ലാപഞ്ചായത്ത് ഏറ്റെടുക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/28.12.2021-ന് മറുപടി ലഭിച്ചിട്ടില്ല. പദ്ധതിയുടെ തുടർ നടത്തിപ്പ് ജില്ലാപഞ്ചായത്തിന് അസാദ്ധ്യമായതിനാലും സ്വകാര്യ വ്യക്തി സ്വന്തം നിലയിൽ പണികൾ പൂർത്തീകരിച്ച് സ്വകാര്യ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നുവെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനാലും ഈ പദ്ധതിക്കായി ചെലവാക്കിയ ₹36,13,028/- നഷ്ടമായി കണക്കാക്കുന്നു. പ്രസ്തുത തുക പദ്ധതി തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥൻ, പദ്ധതിക്ക് അംഗീകാരം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഭരണ സമിതി അംഗങ്ങൾ, പദ്ധതി നിർവ്വഹണം നടത്തിയ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-11(2) ചെങ്കുളം വൃദ്ധസദനം

| | |
|---|---|
| പ്രോജക്റ്റ് നം. | 433/21 |
| അടങ്കൽ | ₹20,00,000/-<br>വികസന ഫണ്ട് – ജനറൽ |
| കരാറുകാരൻ | ശ്രീ. സുരേഷ് ജോസഫ് |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600430174/തീ. 17/08/2020, ₹14,23,737/- |

| | |
|---|---|
| എം. ബുക്ക് നമ്പർ | 404/18-19, 17/20-21 |

ചെങ്കുളം മേഴ്സി ഹോം എന്ന സ്ഥാപനത്തിന്റെ കോമ്പൗണ്ടിലാണ് ജില്ലാപഞ്ചായത്ത് വൃദ്ധസദനം നിർമ്മിച്ചിരിക്കുന്നത്. സ്ഥലം വിട്ടുനൽകി, ജില്ലാപഞ്ചായത്തിന്റെ ആസ്തിയാക്കിയ ശേഷമാണ് അതിൽ കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്ന് സ്ഥാപിക്കുന്നതിനായി സെക്രട്ടറിയുടെ പേരിൽ ₹200/- മുദ്രപേപ്പറിൽ ചെങ്കുളം മേഴ്സി ഹോമിന്റെ പ്രസിഡന്റ് ശ്രീ. ജോസഫ് എം. എം., സെക്രട്ടറി മാത്യു മാനുവൽ എന്നിവർ ചേർന്ന് ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് സർവ്വേ നമ്പർ 435/91-എ.1 സ്ഥലത്ത് നിന്നും 30 മീ. സ്ഥലം വഴിയ്ക്ക് വേണ്ടി മാത്രം എഴുതി നൽകിയിരിക്കുന്ന കരാർ ഉടമ്പടിയുടെ പിൻബലത്താലാണ് വൃദ്ധ സദനം നിർമ്മിച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തിയായ കെട്ടിടം മേഴ്സി ഹോം ഉടമയുടെ പേരിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിലെ അന്തേവാസികളെ പാർപ്പിക്കുന്നതിന് വേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. ഒരു ധർമ്മ സ്ഥാപനം നടത്തിക്കൊണ്ടുപോകുവാനുള്ള പിന്തുണാസംവിധാനം ജില്ലാപഞ്ചായത്തിന് ഇല്ലാതിരിക്കെ, സ്വകാര്യ സ്ഥാപനത്തിന്റെ സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തിയത് ക്രമപ്രകാരമല്ല. ഈ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമല്ല. ഭാവിയിൽ യാതൊരു തരത്തിലും ഈ കെട്ടിടം ജില്ലാപഞ്ചായത്തിന് ഉപയോഗപ്പെടുത്തുവാൻ സാധിക്കില്ല. ഫലത്തിൽ സ്വകാര്യ സ്ഥാപനത്തിന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി വഴി വിട്ടുകൊടുത്തുകൊണ്ടുള്ള കരാർ ചമയ്ക്കൽ എന്ന താൽക്കാലിക ക്രമീകരണം മാത്രമാണ് നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് 25.02.2019-ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.10-ന്) മറുപടി ലഭ്യമാക്കിയില്ല. ജില്ലാപഞ്ചായത്തിന് യാതൊരു ഉപയോഗവുമില്ലാത്ത കെട്ടിടം നിർമ്മിച്ച് സ്വകാര്യ സ്ഥാപനത്തിന് നൽകിയത് പൊതു പണത്തിന്റെ ദുരുപയോഗമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കെട്ടിടം പണിയുന്നതിനുള്ള പദ്ധതി മാത്രമാണ് ജില്ലാപഞ്ചായത്ത് ഏറ്റെടുക്കാൻ പാടുള്ളൂ. പൊതുപണവും എഞ്ചിനീയറിംഗ് വിഭാഗമുൾപ്പെടെയുള്ള ജീവനക്കാരുടെ സേവനവും വിനിയോഗിച്ച് സ്വകാര്യ വ്യക്തികൾക്കോ സംഘങ്ങൾക്കോ കെട്ടിടം നിർമ്മിച്ചുകൊടുക്കുന്നത് പഞ്ചായത്ത്‌രാജ് ആക്ട്, പദ്ധതി മാർഗ്ഗരേഖ എന്നിവയ്ക്ക് വിരുദ്ധമായതിനാൽ ചെലവാക്കിയ ₹14,23,737/- ഓഡിറ്റിൽ നിരാകരിക്കുന്നു. 2017-18 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച പരാമർശങ്ങളുണ്ടായിരുന്നുവെങ്കിലും തുടർച്ചയായിട്ടുള്ള ആവർത്തന രീതിയിലുള്ള ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നഷ്ട തുക പദ്ധതിക്ക് അംഗീകാരം നൽകിയ ഭരണ സമിതി അംഗങ്ങൾ, പദ്ധതി തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-11(3) പടമുഖം പകൽവീട്

| | |
|---|---|
| പ്രോജക്റ്റ് നം. | 384/21 |
| അടങ്കൽ | ₹36,00,000/- |
| കരാറുകാരൻ | ശ്രീ. അനീഷ് സെബാസ്റ്റ്യൻ |
| എം. ബുക്ക് നമ്പർ | 75/20-21 |
| ബിൽ റഫറൻസ് നം. | 13600561660/തീ. 28/09/2020, ₹21,86,299/- |

| | |
|---|---|
| | 136009066697/തീ. 07/09/2021, ₹13,72,280/- |




[ ₹78,89,922/- ചെലവഴിച്ച് നിർമ്മിച്ച പകൽ വീട് ]

2017-18-ൽ ഭരണസമിതിയുടെ 26/03/2018-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി നിർമ്മാണം ആരംഭിച്ച വാത്തിക്കുടി പഞ്ചായത്തിലെ മുരിക്കാശ്ശേരി പകൽവീട് എന്ന പദ്ധതിയുടെ താഴത്തെ നിലയിൽ കോളം, ബീം, റൂഫ് എന്നീ പണികളാണ് പടമുഖം പകൽവീട് എന്ന പേരിൽ ഈ പ്രവൃത്തിയിലൂടെ നടത്തുവാൻ ലക്ഷ്യമിട്ടത്. ഈ പദ്ധതിയുടെ അപാകതകൾ 2019-20 ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ, മതിപ്പ് ചെലവ് എന്നിവ സംബന്ധിച്ച രേഖകൾ തയ്യാറാക്കണമെന്നും പ്ലമ്പിംഗ്, വയറിംഗ് ഉൾപ്പെടെ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി വേണം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്നും 2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാന്വലിന്റെ സെക്ഷൻ 2301.1, 2301.2 എന്നിവയിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ ഒന്നും പരിഗണിക്കാതെ വിവിധ വർഷങ്ങളിൽ വ്യത്യസ്തങ്ങളായ രീതിയിൽ വ്യത്യസ്ത എസ്റ്റിമേറ്റുകളാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്റ്റ് നം. 384/21 പ്രകാരമുള്ള പടമുഖം പകൽവീട് എന്ന പദ്ധതിയിൽ നിർമ്മിക്കുന്നത് 374.13 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടമാണ്.

ജില്ലാപഞ്ചായത്തിന് തുടർ നടത്തിപ്പ് സാധ്യമാകാത്ത ഒരു പദ്ധതിയ്ക്കായി ലക്ഷങ്ങൾ പാഴാക്കിയ അവസ്ഥയാണ് നിലവിലുള്ളത്. പകൽവീട് എന്ന ആശയത്തിൽ നിന്ന് വിഭിന്നമായ നിർമ്മാണ രീതിയാണ് ഇതിൽ അവലംബിച്ചിരിക്കുന്നത്. വൃദ്ധജനങ്ങൾക്ക് ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക എന്ന പകൽവീടിന്റെ ലക്ഷ്യം സാധൂകരിക്കുന്ന രീതിയിലല്ല കെട്ടിടത്തിന്റെ നിർമ്മാണം. മുൻ വർഷം ഉൾപ്പെടെ രണ്ട് പദ്ധതികളിലായി ₹78,89,922/- ചെലവഴിച്ച പദ്ധതി നിലവിൽ ആർക്കും പ്രയോജനമില്ലാത്ത അവസ്ഥയിലാണ്. ഫൗണ്ടേഷൻ, കോളം, ബീം, റൂഫ് എന്നിവ മാത്രം നിർമ്മിച്ച പദ്ധതി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. പദ്ധതിയ്ക്കായി തയ്യാറാക്കിയ സ്ട്രക്ചറൽ ഡിസൈൻ പ്രകാരം നിർമ്മാണം പൂർത്തീകരിക്കണമെങ്കിൽ കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ടി വരും. പദ്ധതിയ്ക്കായി തയ്യാറാക്കിയ പ്രോജക്റ്റിൽ പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് യാതൊരു പരാമർശവുമില്ല.

പ്രോജക്റ്റ് പ്രകാരം 120 ച. മീറ്റർ മാത്രം പ്ലിന്ത് ഏരിയയുള്ള കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ പ്രവർത്തിക്കായി തയ്യാറാക്കിയ സ്ട്രക്ചറൽ ഡിസൈനിൽ നിന്ന് 12821 ച. അടി വലിപ്പമുള്ള കെട്ടിടമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാണ്. ഇതിനായി മാത്രം തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് ₹75,000/- 2017-18 വർഷം നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ അസ്തിവാരം നിർമ്മിക്കാനായി 2019-20-ൽ ₹43,31,343/- ചെലവഴിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്കോ, ജില്ലാപഞ്ചായത്ത് അധികാരികൾക്കോ സ്വതന്ത്രമായി പ്രവേശിക്കുവാൻ സാധ്യമാകാത്ത മറ്റൊരു സ്വകാര്യ സ്ഥാപനത്തിന്റെ മതിൽക്കെട്ടിന്റെ ഉള്ളിലാണ് ജില്ലാപഞ്ചായത്തിന് സാങ്കേതികമായി മാത്രം വിട്ടുകിട്ടിയ ഈ സ്ഥലം. കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം മാത്രമാണ് ജില്ലാപഞ്ചായത്തിന് വിട്ടുനൽകപ്പെട്ടിട്ടുള്ളത്. കെട്ടിടത്തിലേക്ക് പ്രവേശിക്കാനുള്ള വഴിയോ, വഴിക്കുള്ള അവകാശമോ നൽകിയിട്ടില്ല. ഭാവിയിൽ സ്വകാര്യ വ്യക്തികൾക്ക് സ്ഥാപനം നടത്തിക്കൊണ്ടുപോകുവാൻ സഹായകരമാകുന്ന തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്.

ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ./തീയതി. 29.03.2017 ഖണ്ഡിക 5.9, 5.10 എന്നിവ പ്രകാരം ഓരോ പദ്ധതിയും ഭരണ സമിതിയിൽ വിശദമായി ചർച്ച ചെയ്തതിന് ശേഷം മാത്രമാണ് അംഗീകരിക്കുന്നത്. മാത്രമല്ല സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻ വർഷ റിപ്പോർട്ടുകളിലും ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരാമർശം നടത്തിയിരുന്നു. ഇവയെല്ലാം അവഗണിച്ചുകൊണ്ട് ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത് നിർബാധം തുടരുന്നു. ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതും പദ്ധതി നിർവ്വഹണത്തിന് അനുയോജ്യമല്ലാത്തതുമായ സ്ഥലം പദ്ധതിക്കായി തെരഞ്ഞെടുത്തത് മൂലം വൻ തുക സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചിരിക്കുന്നു. യാതൊരുവിധ പഠനവും നടത്താതെ പൂർണ്ണമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെയും ജില്ലാകളക്ടറുടെ അനുയോജ്യ സാക്ഷ്യപത്രം ഇല്ലാതെയും സ്വകാര്യ സ്ഥാപനത്തിന് മാത്രം പ്രയോജനപ്പെടുന്ന രീതിയിൽ കെട്ടിട നിർമ്മാണം നടത്തുന്നത് പൊതുപണത്തിന്റെ ദുരുപയോഗമാണ്. ഈ പദ്ധതി നടത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്ത ഭരണ സമിതിയുടെ 26.03.2018-ലെ കമ്മിറ്റിയിൽ പങ്കെടുത്ത മെമ്പർമാർക്കും സെക്രട്ടറിക്കും സർക്കാർ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുന്നതിൽ ഗുരുതരമായ പിഴവ് സംഭവിച്ചിരിക്കുന്നു.

പകൽവീട് എന്ന ആശയത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ കെട്ടിട നിർമ്മാണത്തിന് മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നിവ ഉൾപ്പെടെയുള്ള ഇനങ്ങളോടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലത്ത് ഇക്കാര്യം ചൂണ്ടിക്കാട്ടാതെ കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുകയും ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സി. എഞ്ചിനീയർക്കും വീഴ്ച സംഭവിച്ചിരിക്കുന്നു. വൃദ്ധമന്ദിരം പോലെയുള്ള സ്ഥാപനങ്ങൾ നടത്താൻ മാത്രമെ നിലവിൽ ഈ കെട്ടിടം പ്രയോജനപ്പെടുകയുള്ളൂ. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നുമില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 23/28.09.2020, 28/14/12/21 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ₹78,89,922/- ചെലവഴിച്ചിട്ടും ഈ കെട്ടിടം കൊണ്ട് യാതൊരു പ്രയോജനവും നിലവിലില്ല. ആയതിനാൽ ഈ കെട്ടിടം നിർമ്മാണത്തിന്റ ആകെ ചെലവായ ₹78,89,922/-ൽ ചെലവിൽ 2020-21-ലെ ₹35,58,579/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. പദ്ധതിക്ക് അംഗീകാരം നൽകിയ ഭരണ സമിതി അംഗങ്ങൾ, എക്സിക്യൂട്ടിവ് എഞ്ചിനീയർ, പദ്ധതി നിർവ്വഹണം നടത്തിയ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും ₹35,58,579/- തുല്യമായി ഈടാക്കേണ്ടതാണ്.

1-11(4) രാജാക്കാട് വൃദ്ധസദനം

| | |
|---|---|
| പ്രോജക്ട് നം. | 857/21 |
| അടങ്കൽ | ₹10,00,000/- ( വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | സെക്രട്ടറി, ഹൈറേഞ്ച് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി |

| | |
|---|---|
| ചെലവഴിച്ച തുക | ₹9,83,947/- |
| ബിൽ റഫറൻസ് നം./തീയതി/തുക | 1) 1658507/dt. 30/03/2020, ₹5,21,231/-<br>2) 1432383/dt. 29/03/2021, ₹4,62,716/- |
| എം. ബുക്ക് നം. | 404/17-18 |

രാജക്കാട് ഗ്രാമപഞ്ചായത്തിലെ കള്ളിമാലിയിൽ ശ്രീമതി ടീസാ തങ്കച്ചന്റെ ഉടമസ്ഥതയിലുള്ള ഡിവൈൻ പ്രോവിഡൻസ് എന്ന സ്ഥാപനത്തോട് ചേർന്ന് വൃദ്ധസദനം എന്ന പേരിൽ ഒരു കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയതിന്റെ രേഖകൾ ഓഡിറ്റിന് നൽകിയിട്ടില്ല. നേരിട്ടുള്ള പരിശോധനയിൽ സ്വകാര്യ വ്യക്തി ഈ കെട്ടിടത്തിൽ സ്വന്തം നിലയിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതായി ബോധ്യപ്പെട്ടു. അളവ് ബുക്കിൽ രേഖപ്പെടുത്താത്ത ടൈൽ ഇടൽ, പ്ലമ്പിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ കെട്ടിടത്തിൽ കാണുവാൻ സാധിച്ചു. ആയതിൽ നിന്നും ഇവ സ്ഥലം ഉടമസ്ഥ സ്വന്തമായി ചെയ്തതാണെന്നും സ്ഥലത്തിന്റെ ഉടമസ്ഥവകാശം സ്വകാര്യ വ്യക്തിയിലാണെന്നും വ്യക്തമാകുന്നതാണ്. വൃദ്ധസദനം സ്വന്തം നിലയിൽ നടത്തിക്കൊണ്ട് പോകുന്നതിനുള്ള യാതൊരു നടപടികളും കൂടിയാലോചനകളും ജില്ലാപഞ്ചായത്ത് നടത്തിയതിന്റെ രേഖകൾ ലഭ്യമല്ല. ഇതിൽ നിന്നും സ്വകാര്യ വ്യക്തിക്ക് കെട്ടിടം നിർമ്മിച്ച് നൽകുക എന്നത് മാത്രമായിരുന്ന പദ്ധതിയുടെ ലക്ഷ്യമെന്ന് വ്യക്തമാണ്. സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് സർക്കാർ പണം വിനിയോഗിച്ചത് വഴി ₹9,83,947/- ജില്ലാപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12-ന് വിശദീകരണം ലഭ്യമായില്ല. ഈ സാഹചര്യത്തിൽ ₹9,83,947/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. നഷ്ട തുക പദ്ധതിക്ക് അംഗീകാരം നൽകിയ ഭരണ സമിതി അംഗങ്ങൾ, എക്സി. എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-11(5) കുമാരമംഗലം വൃദ്ധമന്ദിരം

| | |
|---|---|
| പ്രോജക്ട് നമ്പർ | 1261/17, 421/19, 1159/20, 790/21 |
| അടങ്കൽ | ₹30,00,000/- വികസന ഫണ്ട് - ജനറൽ |
| കരാറുകാരൻ | ശ്രീ. അബ്ദുൾഷമീർ |
| ബിൽ നമ്പർ | 22/2018-19/തീ.06.04.2019. ₹9,19,596/- |
| ബിൽ റഫറൻസ് നമ്പർ | 12300078119/തീ.18.04.2020<br>₹10,26,457/- |
| ആകെ | ₹19,46,053/- |
| നിർവഹണം | എക്സിക്യൂട്ടീവ് എൻജിനീയർ. |
| അളവു ബുക്ക് നമ്പർ | 183/17-18, 2153/18-19 |



കുമാരമംഗലം ഗ്രാമപഞ്ചായത്തിലെ മൈലക്കൊമ്പിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ദിവ്യരക്ഷാലയം എന്ന വൃദ്ധമന്ദിരത്തിന്റെ പരിസരത്ത് പകൽവീട് നിർമ്മിക്കുന്നതിനാണ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് വിഭാവനം ചെയ്തത്. ദിവ്യരക്ഷാലയം വൃദ്ധമന്ദിരം എന്ന സ്ഥാപനം നടത്തി വരുന്ന ദിവ്യരക്ഷാലയം ട്രസ്റ്റിന് വേണ്ടി ടോമി മാത്യു എന്ന വ്യക്തി 4.86 ആർ സ്ഥലം ദാനാധാരമായി ജില്ലാപഞ്ചായത്ത് കൈമാറിയിട്ടുണ്ട്. ഈ സ്ഥാപനത്തോട് ചേർന്ന സ്ഥലത്താണ് ജില്ലാപഞ്ചായത്ത് കെട്ടിടം നിർമ്മിക്കുന്നത്. ദിവ്യരക്ഷാലയം വൃദ്ധമന്ദിരത്തിലെ അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിനായി പകൽവീട് നിർമ്മിക്കുന്നതിനാണ് സ്ഥലം വിട്ടുനൽകുന്നതെന്ന് ആധാരത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുപണം ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് ഇപ്രകാരമുള്ള പ്രോജക്ട് നിർദ്ദേശം ഉചിതമായ പ്രക്രിയയിലൂടെ ജനകീയ സഭയിലൂടെ ഉയർന്ന് വരേണ്ടതായിട്ടുണ്ട്. 2016-17-ൽ ആരംഭിച്ച പദ്ധതിക്കായി ഇരുപത് ലക്ഷത്തോളം രൂപ ചെലവഴിച്ചെങ്കിലും റൂഫ് വരെ മാത്രമാണ് നിർമ്മിച്ചിരിക്കുന്നത്. വൈദ്യുതീകരണം, പ്ലമ്പിംഗ്, ടോയ്ലറ്റ് ഉടങ്ങിയ ഇനങ്ങളൊന്നും ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത്. 14.02.2018-ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയും 2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാനവലിന്റെ സെക്ഷൻ 2302.1, 2301.2 എന്നിവയും അനുസരിച്ച് പ്ലമ്പിംഗ്, വയറിംഗ് ഉൾപ്പെടെ പൂർണ്ണമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഈയിനങ്ങൾ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത് പദ്ധതി രൂപീകരണത്തിലെ വീഴ്ചയാണ്. പകൽവീട് എന്ന പേരിൽ ലൈബ്രറിക്ക് കെട്ടിടം നിർമ്മിച്ചിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. 2021-22 വർഷം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. പ്രോജക്ടിന്റെ യുക്തി, ക്ഷമത, പ്രായോഗികത, വിജയസാധ്യത എന്നിവയെല്ലാം പരിശോധിക്കുവാൻ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ബാധ്യസ്ഥമാണെങ്കിലും പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും യാതൊരുവിധ മോണിറ്ററിംഗും നടന്നതായി കാണുന്നില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിൽ ₹19,46,053/-യുടെ ചെലവ് നിരാകരിക്കുന്നു. നഷ്ട തുക പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ, ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-12(1) പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല

2020-21 വർഷത്തിൽ താഴെ പറയുന്ന പദ്ധതികൾക്ക് ജില്ലാപഞ്ചായത്ത് വിഹിതമായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും

പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഉപ്പുകുന്ന് പകൽവീട്

| | |
|---|---|
| പ്രോജക്റ്റ് നം. | 1270/18-19, 190/19-20, 794/20-21 |
| അടങ്കൽ | ₹15,00,000/-<br>വികസന ഫണ്ട് – പൊതുവിഭാഗം |
| കരാറുകാരൻ | ഇബ്രാഹിം കെ. എ. |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600612606/തീ.13.10.2020, ₹6,28,386/-<br>13601434195/തീ.29.03.2021, ₹8,00,567/- |
| അളവ് ബുക്ക് നം. | 2445/2018-19, 165/2019-20 |

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ ഉപ്പുകുന്നിൽ പകൽവീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. തൻ വർഷം ₹14,28,953/- പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തന ചുമതല ആർക്കും നൽകിയിട്ടുമില്ല. കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുനൽകിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. 2005-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(3) (1)(എ) അനുസരിച്ച് ജില്ലാപഞ്ചായത്ത് നിർദ്ദിഷ്ട ആവശ്യത്തിന് ഏറ്റെടുക്കുന്ന വസ്തുവിന്റെ അനുയോജ്യതാ സാക്ഷ്യപത്രം ജില്ലാ കളക്ടറിൽനിന്ന് വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമൊരു നടപടി സ്വീകരിച്ചിട്ടില്ല. പകൽ വീട് പോലെയുള്ള സംരംഭങ്ങൾ തുടങ്ങും മുമ്പ് അതിന്റെ ആവശ്യകത സംബന്ധിച്ചും ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ചും വ്യക്തമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിലുള്ള പഠന റിപ്പോർട്ട് ഇല്ലാതെയാണ് പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തിയിരിക്കുന്നത്. അപാകതകളുടെ അടിസ്ഥാനത്തിൽ ₹14,28,953/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-12(2) മഞ്ഞപ്പാറ പകൽവീട്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1494/19, 1091/20 |
| അടങ്കൽ | ₹14,40,000/- (വികസന ഫണ്ട് - ജനറൽ) |
| കരാറുകാരൻ | സാബു തോമസ് |
| കരാർ നമ്പർ | 375/T/AEE/LSGD/2018-19, Dt. 08.03.2019 |
| അളവ് ബുക്ക് നം. | 2460/19 |
| ബിൽ റഫറൻസ് നം. | 1657381/30.03.2020, ₹4,55,665/- |
| (ക്യൂ ബിൽ-45/21.04.2021) | 1027204/27.01.2021, ₹8,67,719/- |

| | |
|---|---|
| ആകെ | ₹13,23,384/- |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |



നെടുകണ്ടം ഗ്രാമപഞ്ചായത്തിലെ മഞ്ഞപ്പാറയിൽ പ്രവർത്തിച്ച് വന്നിരുന്ന ഫ്രണ്ട്സ് പബ്ലിക് ലൈബ്രറിയുടെ കെട്ടിടം പൊളിച്ചുമാറ്റിയ സ്ഥലത്താണ് രണ്ട് നിലകളിലായി പകൽവീട് എന്ന പേരിൽ കെട്ടിടം നിർമ്മിച്ച് വരുന്നത്. ലൈബ്രറിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം ജില്ലാപഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല. 2018-19-ൽ ആരംഭിച്ച പദ്ധതിക്കായി പതിനാല് ലക്ഷത്തോളം രൂപ ചെലവഴിച്ചെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല. കതക്, ജനൽ, ഫ്ലോറിംഗ്, വൈദ്യുതീകരണം, പ്ലമ്പിംഗ്, ടോയ്ലറ്റ് തുടങ്ങിയ ഇനങ്ങളൊന്നും ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത്. 2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാനുവലിന്റെ സെക്ഷൻ 2302.1, 2301.2 എന്നിവ അനുസരിച്ച് പ്ലമ്പിംഗ്, വയറിംഗ് ഉൾപ്പെടെ പൂർണ്ണമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഈയിനങ്ങൾ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത് പദ്ധതി രൂപീകരണത്തിലെ വീഴ്ചയാണ്. ലൈബ്രറിയോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന പകൽവീട് ആരുടെ ചുമതലയിൽ നടത്തുമെന്നോ വൈകുന്നേരങ്ങളിൽ മാത്രം പ്രവർത്തിച്ചുവരുന്ന ലൈബ്രറിയുടെ ചുമതലയിൽ പകൽവീട് എങ്ങനെ നടത്തുമെന്നോ വ്യക്തമല്ല. വയോജനങ്ങൾക്ക് വേണ്ടി നിർബന്ധമായി നീക്കിവെയ്ക്കേണ്ട ഫണ്ട് ഉപയോഗിച്ച് പകൽവീട് എന്ന പേരിൽ ലൈബ്രറിക്ക് കെട്ടിടം നിർമിച്ചിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. 2021-22 വർഷം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. പ്രോജക്ടിന്റെ യുക്തി, ക്ഷമത, പ്രായോഗികത, വിജയസാധ്യത എന്നിവയെല്ലാം പരിശോധിക്കുവാൻ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ബാധ്യസ്ഥമാണെങ്കിലും പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും യാതൊരുവിധ മോണിറ്ററിംഗും നടന്നതായി കാണുന്നില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിൽ ₹13,23,384/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12(3) പടിക്കപ്പ് പകൽവീട് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നമ്പർ | 389/20, 388/21 |
| അടങ്കൽ | ₹25,00,000/- വികസനഫണ്ട് - പൊതുവിഭാഗം |

| | |
|---|---|
| കരാറുകാരൻ | ശ്രീ. ഏലിയാസ് കെ. വി. |
| ബിൽ റഫറൻസ് നം. | 670545/തീ. 28.10.2020, ₹12,98,714/- |
| | 403172/തീ. 27.03.2021, ₹11,79,200/- |
| അളവ് ബുക്ക് നം. | 713/19-20 |




അടിമാലി ഗ്രാമപഞ്ചായത്തിലെ പടിക്കപ്പ് ഭാഗത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പകൽവീടിനായി കെട്ടിടം നിർമിച്ചതിന് ₹25,00,000/- അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നു. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ല. രണ്ട് നിലകളായുള്ള കെട്ടിടത്തിന്റെ മുകൾ നിലയിലാണ് പകൽവീടിനായുള്ള നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നത്. താഴത്തെ നില അടിത്തറയും തൂണുകളും നിർമ്മിച്ച് ഭിത്തി നിർമ്മിക്കാതെ ഉപയോഗരഹിതമായിനിൽക്കേ മുകൾ നിലയിൽ പകൽവീട് നിർമ്മിച്ചതിന്റെ കാരണം വ്യക്തമല്ല. 29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് കെട്ടിട നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ വൈദ്യുതീകരണം, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി വേണം തയ്യാറാക്കേണ്ടത് എന്ന നിർദ്ദേശം പാലിക്കാതെ വൈദ്യുതീകരണവും പ്ലമ്പിംഗും ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമായി രൂപകൽപ്പന ചെയ്യണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഭിന്നശേഷി സൗഹൃദമല്ല എന്ന് മാത്രമല്ല പകൽവീടിന്റെ ഗുണഭോക്താക്കളായ വയോജനങ്ങൾക്ക് അനായാസമായി കയറി ചെല്ലുവാൻ സാധിക്കാത്ത രീതിയിൽ മുകൾ നിലയിലാണ് പകൽവീടിനായുള്ള നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നത്. 2021-22 വർഷം പദ്ധതി പൂർത്തീകരണത്തിനാവശ്യമായ പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. പ്രോജക്ടിന്റെ യുക്തി, ക്ഷമത, പ്രായോഗികത, വിജയസാധ്യത എന്നിവയെല്ലാം പരിശോധിക്കുവാൻ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ബാധ്യസ്ഥമാണെങ്കിലും പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും യാതൊരുവിധ മോണിറ്ററിംഗും നടന്നതായി കാണുന്നില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിക്കപ്പെട്ട സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുക പാഴ്ചെലവായി മാറിയിരിക്കുന്നു. ₹24,77,914/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12(4) താഴത്തുനീലിവയൽ പകൽവീട്

| | |
|---|---|
| പ്രോജക്ട് നമ്പർ | 400/2020, 394/2021 |

| | |
|---|---|
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | ശ്രീ. ഷാജി ജോസഫ് |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600908877/07.01.2021, ₹9,01,283/- |
| എം. ബുക്ക് നമ്പർ | 71/20-21 |

കാമാക്ഷി ഗ്രാമപഞ്ചായത്തിലെ താഴത്തുനീലിവയൽ പകൽവീട് പൂർത്തീകരണം എന്ന പ്രവർത്തിയ്ക്കായി ₹10,00,000/- വകയിരുത്തി താഴത്തെ നിലയിൽ ബ്രിക്ക് പണികൾ, ടൈൽ വിരിക്കൽ, ജനൽ, കതക്, ഒന്നാം നിലയിൽ ബ്രിക്ക് പണികൾ, മേൽക്കൂര, സ്റ്റെയർ എന്നി ഇനങ്ങളാണ് ചെയ്തിരിക്കുന്നത്. പദ്ധതിയ്ക്കായി തൻവർഷം ₹9,01,283/- ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

കെട്ടിടം നിർമ്മിച്ചിരിക്കുന്നത് പഞ്ചായത്ത് വക സ്ഥലമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അവകാശപ്പെട്ടുവെങ്കിലും ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടില്ല. സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ/തീയതി. 29.01.2018 നിർദ്ദേശം പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ അനുബന്ധ സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടത് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ പ്രായോഗികത, വിജയ സാദ്ധ്യത എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് ഉറപ്പ് വരുത്തുകയോ, മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. 13-ാം പഞ്ചവൽസര പദ്ധതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നവ മാത്രമേ ബഹുവർഷ പ്രോജക്ടായി ആവിഷ്കരിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

പകൽവീട് ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിന്റെ നടത്തിപ്പ് സംവിധാനം, ആവർത്തന ചെലവുകൾ എങ്ങനെ കണ്ടെത്തണം തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് കൂടി സമർപ്പിച്ച് പദ്ധതിക്ക് അംഗീകാരം വാങ്ങേണ്ടതാണ്. ഒന്നാം നിലയുടെ പണികൾ പൂർത്തീകരിക്കുകയോ 2021-22 വർഷം പൂർത്തീകരണത്തിനായി പ്രോജക്ട് ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ കെട്ടിടം ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. നിലവിൽ കെട്ടിടം മാലിന്യം ശേഖരിക്കുന്നതിനായാണ് ഉപയോഗിച്ചുവരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/17.01.2022-ന് മറുപടി ലഭ്യമായില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹9,01,283/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-12(5) വെള്ളപാനി-തകടിയേൽ വയോജനകേന്ദ്രം

| | |
|---|---|
| പ്രോജക്ട് നം./പേര് | 550/21<br>വെള്ളപാനി-തകടിയേൽ വയോജനകേന്ദ്രം |
| അടങ്കൽ | ₹20,00,000/- വികസനഫണ്ട് – ജനറൽ |
| കോൺട്രാക്ടർ | ശ്രീ. ബിജു ജോസഫ് |
| കരാർ നമ്പർ | 167/T/AEE/LSGD/IDK/2020/dt. 23/01/2020 |

| | |
|---|---|
| ബിൽ റഫറൻസ് നം./തീയതി/തുക | 13601375150/dt. 26/03/2021, ₹12,90,732/- |
| എം. ബുക്ക് നമ്പർ | 157/19-20 |

കടയത്തൂർ ഗ്രാമപഞ്ചായത്തിൽ വെള്ളപാനി-തകടിയേൽ വയോജന കേന്ദ്രം പണിയുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഇരുപത് ലക്ഷം അടങ്കൽ തുകയിൽ ആവിഷ്കരിച്ച പദ്ധതിയിൽ ചെലവഴിച്ചത് ₹12,90,732/- മാത്രമാണ് (പാർട്ട് ബിൽ). വയോജന കേന്ദ്രം സ്ഥാപിച്ചിരിക്കുന്ന സ്ഥലം ആരുടെതെന്ന് വ്യക്തമല്ല. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ല. വയോജന കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതലകൾ സംബന്ധിച്ച് വ്യക്തതയില്ല. ഉടർ വർഷങ്ങളിൽ (2021-22) പണികൾ നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ കെട്ടിടത്തിനായി ചെലവഴിച്ച ₹12,90,732/- പാഴ്ചെലവായി മാറിയിരിക്കുന്നു. പദ്ധതി ആസൂത്രണത്തിലും മേൽനോട്ടത്തിലുമുള്ള പിഴവായാണ് വിലയിരുത്തുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 46/10.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

1-13 എല്ലപ്പെട്ടി ജി.എച്ച്.എസ്. മെയിന്റനൻസ് - ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് അധികം തുക നല്കി - (3-2)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 757/21 |
| അടങ്കൽ | ₹58,00,000/- (ആർ.എം.എസ്.എ. ഫണ്ട്) |
| കരാറുകാരൻ | ശ്രീ. ബേസിൽ ജോയി |
| ആകെ ചെലവ് | ₹52,74,786/- |
| എം. ബുക്ക് നമ്പർ | 18/17-18 |
| പി.എ.സി. | ₹57,94,288/- |
| കരാർ നം. | 10/AEE/T/LSGD/M4/2019-20, Dt. 13.11.2019 |
| ക്വോട്ട് ചെയ്ത തുക | ₹53,30,507/- (8% കുറവ്) |

ചെലവ് വിവരം

| ചെക്ക് നമ്പർ/തീയതി | തുക ₹ |
|---|---|
| 10003636/17.06.2020 | 1783124 |
| 10003638/17.06.2020 | 18574 |
| 10003640/17.08.2020 | 2005455 |
| 10003641/17.08.2020 | 20890 |

| | |
|---|---|
| 10003642/17.08.2020 | 20890 |
| 10003643/17.08.2020 | 41780 |
| 10003662/28.04.2021 | 1328709 |
| 10003663/28.04.2021 | 13841 |
| 0003664/28.04.2021 | 13841 |
| 10003665/28.04.2021 | 27682 |
| ആകെ | 5274786 |

എല്ലപ്പെട്ടി ജി.എച്ച്.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ ഈ പ്രോജക്ടിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 8% കുറഞ്ഞ നിരക്കിലാണ് കരാറുകാരൻ ടെണ്ടർ നൽകിയത്. ദേവികുളം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ദേവികുളം സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ കത്തുകൾ പരിഗണിച്ച് 09/03/2020-ൽ നടന്ന ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ 1/5 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തുവാൻ അനുമതി നൽകി. ഇതിനെ തുടർന്ന് ആദ്യ എസ്റ്റിമേറ്റിൽ 31 ഇനങ്ങൾ കൂട്ടി ചേർത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ അധിക ഇനത്തിന് (Extra Item) സർക്കാർ ഉത്തരവ് പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്ത 8% കുറവുള്ള തുക മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ. താഴെ പറയുന്ന 16 ഇനങ്ങൾക്ക് 8% ടെണ്ടർ കുറവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് മൂലം കരാറുകാരന് അധിക തുക നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| അധിക ഇനം നമ്പർ | പ്രവൃത്തിയുടെ കോഡ് നം. DSR-2016 | അളവ് | എസ്റ്റിമേറ്റ് നിരക്ക്/ നൽകിയ തുക (₹) | അനുവദിക്കാവുന്ന നിരക്ക്/ നൽകാവുന്ന തുക (₹) | അധികം നൽകിയ തുക (₹) | എം. ബുക്ക് പേജ് നമ്പർ |
|---|---|---|---|---|---|---|
| 1 | 5.9.16-Centering And Shuttering | 125.14 M | 190.49/m 23837.92 | 175.25/m 21930.89 | 1907.03 | 46 |
| 3 | 50.9.1.1-Providing Wood Work In Frames Of Doors, Windows | 0.31 M3 | 104027.8/m3 32248.61 | Od ലഭ്യമല്ല | 32248.61 തടസ്സം | 47 |
| 4 | Glazed Shutter Door | 8 M2 | 3001.12/M2 24008.96 | Od ലഭ്യമല്ല | 24008.96 തടസ്സം | 49 |
| 6 | 17.7.4 Providing And Fixing Wash Basin | 1 No. | 2382.88/E 2382.88 | 2192.28/E 2192.28 | 190.60 | 52 |
| 7 | 17.2.1 Water Closet-Euorepean | 1 No | 5329.06/e 5329.06 | 4902.73/E 4902.74 | 426.32 | 53 |
| 10 | 50.18.9.19.2 PVC Pipe 110 Mm | 12 M | 584.36/m 7012.32 | 537.61/m 6451.34 | 560.98 | 57 |

| | | | | | | |
|---|---|---|---|---|---|---|
| 11 | 18.16.1<br>Brass Stop Cock | 2 No | 405.45/E<br>810.90 | 373.01/E<br>746.02 | 64.88 | 57 |
| 14 | 18.48<br>Poly Ethylene Water Storage Tank | 1 No<br>1000 Lit | 11.25/l<br>11250 | 10.35<br>10350 | 900.00 | 60 |
| 16 | 11.40<br>Ceramic Glazed Floor Tile | 3.67 M2 | 1404.56/m2<br>5154.74 | 1292.19/m2<br>4742.37 | 412.37 | 63 |
| 17 | 13.43.1<br>Water Thinnable Cement Primer | 1548.58 M2 | 57.59/m2<br>89182.72 | 52.98/m2<br>82048.11 | 7134.61 | 63 |
| 18 | 13.60.1. Acrylic Emulsion Paint | 1548.58 M2 | 131.64m2<br>203855.07 | 121.10/m2<br>187546.67 | 16308.40 | 64 |
| 19 | 13.61.1. Synthetic Enamel Paint | 27.30 M2 | 122.20/m2<br>3336.06 | 112.42/m2<br>3069.18 | 266.88 | 65 |
| 21 | 21.1.2<br>Shutters Of Doors And Windows | 52.746 Kg | 693.56/kg<br>36582.52 | 638.07/kg<br>33655.92 | 2926.60 | 68 |
| 22 | 21.3.2<br>Aluminium Door | 34.35 M2 | 1564.98/m2<br>53786.03 | 1439.78/m2<br>49483.15 | 4302.88 | 69 |
| 23 | 2.6.1<br>Earth Work Excavation | 288.20 M3 | 196.33/m3<br>56582.31 | 180.62/m3<br>52055.73 | 4526.58 | 71 |
| 24 | 4.1.6<br>Cement Concrete | 83.43 M3 | 7504.92/m3<br>626135.47 | 6904.52/m3<br>576044.64 | 50090.83 | 72 |
| | ആകെ | | | | 90598.73 | |

അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 07.12.2021-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക ഇനങ്ങൾക്ക് ടെണ്ടർ കുറവ് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്ക് നൽകിയത് മൂലം കൂടുതലായി അനുവദിച്ച ₹90,599/-യുടെ ചെലവ് നിരാകരിക്കുന്നു. ഇനം 3, 4 എന്നിവയുടെ ഒബ്സർവ്ഡ് ഡേറ്റാ ലഭ്യമല്ലാത്തതിനാൽ ₹56,258/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അധികം നൽകിയ തുക ₹90,599/- നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-14 മൂഴിക്കൽ-തടിത്തോട് നടപ്പാത സംരക്ഷണം - കരാറുകാരന് അധികം തുക നൽകി - (3-3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 531/21 |
| അടങ്കൽ | ₹10,00,000/- വികസന ഫണ്ട് – ടി.എസ്.പി. |
| കരാറുകാരൻ | ശ്രീ. ബെന്നി മാത്യു |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601335937/24.03.2021, ₹9,98,284/- |
| എം. ബുക്ക് നമ്പർ | 601/19-20 |

പെരുവന്താനം ഗ്രാമപഞ്ചായത്തിലെ മൂഴിക്കൽ-തടിത്തോട് നടപ്പാതയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. അളവ് ബുക്കിലെ പേജ് നം. 22, ഇനം 9 പ്രകാരം കരിങ്കൽ കെട്ട് എന്ന ഇനത്തിന്റെ രേഖപ്പെടുത്തിയിരിക്കുന്ന അളവും യഥാർത്ഥ അളവും തമ്മിൽ വ്യത്യാസം ഉള്ളതായി 23.09.2021-ൽ പെരുവന്താനം സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. അളവിൽ വന്ന വ്യതിയാനം മൂലം അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ഇനം | എം. ബുക്ക് പ്രകാരമുള്ള അളവ്/നിരക്ക്/ നൽകിയ തുക ₹ | സ്ഥല പരിശോധനയിൽ കണ്ടെത്തിയ അളവ്/ നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ | അധികം നൽകിയ ജി.എസ്.ടി. കോമ്പൻസേഷൻ 12% | ആകെ അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| Od.329132/2019-20 Dry Stone Rubble Masonary With Good Quality Blasted Rubble Including Conveyance Etc., Complete | 31.77m3 3026.48/m3 ₹96151.27 | 24.421 M3 ₹73909.67 | 22241.60 | 2669 | 24911 |

കരാറുകാരന് അധികം നൽകിയ ₹24,023/-ഉം ആദായ നികുതി (222), നിർമ്മാണ തൊഴിലാളി ക്ഷേമനിധി (222), ജി.എസ്.ടി. (444) ഇനങ്ങളിൽ അധികം നൽകിയ ₹888/-ഉം ചേർത്ത് ആകെ ₹24,911/- അധികം ചെലവഴിച്ചിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/12.10.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-15 മണിയാറൻകുടി ജി.എച്ച്.എസ്. ഓഫീസ് മെയിന്റനൻസ് - അധികം തുക നൽകി - (3-4)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 709/2020-21 |
| അടങ്കൽ | ₹5,00,000/-<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കൺവീനർ | ശ്രീ. സലാവുദീൻ |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601658177/30.03.2020<br>(ക്യു ബിൽ നം. 91/17.04.2021), ₹4,72,486/- |
| എം. ബുക്ക് നമ്പർ | 2420/2017-18, 2421/2017-18, 349/2018-19 |

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിലെ മണിയാറൻകുടി ജി.എച്ച്.എസ്. ഓഫീസ് മെയിന്റനൻസിനായി തയ്യാറാക്കിയിരിക്കുന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ഇനം നം. 24ആയി (എം. ബുക്ക് നം. 349/2018-19 പേജ് നം. 31) ഉൾപ്പെടുത്തിയിരിക്കുന്നത് സ്റ്റീൽ പ്രവർത്തികളാണ്. ഇതിന് 50.10.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്ന (139.22/കി.ഗ്രാം).

| Description |
|---|
| 50.10.1<br>Steel Work Inbuilt Up GI Tubular (Round.square Or Rectangular Hollow Tubesetc) Trusses Etc.,<br>Including Cutting, Hoisting, Fixing In Position And Applaying A Priming Coat Of Approved Steel<br>Prime, Including Welding And Boltedwith Special Shaped Washers Etc., Complete |

അളവ് ബുക്ക് നമ്പർ 2420 പേജ് 41 പ്രകാരം പർലിൻസ് സ്ഥാപിക്കാനായി 153.975 കി.ഗ്രാം സ്റ്റീലും ഗെയ്റ്റ് സ്ഥാപിക്കാനായി 777.794 കിലോ ഗ്രാം സ്റ്റീലും ഗ്രിൽ സ്ഥാപിക്കുന്നതിനായി 105.84 കി.ഗ്രാം സ്റ്റീലും ഗ്രിൽ സ്ഥാപിക്കുന്നതിന് 79.76 കി.ഗ്രാം സ്റ്റീലും കൂടി അളവ് ബുക്ക് നം. 2421 പേജ് 1 പ്രകാരം ആകെ 1116.61 കി.ഗ്രാം സ്റ്റീൽ ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിനായി കിലോഗ്രാമിന് ₹139.22 നിരക്കിൽ ₹1,80,738.33 നൽകിയിട്ടുണ്ട്.

| ഇനം | അളവ് |
|---|---|
| പർലിൻ | 153.975 |
| ഗേറ്റ് | 777.794 |
| ഗ്രിൽ | 79.76 |

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പർലിൻ സ്ഥാപിക്കുന്നതിന് നൽകാവുന്നത് പ്രൈസ് (PRICE)ലെ 50.10.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് മാത്രമാണ് ഗേറ്റ്, ഗ്രിൽ സ്ഥാപിക്കുന്നതിന് 10.25.2 പ്രകാരമുള്ള നിരക്കുകളാണ് നൽകേണ്ടിയിരുന്നത്. വിശദാംശം താഴെ ചേർത്തിരിക്കുന്നു.

| (1) Description (Purlin) |
|---|
| 50.10.2<br>Steel Work For Purllin With GI Pipes Including Cutting, Hoisting, Fixing In Position And Applying<br>A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped<br>Washers Etc., Complete |

ഇതിന് നൽകാവുന്ന നിരക്ക് ₹121.27/കി.ഗ്രാം മാത്രമാണ്. അടിസ്ഥാന നിരക്ക് – 81.55x കോസ്റ്റ് ഇൻഡക്സ് 48.71%) (81.55+39.72 = 121.27) അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| ഉപയോഗിച്ച സ്റ്റീലിന്റെ അളവ് | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|
| 153.975 കി.ഗ്രാം | 153.975x 139.22 = 21436.39 | 153.975x 121.27 = 18672.54 | 2763.85<br>(-)5.0 OHC =138.19<br>= 2626 |

| 10.25.2 Description (Gate And Similar Works) |
|---|
| Steel Work For Grating, Frames, Guard Bars, Ladder, Raining, Backets, Gates And Similar Works. |

ഇതിന് നൽകാവുന്ന നിരക്ക് ₹119.63/കി.ഗ്രാം മാത്രമാണ്. അടിസ്ഥാന നിരക്ക് – 80.45 (7.5% OH ഉൾപ്പെടെ) (+)48.71% (80.45+39.18) കോസ്റ്റ് ഇൻഡക്സ്.

| ഉപയോഗിച്ച സ്റ്റീലിന്റെ അളവ് | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|
| 857.554<br>(ഗേറ്റ്, ഗ്രിൽ) | 857.55 X139.22 = 119388.66 | 857.55x 119.63 = 102588.70 | 16799.96<br>(-)5% OHC = 840<br>= 15959.96<br>₹15960/- |

ആകെ അധികം നൽകിയ തുക = ₹18586/– (2626+15960).

അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, അംഗീകാരം നൽകിയ അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/08.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 മഞ്ചുമല എസ്റ്റേറ്റ് - ലോവർ ഡിവിഷൻ വനിതാ സാംസ്കാരിക നിലയം പണി പൂർത്തീകരിച്ചില്ല (3-5)

| | |
|---|---|
| പ്രോജക്ട് നമ്പർ | 211/20, 336/21 |
| അടങ്കൽ | ₹15,00,000/-<br>(വികസനഫണ്ട് ജനറൽ) |
| കരാറുകാരൻ | ശ്രീ. ടി. സെൽവൻ |
| ചെലവഴിച്ച തുക | ₹14,90,470/- |
| ബിൽ റഫറൻസ് നം./തിയതി/തുക | 08482/20.03.2021, ₹7,09,728/-<br>29473/29.03.2021, ₹7,80,742/- |
| എം. ബുക്ക് നമ്പർ | 375/19-20, 131/20-21 |




വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ മഞ്ചുമല എസ്റ്റേറ്റ് ലോവർ ഡിവിഷനിൽ വനിതാ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. അഴുത ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് ഒന്നാം നില പണിയുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. പണികൾ ആരംഭിച്ചപ്പോൾ നിലവിലുള്ള കെട്ടിടത്തിന് ശുചിമുറിയും ഓഫീസ് മുറിയും ഇല്ലാത്തതിനാൽ അത് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല എന്ന് ജനപ്രതിനിധികൾ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രസ്തുത ഇനങ്ങൾ ഉൾപ്പെടുത്തി.

പദ്ധതി നടത്തിപ്പിലെ പ്രധാന അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

1. ബ്ലോക്ക്പഞ്ചായത്ത് പണി കഴിപ്പിച്ച നിലവിലുള്ള താഴത്തെ നില നാളിതുവരെ ഉപയോഗയോഗ്യമാക്കിയിട്ടില്ല. ഈ കെട്ടിടത്തിന്റെ ടൈൽ വിരിച്ച ഭാഗം പൊട്ടിയും ചുമർ വിണ്ടുകീറിയ അവസ്ഥയിലുമാണ്. വിണ്ടുകീറിയ ഈ കെട്ടിടത്തിന് മുകളിലാണ് പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

2. ശുചിമുറിയും ഓഫീസ് മുറിയും പണിയുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തുവെങ്കിലും പ്ലമ്പിംഗ് ജോലികളും സെപ്റ്റിക് ടാങ്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ നിലവിലും കെട്ടിടം ഉപയോഗപ്രദമല്ല.

3. ബ്ലോക്ക്പഞ്ചായത്ത് രേഖാമൂലം ജില്ലാപഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ലാത്ത കെട്ടിടത്തിൽ ജില്ലാപഞ്ചായത്ത് നിർമ്മാണം നടത്തുന്നത് അനുവദനീയമല്ല. കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത ബ്ലോക്ക്പഞ്ചായത്തിന് ഉണ്ടോ എന്ന കാര്യവും വ്യക്തമല്ല.

4. ഒന്നാം നിലയിലെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. സ്ട്രക്ച്ചറൽ പ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളത്. പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

5. 2021-22 വർഷം പദ്ധതി പൂർത്തീകരിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിക്കാത്ത സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ ₹14,90,470/- പാഴ്ചെലവായി മാറിയിരിക്കുന്നു.

6. പെയിന്റിംഗിന് അധിക തുക നൽകി

ബ്ലോക്ക്പഞ്ചായത്ത് പണി കഴിപ്പിച്ച നിലവിലുണ്ടായിരുന്ന കെട്ടിടത്തിൽ ഓഫീസ് മുറി പണിത് നൽകി പെയിന്റിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| എം. ബുക്ക് നം./ പേജ് നമ്പർ | ഇനം | അളവ് | നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|---|
| 131/2020-21 പേജ് 35 | എക്സ്ട്രാ ഇനം-9- സ്പെസിഫിക്കേഷൻ - 13.46.1 അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റ് പ്രൈമിംഗ് കോട്ട് ഉൾപ്പെടെ | 192.101 $M^2$ | 142.84/$m^2$ | 27439.71 |

നേരിട്ടുള്ള സ്ഥല പരിശോധനയിൽ ഈ ഇനം ചെയ്തിട്ടില്ലെന്നും വാട്ടർ തിന്നബിൾ സിമന്റ് പ്രൈമർ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത് എന്നും ബോധ്യപ്പെട്ടു. അധികം നൽകിയ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | നിരക്ക് ₹ | നൽകാവുന്ന തുക ₹ | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്പെസിഫിക്കേഷൻ -13.43.1<br>(Price – 2016)<br>അപ്ലെയിംഗ് 1 കോട്ട് വാട്ടർ തിന്നബിൾ സിമന്റ് പ്രൈമർ | 192.101<br>M2 | 54.95<br>(₹36.95+48.7% കോസ്റ്റ് ഇൻഡക്സ്) =<br>36.95+18.00 | 10555.94 | 27439.71 | 16883.77<br>=16884 |

പെയിന്റിംഗിന് അധികം നൽകിയ ₹16,884/-യും 12% നിരക്കിൽ കരാറുകാരന് നൽകിയ ജി.എസ്.ടി. കോമ്പൻസേഷൻ ₹2,026/-യും ചേർത്ത് ₹18,910/- അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. പദ്ധതി പൂർത്തികരിക്കാത്തതിനാൽ ഈ പദ്ധതിയ്ക്കായി ചെലവാക്കിയ ₹14,90,470/-ൽ നിരാകരിച്ച ₹18,910/- കിഴിച്ച് ₹14,71,560/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/12.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 ജി.എച്ച്.എസ്. പാമ്പനാർ - ക്ലാസ് റൂം പെയിന്റിംഗിന് അധികം തുക നൽകി -(3-6)

| | |
|---|---|
| പ്രോജക്ട് നമ്പർ | 1209/21 |
| അടങ്കൽ | ₹10,00,000/-<br>(മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |
| കൺവീനർ | ശ്രീ. എം. രമേശ് |
| ചെലവഴിച്ച തുക | ₹8,27,994/- |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601428920/തീ. 09.03.2021 |
| എം. ബുക്ക് നമ്പർ | 319/20-21 |

പീരുമേട് ഗ്രാമപഞ്ചായത്തിലെ പാമ്പനാർ ജി.എച്ച്.എസ്. – പഴയ കെട്ടിടത്തിന് ടൈൽ പാകുന്നതിനും പെയിന്റിംഗ് നടത്തുന്നതിനുമായി തയ്യാറാക്കിയതാണ് ഈ പദ്ധതി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് പ്രകാരം സ്പെസിഫിക്കേഷൻ 14.64.1 അനുസരിച്ചുള്ള വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റ് ഉപയോഗിച്ചുള്ള പെയിന്റിംഗ് ആണ് നടത്തേണ്ടത്. എം.ബുക്ക്- ഇനം നം. 4 പ്രകാരവും പ്രസ്തുത പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിരിക്കുന്നു. എന്നാൽ എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ., പീരുമേട് സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 23/09/2021-ൽ നടത്തിയ സ്ഥല പരിശോധനയിൽ സ്പെസിഫിക്കേഷൻ 14.63.1 പ്രകാരമുള്ള ഡിസ്റ്റംബർ ഉപയോഗിച്ചുള്ള പെയിന്റിംഗ് ആണ് ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. എം. ബുക്ക് പേജ് നമ്പർ 33 പ്രകാരം ചെയ്ത പ്രവൃത്തിയുടെ വിശദാംശം.

| ഇനം | ചെയ്ത അളവ് | നിരക്ക് | തുക ₹ |
|---|---|---|---|
| 14.64.1<br>Finishing Walls With Water Prooffiing Cement Paint If Required Shade.<br>Old Work (One Or More Coats Applied @ 2.20kg/10sqm)<br>Over Priming Coat Of Primer Applied @ 0.80 Litrs/10 Sqm | 2187.378m2 | 77.43/m2 | 169368.67 |

| | | | |
|---|---|---|---|
| Complete Including Cost Of Priming Coat. | | | |

യഥാർത്ഥത്തിൽ ചെയ്തിരിക്കുന്ന പ്രവൃത്തി

| ഇനം | ചെയ്ത അളവ് | നിരക്ക് | തുക ₹ |
|---|---|---|---|
| 14.63.1<br>Distempering With 1st Quality Acrylic Washable Distemper (Ready Made) Of Approved Manufacturer And Of Required Shade And Colour Complete.<br>As Per Manufacturer's Specification One Or More Coats On Old Works | 2187.378m2 | 44.31/m2<br>(29.80+costindex-48.71%) | 96922.711 |
| അധികം നൽകിയ തുക | 169369-96923 =₹72446/-<br>(ജി.എസ്.ടി. ഉൾപ്പെടാതെയുള്ള പ്രവൃത്തിയാണ്) | | |

അധികം നൽകിയ ₹72,446/- അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എൻജിനീയർ, അളവ് പരിശോധിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/09.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 ജി.എച്ച്.എസ്. മുള്ളരിങ്ങാട് മെയിന്റനൻസ് - ഓവർ ഹെഡ് ചാർജ്ജ് കുറയ്ക്കാതെ കൺവീനർക്ക് അധികം തുക നൽകി - (3-7)

| | |
|---|---|
| പ്രോജക്ട് നം. | 1450/20-21 |
| അടങ്കൽ | ₹20,00,000/- (ആർ.എം.എസ്.എ. ഫണ്ട്) |
| കൺവീനർ | രാധിക എം. എൻ. |
| എം. ബുക്ക് നമ്പർ | 29/18-19 |
| കരാർ നമ്പർ | 98/BC/AEE/LSGD/IDK/2018-19, Dt. 13.02.2019 |

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ മുള്ളരിങ്ങാട് ജി.എച്ച്.എസ്. മെയിന്റനൻസ് ആർ.എം.എസ്.എ. ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുവാൻ തയ്യാറാക്കിയ പദ്ധതിയാണ്. ആകെ ചെലവഴിച്ച ₹18,93,425/-യിൽ ആർ.എം.എസ്.എ. ഫണ്ട് ലഭ്യമാകാതിരുന്നതിനെ തുടർന്ന് 2020-21 വർഷം ₹7,38,435/- വികസന ഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ട്.

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ | ചെക്ക് നം./തീയതി | തുക ₹ | ചെലവിനം |
|---|---|---|---|

| | | | |
|---|---|---|---|
| I & പാർട്ട് ബിൽ ₹3,72,860/- | 003230/13.12.2019 | 357944 | കൺവീനർ |
| | 003231/13.12.2019 | 3729 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി |
| | 003232/13.12.2019 | 3729 | ആദായനികുതി |
| | 003233/13.12.2019 | 7458 | ജി.എസ്.ടി. |
| II & പാർട്ട് ബിൽ ₹7,82,140/- | 003647/28.09.2020 | 750856 | കൺവീനർ |
| | 003648/28.09.2020 | 7821 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി |
| | 003649/28.09.2020 | 7821 | ആദായനികുതി |
| | 003650/28.09.2020 | 15642 | ജി.എസ്.ടി. |
| ഫൈനൽ ബിൽ 13600670673-/ 28.10.2020- ₹7,38,425/- | | 708889 | കൺവീനർ |
| | | 7384 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി |
| | | 7384 | ആദായനികുതി |
| | | 14768 | ജി.എസ്.ടി. |
| ആകെ | ₹1893425/- | | |

ഇനം തിരിച്ചുള്ള ചെലവ് വിവരം താഴെ ചേർക്കുന്നു.

| ബിൽ | കൺവീനർ ₹ | നിർമ്മാണ തൊഴിലാളി ക്ഷേമനിധി ₹ | ആദായ നികുതി ₹ | ജി.എസ്.ടി. ₹ | ആകെ ₹ |
|---|---|---|---|---|---|
| I & പാർട്ട് ബിൽ | 357944 | 3729 | 3729 | 7458 | 372860 |
| II & പാർട്ട് ബിൽ | 750856 | 7821 | 7821 | 15642 | 782140 |
| ഫൈനൽ ബിൽ | 708889 | 7384 | 7384 | 14768 | 738425 |
| ആകെ | 1817689 | 18934 | 18934 | 37868 | 1893425 |

ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ 5.90% ഓവർ ഹെഡ് ചാർജ് കുറയ്ക്കേണ്ടതായിരുന്നു. എന്നാൽ 3.50% നിരക്കിലാണ് ഓവർ ഹെഡ് ചാർജ് ബില്ലിൽ കുറവ് വരുത്തിയത്. ആദായ നികുതി 2% നിരക്കിൽ ഈടാക്കേണ്ടതാണ്. എന്നാൽ 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയിരിക്കുന്നത്. ഓവർ ഹെഡ് ചാർജ് ഇനത്തിൽ ₹39,242/-യും ആദായ നികുതി ഇനത്തിൽ ₹18,150/-യും കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|

| | തുക ₹ | തുക ₹ | നൽകിയ തുക ₹ |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 1962098 | 1962098 | 0 |
| (-) ഓവർ ഹെഡ് ചാർജ് | 68673 (3.50%) | 107915 (5.50%) | 39242 |
| ബാക്കി | 1893425 | 1854183 | 0 |
| (-)ആദായ നികുതി | 18934 (1%) | 37084 (2%) | 18150 |
| നിർമാണ തൊഴിലാളി ക്ഷേമനിധി – 1% | 18934 | 18542 | (-)392 |
| ജി.എസ്.ടി. – 2% | 37868 | 37084 | (-)784 |
| കൺവീനർക്ക് | 1817689 | 1761473 | 56216 |

കൺവീനർക്ക് അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/18.01.2022-ക്ക് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ₹56,216/- മരാമത്ത് ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. തിരികെ ഈടാക്കേണ്ട തുകയിൽ നിന്ന് ഓവർ ഹെഡ് ചാർജ്ജ് ഇനത്തിൽ അധികം നൽകിയ ₹39,242/-യിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനത്തിൽ കുറവായി കണക്കാക്കിയ ₹392/-യും ജി.എസ്.ടി. ഇനത്തിൽ കുറവായി കണക്കാക്കിയ ₹784/-യും കിഴിച്ച് ₹38,066/- തിരികെ വികസന ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ആദായ നികുതി നിശ്ചിത നിരക്കിൽ ഈടാക്കാത്തത് സംബന്ധിച്ച് ആദായ നികുതി നിയമം പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/18.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 ചെള്ളൽ പാടശേഖരം - ഫീൽഡ് ചാനൽ - പണി പൂർത്തീകരിക്കാതെ പാതി വഴിയിൽ ഉപേക്ഷിച്ചു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1239/20-21 |
| അടങ്കൽ | ₹10,00,000/- (വികസന ഫണ്ട് – ജനറൽ) |
| കോൺട്രാക്ടർ | ശ്രീ. ജോർജ്ജ്കുട്ടി ജോസഫ് |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601431640/തീ. 29.03.2021, ₹4,13,757/- |
| എം. ബുക്ക് നമ്പർ | 558/2020-21 |

പുറപ്പുഴ ഗ്രാമപഞ്ചായത്തിൽ ചെള്ളൽ പാടശേഖരം ഫീൽഡ് ചാനൽ എന്ന പ്രവർത്തിയ്ക്കായി ₹10,00,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയ്ക്കായി തൻവർഷം ₹4,13,757/- ചെലവഴിച്ചു. 31.910എം$^3$ മണ്ണ് പണി, 122.511 എം$^3$ 1:2.5:5 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ്, ശിലാഫലകം എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

29.02.2020-ൽ എഗ്രിമെന്റ് ചമച്ച പ്രവൃത്തി നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല. നെൽകൃഷിക്ക് ഉപകാരപ്പെടുന്നതിനായി പാടശേഖരത്തിന്റെ സൈഡിൽ 265 മീറ്റർ നീളത്തിൽ ചാനൽ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിരുന്നെങ്കിലും 156.4 മീറ്റർ മാത്രമാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. അപാകതകളുടെ അടിസ്ഥാനത്തിൽ ₹4,13,757/- തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/17.01.2022-ന് മറുപടി ലഭ്യമായില്ല.

1-20 ഏലപ്പാറ പഞ്ചായത്ത് - പി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം - നിർവ്വഹിച്ചതായി രേഖപ്പെടുത്തിയ പ്രവൃത്തികളും നിർദ്ദിഷ്ട സ്പെസിഫിക്കേഷനും പൊരുത്തപ്പെടുന്നില്ല (3-8)

| | |
|---|---|
| പ്രോജക്റ്റ് നം. | 1451/2020-21 |
| അടങ്കൽ | ₹23,10,000/- (ആർ.എം.എസ്.എ. ഫണ്ട്) |
| കോൺട്രാക്ടർ | ശ്രീ. കെ. എ. ചെറിയാൻ |
| ചെലവഴിച്ച തുക | ₹20,77,619/- |
| എം. ബുക്ക് നമ്പർ | 548/18, 195/19 |
| കരാർ നമ്പർ | 383/T/AEE/LSGD/IDK/2017-18/Dt. 22.02.2018 |

ചെലവ് വിവരം

| ചെക്ക് നം./തീയതി | തുക |
|---|---|
| 10002253/30.01.2019 | ₹1111274 |
| 10002257/30.01.2019 | ₹10313 |

| | |
|---|---|
| 10002256/30.01.2019 | ₹10313 |
| 10002255/30.01.2019 | ₹11550 |
| 10002254/30.01.2019 | ₹11550 |
| ബിൽ നം. 501/22.10.2021 | ₹922619 |
| ആകെ | ₹2077619 |

ഏലപ്പാറ പഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂളിന് ക്ലാസ്സ് റൂം പണിയുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പദ്ധതി. പദ്ധതി നടത്തിപ്പിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം നമ്പർ 5, 6 എന്നിവ പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

| ഇനം (എം. ബുക്ക് നം. 195 പേജ് നം. 5-10) | ചെയ്ത അളവ് | നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|
| E 5.( 13.50.1 )Applaying Priming Coat With Ready Mixed Pink Or Greay Primer Of Approved And Manufacture On Wood Work | 598.18എം2 | 50.24/എം2 | 30052.56 |
| E6 (13.47.1 ) Finishing Walls With Premium Acrylic Smooth Exterior Paint With Silicone Additives Of Required Shade :<br>New Work (Two Or More Coats Applied @1.43 Ltr/10 Sqm Over And Including Priming Coat Of Exterior Primer Applied @2.20 Kg/10 Sqm) | 598.18എം2 | 139.14/എം2 | 83230.76 |

ഡി.എസ്.ആർ. സ്പെസിഫിക്കേഷൻ പ്രകാരം അധിക ഇനം 6 ആയിട്ടുള്ള പെയിന്റിംഗ് പ്രവൃത്തിക്കുള്ള നിരക്ക് പ്രൈമിംഗ് കോട്ട് ഉൾപ്പെടെയുള്ളതാണ്. എന്നാൽ എക്സ്ട്രാ ഇനം നം. 5 ആയി 598.18 എം2 സ്ഥലത്ത് വീണ്ടും പ്രൈമിംഗ് കോട്ട് നടത്തി ₹50.24/എം2 നിരക്കിൽ ₹30,052.56 നൽകിയിരിക്കുന്നു. ഇത് അംഗീകരിക്കാവുന്നതല്ല. മാത്രമല്ല, 13.50.1 എന്ന സ്പെസിഫിക്കേഷനിലുള്ള പ്രവൃത്തി തടിപ്പണികളുമായി ബന്ധപ്പെട്ടതാണ്. എം. ബുക്ക് പ്രകാരം ഈ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത് കെട്ടിടത്തിന്റെ സിമന്റ് ഭിത്തികളിലാണ്. ഇപ്രകാരം ചെയ്യാത്ത ഇനം ചെയ്തതായി രേഖപ്പെടുത്തി ₹30,052.56യും 12% കരാറുകാരന് ജി.എസ്.ടി. കോമ്പൻസേഷനും കരാറുകാരന് അധികം നൽകി.

അധികം നൽകിയ ₹30,053/- ജി.എസ്.ടി. കോമ്പൻസേഷൻ ഇനങ്ങളിൽ അധികം നൽകിയ ₹3,606/-യും ചേർത്ത് ആകെ ₹33,659/- അധികം ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 09/02/2022-ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 45-ന് മറുപടി ലഭ്യമായിട്ടില്ല. അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-21 ഏലപ്പാറ പഞ്ചായത്ത് - വള്ളക്കടവ് പാലം അറ്റകുറ്റപ്പണികൾ - അധിക തുക നൽകി - (3-9)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 807/21 |
| അടങ്കൽ | ₹4,00,000/- |
| കോൺട്രാക്ടർ | ശ്രീ. പി. എ. ഷാജി |
| കരാർ നമ്പർ | 14/T/AEE/LSGD/IDK/2019-20, Dt. 05/12/2019 |
| ബിൽ നം./തീയതി/തുക | 13601360151/തീ. 25.03.2021, ₹3,19,195/- |
| എം. ബുക്ക് നമ്പർ | 593/2019-20 |

ഏലപ്പാറ പഞ്ചായത്തിലെ വള്ളക്കടവ് പാലം അറ്റകുറ്റപ്പണികൾക്ക് വേണ്ടി തയ്യാറാക്കിയ പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിഴവ് മൂലം ₹8,312/- അധികം നൽകി. പ്രവൃത്തിയ്ക്ക് വേണ്ടി തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റിൽ 327 കിലോഗ്രാം കമ്പിയാണ് ഉൾപ്പെടുത്തിയിരുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഇത് 836.38 കിലോഗ്രാമായി മാറി. റിവൈസ്ഡ് എസ്റ്റിമേറ്റിലെ അളവായ 836.38-ൽ എം. ബുക്ക് പേജ് 18 പ്രകാരം ഉപയോഗിച്ച സ്റ്റീലിന്റെ അളവ് 836.38 കിലോഗ്രാമായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ₹65,756/- മാത്രമേ കരാറുകാരന് നൽകാൻ സാധിക്കൂ. വിശദാംശം ചുവടെ നൽകുന്നു.

| ഇനം നമ്പർ – 4 | ഉപയോഗിച്ച സ്റ്റീൽ(kg) | നൽകാവുന്ന നിരക്ക് ₹ | നൽകാവുന്ന തുക ₹ | നൽകിയ തുക ₹ | അധികം തുകയ്ക്ക് ബാധകമായ 12% നികുതി ₹ | ആകെ അധികം നല്കിയത് ₹ | അധികം തുക ₹ |
|---|---|---|---|---|---|---|---|
| 5.22.Steel Reinforcement For RCC Work. (M.book Page No. 18) | 931.58 (Quantity Limited To 836.38 Kg) | 78.62/kg | 65756.19 (836.38x 78.62) | 73240.87 (931.58x 78.62) | 7484 | 898 | 8382 |

അധികം നൽകിയ ₹73,249/-യും 12% ജി.എസ്.ടി കോമ്പൻസേഷനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/22.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹8,382/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-22 കുമളി ഗ്രാമപഞ്ചായത്ത് - ഓടമേട് ബാപ്പുജി കോളനി കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - (3-10)

| | |
|---|---|
| പ്രോജക്ട് നം., അടങ്കൽ | 1365/21<br>₹10,00,000/- (വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | ശ്രീ. പി. എ. ഷാജി |
| ബിൽ റഫറൻസ് നം./തീയതി/തുക | 87377/18.03.2021, ₹8,04,836/- |
| എം. ബുക്ക് നം. | 367/2019-20 |



കുമളി ഗ്രാമപഞ്ചായത്തിലെ ബാപ്പുജി കോളനി തോട്ടം മേഖലയിലെ നൂറോളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. തേയില തോട്ടത്തിന് നടുവിലായി ഉടമസ്ഥാവകാശം ആർക്കെന്ന് വ്യക്തമല്ലാത്ത സ്ഥലത്ത് നിലവിലുള്ള കാട് മൂടി കിടക്കുന്ന ഉപയോഗയോഗ്യമല്ലാത്ത ഒരു കിണറ്റിൽ 20 എച്ച്.പി. സബ്മേഴ്സിബിൾ പമ്പ് സ്ഥാപിച്ച് പദ്ധതി പ്രകാരം നിർമ്മിച്ച ടാങ്കിലേയ്ക്ക് വെള്ളമെത്തിച്ച് വിതരണം ചെയ്യുന്നതിന് ജി.ഐ. പൈപ്പ് (65mm-401.5m, 40mm-381.40m, 55mm-3 Nos) സ്ഥാപിച്ചിരിക്കുന്നു. ഇതിനായി ₹8,04,836/- ചെലവഴിച്ചു. ലക്ഷ്യബോധമില്ലാതെയും ശരിയായ ചർച്ചകൾ കൂടാതെയും പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് ഈ പദ്ധതി. വൻതോതിൽ കീടനാശിനി തളിക്കാൻ സാധ്യതയുള്ള തേയില തോട്ടത്തിലെ ഈ കിണറ്റിലെ വെള്ളം കുടിവെള്ളമായി ഉപയോഗിക്കുവാൻ സാധ്യമാണോ എന്നത് സംബന്ധിച്ച യാതൊരു പഠനവും നടത്തിയിട്ടില്ല. കുളത്തിന്റെ സമീപത്തെങ്ങും വൈദ്യുതി കണക്ഷൻ ഇല്ലാതിരിക്കെ ₹1,00,702/- വിലയുള്ള 20 സബ്മേഴ്സിബിൾ പമ്പ് കുളത്തിൽ സ്ഥാപിച്ചിരിക്കുന്നു.

വൈദ്യുതി ലഭ്യമാക്കുന്നതിനായി ₹1,52,500/- റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഈ തുക KSEB-യിൽ ഒടുക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചില്ല. കുളത്തിന് സമീപത്തേക്ക് എത്തുവാൻ സാധിക്കാത്ത രീതിയിൽ മുൾച്ചെടികൾ വളർന്ന് നിൽക്കുന്നതിനാൽ എച്ച്.പി. സബ്മേഴ്സിബിൾ പമ്പ്

സ്ഥാപിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. തുടർ വർഷങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള പ്രോജക്ടുകളും ആവിഷ്കരിച്ചിട്ടില്ല. ₹8,04,836/- ചെലവഴിച്ച ഈ പദ്ധതികൊണ്ട് രണ്ട് വർഷം കഴിയുമ്പോഴും ആർക്കും പ്രയോജനമില്ല. പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ ഭരണ സമിതിയുടെയോ യാതൊരു മോണിട്ടറിംഗും പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/12.10.2021-ന് മറുപടി ലഭ്യമായിട്ടില്ല. പദ്ധതി നിലവിൽ ഉപയോഗയോഗ്യമല്ലാത്ത സാഹചര്യത്തിൽ ₹8,04,836/- പാഴ്ചെലവായി കണക്കാക്കി ചെലവ് നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ, പദ്ധതി തയ്യാറാക്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പദ്ധതി അംഗീകരിച്ച എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും ₹8,04,836/- തുല്യമായി ഈടാക്കേണ്ടതാണ്.

1-23 മച്ചിപ്ലാവ് ഗവ. ഹൈസ്കൂൾ മെയിന്റനൻസ് - അധികം തുക നൽകി - (3-11)

| | |
|---|---|
| പ്രോജക്ട് നമ്പർ | 362/21 |
| അടങ്കൽ | ₹20,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കൺവീനർ | ശ്രീ. ഗോപകുമാർ എം. |
| കരാർ നമ്പർ | 06/BC/AEE/LSGD/IDK/2019-20, Dt. 22/11/2019 |
| ബിൽ നം./തീയതി/തുക | 13601177810/30.01.2020, ₹9,32,686/-<br>ക്യൂ-ബിൽ നം. 395/2020-21, തീ. 06.08.2020<br>13601637297/29.03.2020, ₹8,06,787/-<br>ക്യൂ- ബിൽ നം. 292/2020-21, തീ. 25.05.2020 |
| എം. ബുക്ക് നമ്പർ | 2276/18-19,<br>247/19-20 |

അടിമാലി മച്ചിപ്ലാവ് ഗവ. ഹൈസ്കൂൾ മെയിന്റനൻസിന് വേണ്ടി തയ്യാറാക്കിയ ഈ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പെയിന്റിംഗിന് അധികം തുക നൽകി

മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തിയ പ്രസ്തുത പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിൽ പെയിന്റിംഗ് ചെയ്തതിന് DSR 2016 - 13.46.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. 14.66.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് പഴയ പ്രതലത്തിൽ പെയിന്റിംഗ് ചെയ്തതിന് നൽകാവുന്നത്. ഇതിന് പകരം പുതിയ പ്രതലത്തിൽ പെയിന്റ് ചെയ്യുന്നതിന് നൽകാവുന്ന നിരക്ക് നൽകിയത് മൂലം കൺവീനർക്ക് അധികം തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അനുവദിച്ച ഇനം

| ഇനം | ചെയ്ത അളവ് | നിരക്ക് ₹ | തുക ₹ |
|---|---|---|---|
| 13.46.1<br>Finishing Walls With Acrylic Smooth Exterior Paint Of Required Shade :New Work (Two Or More Coat Applied @ 1.67 Ltr/10 | 316.538എം2 | 133.52/എം2 | 42264.15 |

| | | | |
|---|---|---|---|
| Sqmover And Including Priming Coat Of Exterior Primer<br>Applied@ 2.20 Kg/10 Sqm<br>(എം. ബുക്ക് നം. 2276/2019-20, പേജ് നം.71) | | | |

അനുവദനീയമായ ഇനം

| ഇനം | ചെയ്ത അളവ് | നിരക്ക് ₹ | തുക ₹ |
|---|---|---|---|
| 14.66.2<br>Finishing Walls With Acrylic Smooth Exterior Paint Of Required Shade:Old Work (One Or More Coat Applied @ 0.90 Ltr/10 Sqm | 316.538എം 2 | 73.20/എം2 | 23170.58 |

അധികം നൽകിയത് ₹19,094/- (42264.15-23170.58)

2) സ്റ്റീൽ പ്രവൃത്തികൾക്ക് അധികം തുക നൽകി

എം. ബുക്ക് നം. 2276/2019-20 പ്രകാരം താഴെ പറയുന്ന സ്റ്റീൽ പ്രവൃത്തികൾക്ക് 2016 Price-ലെ 50.10.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള Steel Work Inbuilt Up GI Tubular (Round.square Or Rectangular Hollow Tubesetc) Trusses Etc., Including Cutting, Hoisting, Fixing In Position And Applaying A Priming Coat Of Approved Steel Primer, Including Welding And Boltedwith Special Shaped Washers Etc., Complete എന്ന ഇനത്തിന്റെ നിരക്കാണ് നൽകിയിരിക്കുന്നത് (₹139.22/കി.ഗ്രാം).

| ക്രമ നം. | എം. ബുക്ക് നം/പേജ് നം. | ഇനം | ഉപയോഗിച്ച അളവ്-Kg.Gram |
|---|---|---|---|
| 1 | 2276-22 | Stair Case | 22.11 |
| 2 | | Step | 65.688 |
| 3 | | Hand Rail | 80.728 |
| 4 | | Frame Work | 13.785 |
| 5 | 2276-35 | Gate | 25.014 |
| 6 | | Lab-Side Covering | 31.249 |

പ്രസ്തുത ഇനങ്ങളിൽ ക്രമ നം. 1 മുതൽ 4 വരെയുള്ളവയ്ക്ക് 10.25.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (Steel Work Welded In Built Up Sections/framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structuralsteel Etc., As Required. In Stringers, Treads, Landings Etc., Of Stair Cases, Including Use Of Chequered Platewherever Required, All Complete) നിരക്കായ ₹91.70/കി.ഗ്രാം ആണ് നൽകേണ്ടിയിരുന്നത് (അടിസ്ഥാന നിരക്ക് ₹61.67 (7.5% OHC ഉൾപ്പെടെ +48.71% കോസ്റ്റ് ഇൻഡക്സ് ₹30.03).

ക്രമ നം. 5, 6 എന്നീ ഇനങ്ങൾക്ക് 10.25.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള (In Gratings, Frames, Guard Bar, Ladder,

Railings, Brackets, Gates And Similar Works) നിരക്കായ ₹119.56/കി.ഗ്രാം ആണ് നൽകേണ്ടിയിരുന്നത് (അടിസ്ഥാന നിരക്ക് 80.40 (7.5% OH ഉൾപ്പെടെ + 48.71 Cost Index – ₹39.16) അധികം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഉപയോഗിച്ച സ്റ്റീലിന്റെ അളവ്/കി.ഗ്രാം | അനുവദിച്ച നിരക്ക് തുക ₹ | അനുവദിക്കാവുന്ന നിരക്ക് തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| Stair Case,Step<br>Hand Rail<br>Frame Work<br>(ക്രമ നം. 1-4) | 182.311<br>(22.11+65.688+80.728+13.785) | 139.22/കി.ഗ്രാം<br>25381.33 | 91.70/കി.ഗ്രാം<br>16717.91 | 8663.42 |
| Gate (ക്രമ നം. 5)<br>Lab-Side Covering (ക്രമ നം. 6) | 56.263<br>(25.014+31.249) | 139.22/കി.ഗ്രാം<br>7238.93 | 119.56/കി.ഗ്രാം<br>6726.80 | 512.13 |
| ആകെ | | | | 9176.00 |

അധികം നൽകിയത് ₹9,176/-

ആകെ അധികം നൽകിയ തുക 28270 – 5.0%OH = ₹26,856/-.

അധികം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നൽകിയത് ₹ | നൽകാവുന്നത് ₹ | അധികം നൽകിയത് ₹ |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 1786429 | 1786429 | |
| കുറയ്ക്കുക – OHC-5.5% | 98254 | 98254 | |
| OHC ഒഴികെയുള്ള പ്രവൃത്തി മൂല്യം | 1688175 | 1688175 | |
| കുറയ്ക്കുക – അധികം നൽകിയത് | | 28234 | |
| | 1688175 | 1659941 | |
| കുറയ്ക്കുക – ആദായ നികുതി 1% | 16882 | 16599 | -283 |
| കുറയ്ക്കുക – നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 16882 | 16599 | -283 |

| | | | |
|---|---|---|---|
| കരാറുകാരൻ | 1654411 | 1626743 | 27668<br>-566<br>27102 |

കരാറുകാരന് അധികം നൽകിയ ₹26, 856/-അധികം ചെലവഴിച്ചിട്ടുണ്ട്.

അധികം നൽകിയ തുക ₹26,856/- ഉത്തരവാദിയായ അസി. എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി. എക്സി. എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥൻ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 51/17/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-24 അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് - ആനക്കുഴി ജലസേചന പദ്ധതി - അധികം തുക നൽകി (3-12)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 898/20-21 |
| അടങ്കൽ തുക | ₹25,00,000/- (വികസന ഫണ്ട് – ജനറൽ) |
| കോൺട്രാക്ടർ | ശ്രീ. ജെയേഷ് കെ. നായർ |
| ബിൽ റഫറൻസ് നം./തീയതി/തുക | 1)13601564038/29.03.2019, ₹5,91,066/ -<br>2)13601654009/30.03.2020, ₹18,28,816/<br>(ക്യു ബിൽ – 214/27.05.2020) |
| എം. ബുക്ക് നമ്പർ | 793/2017-18, 796/2017-18 |
| കരാർ നം./തീയതി | 337/AEE/LSGD/IDK/2018-19, തീ. 22.02.2019 |

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ ആനക്കുഴി ജലസേചന പദ്ധതിക്കായി 2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി 2019-20, 2020-21 വർഷങ്ങളിൽ ആകെ ₹24,19,882/- ചെലവഴിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ അനുബന്ധം സി-യിൽ ഇനം നം.12 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് 50 എം.എം G.I പൈപ്പ് 351 മീറ്റർ ഇടുന്ന (ട്രെഞ്ചിംഗ് ഉൾപ്പെടാതെ) പ്രവർത്തിയാണ്. എം. ബുക്ക് നം.793/17-18 പേജ് നം.13, ഇനം നം.12 ആയി 351 മീറ്റർ പ്രവൃത്തി ചെയ്യുകയും ഇതിനായി 2018-19-ലെ ഒബ്സർവ്വ്ഡ് ഡേറ്റാ പ്രകാരമുള്ള (Od229415/2018-19) നിരക്ക് നൽകുകയും ചെയ്തു (₹523/മീറ്റർ). എന്നാൽ 2016-ലെ DSR-ൽ 18.12.6 സ്പെസിഫിക്കേഷനായി ഈ ഇനം ഉൾപ്പെടുത്തി ₹443/- മീറ്റർ നിരക്കിൽ റേറ്റ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. DSR പ്രകാരമുള്ള ട്രെഞ്ചിംഗ് ഇല്ലാത്ത നിരക്ക് നൽകാത്തത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | G.I.പൈപ്പ്-50MM-നിരക്ക് ₹ |
|---|---|---|
| 1 | DSR 2016-ലെ കോഡ് | 18.12.6 |
| 2 | 10 മീറ്ററിന് ട്രെഞ്ചിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന നിരക്ക് | 2950.40 |

| | | |
|---|---|---|
| 3 | ടെഞ്ചിംഗിനായുള്ള നിരക്ക് | 485.76 |
| 4 | 2-3 | 2464.64 |
| 5 | 1% വാട്ടർ ചാർജ്ജ് | 24.65 |
| 6 | 4 + 5 | 2489.29 |
| 7 | 15% CPOH | 373.39 |
| 8 | 6+7 | 2862.68 |
| 9 | കോസ്റ്റ് ഇൻഡക്സ് - 54.90% | 1571.61 |
| 10 | 10 മീറ്റർ പൈപ്പിന് ബാധകമായ നിരക്ക് | 4434.29 |
| 11 | 1 മീറ്റർ പൈപ്പിന് ബാധകമായ നിരക്ക് | 443.42 |
| | നൽകാവുന്ന നിരക്ക് (351 X 443.42=155640.42 | 155640 |
| | നൽകിയ നിരക്ക് (351 X523 = 183573 | 183573 |
| | അധികം നൽകിയത് (183573-155640) | 27933 |

അധികം നൽകിയ തുക ₹27,933/- ഉത്തരവാദികളായ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി. എക്സി. എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 44/09.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-25 പെരുവന്താനം ടൗൺ സംരക്ഷണഭിത്തി - ഐറിഷ് ഡ്രെയിൻ - നിർമ്മാണം - അധികം തുക നൽകി (3-13)

| | |
|---|---|
| പ്രോജക്ട് നമ്പർ | 48/20- |
| അടങ്കൽ | ₹16,00,000 (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| കോൺട്രാക്ടർ | ശ്രീ. ബെന്നി മാത്യു |
| കരാർ നമ്പർ | 24/T/AEE/LSGD/IDK/2019-20, Dt. 12/12/2019 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601382875/29.02.2020, ₹15,97,603/-<br>(ക്യൂ ബിൽ-227/22.05.2020) |
| എം. ബുക്ക് നമ്പർ | 260/2019-20 |

പെരുവന്താനം ടൗണിൽ സ്ഥിതി ചെയ്യുന്ന ഗവ. എൽ.പി. സ്കൂളിന് സമീപം സംരക്ഷണഭിത്തിയും ഐറിഷ് ഡ്രെയിനും നിർമ്മിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) എസ്റ്റിമേറ്റ് ഭാഗം-2 ഇനം നം. 1, 50.10.1 എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തികൾ ടൈസ് വർക്കിനുള്ളതാണ്.

മറ്റ് കസ്റ്റം സ്റ്റീൽ പ്രവർത്തികൾ ഉൾപ്പെട്ട ഹാൻഡ്റെയിൽ നിർമ്മാണത്തിന് നൽകാവുന്ന നിരക്ക് 10.05.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ₹127.81/കി.ഗ്രാം. മാത്രമാണ് (അടിസ്ഥാന നിരക്ക് 85.95+48.71% കോസ്റ്റ് ഇൻഡക്സ് ₹418.6 = 127.81)

അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ഉപയോഗിച്ച സ്റ്റീൽ | നൽകിയ നിരക്ക് ₹ | നൽകിയ തുക ₹ | നൽകാവുന്ന നിരക്ക് ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| 416.612kg<br>എം. ബുക്ക് പേജ്-16<br>(കോസ്റ്റ് ഇൻഡക്സ് 48.71) | 148.915/kg | 62039.82 | 127.81/kg | 53247.17 | 8792.65<br>(Mord – A.Substract) |

2) എസ്റ്റിമേറ്റ് ഭാഗം-1 ഇനം നം. 4 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് 12.5.3 സ്പെസിഫിക്കേഷനിൽ സംരക്ഷണ ഭിത്തിയുടെ ബേസ് സ്ലാബ് നിർമ്മാണമാണ്. 34.425m3 ബേസ് സ്ലാബ് സ്ഥാപിച്ചതിന് ₹9410.58/m3 നിരക്കിൽ ₹3,23,959/- നൽകിയിട്ടുണ്ട്. എന്നാൽ ബേസ് സ്ലാബ് നിർമ്മാണം ഉൾപ്പെടുന്നത് 11.4.2.1 എന്ന സ്പെസിഫിക്കേഷനിലുള്ള ഫൗണ്ടേഷന്റെ Plain RCC In Open Foundation എന്ന ഇനത്തിലാണ്. ഇതിന് നൽകാവുന്ന നിരക്ക് ₹7771.80/m3 ആണ്. ഫൗണ്ടേഷന്റെ നിരക്ക് നൽകാതെ സൂപ്പർ സ്ട്രക്ച്ചറിന്റെ നിരക്ക് അനുവദിച്ചത് മൂലം അധികം തുക നൽകിയിരിക്കുന്നു. ബേസ് സ്ലാബിന് ഫൗണ്ടേഷന്റെ നിരക്കിൽ നൽകേണ്ടതെന്ന് സ്പെസിഫിക്കേഷനിൽ നിന്നും വ്യക്തമാകുന്നു (11.4.2.1.). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക് ₹ | നൽകിയ തുക ₹ | നൽകാവുന്ന നിരക്ക് ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| 34.425 M3<br>എം. ബുക്ക് പേജ്-8-12,20,21 | 9410.58/m3 | 323959.49 | 7771.80/m3 | 267544.21 | 56415.28 |

അധികം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രണ്ട് ഇനങ്ങളിലായി അധികം നൽകിയ തുക ₹ | നൽകിയത് ₹ | നൽകാവുന്നത് ₹ |
|---|---|---|
| 65208 | 7825 | 73033 |

അധികം നൽകിയ ₹65,208/-യും ആദായ നികുതി (₹652/-), നിർമ്മാണ തൊഴിലാളി ക്ഷേമനിധി (₹652/-), ജി.എസ്.ടി. (₹6,521/-) ഇനങ്ങളിൽ അധികം നൽകിയ ₹7,825/-യും ചേർത്ത് ആകെ ₹73,033/- അധികം ചെലവഴിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/15.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹73,033/- ഉത്തരവാദികളായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത അസിസ്റ്റന്റ്

എഞ്ചിനീയർ, എസ്റ്റിമേറ്റ് അംഗീകരിച്ച് മേൽ പരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി തിരികെ ഈടാക്കേണ്ടതാണ്.

1-26 ദേവികുളം ജി.എച്ച്.എസ്.എസ്. വനിത വിശ്രമ കേന്ദ്രം - നിർമ്മാണം - അധികം തുക നൽകി (3-14)

| | |
|---|---|
| പ്രോജക്ട് നമ്പർ | 889/20-21 |
| അടങ്കൽ | ₹20,00,000/- (വികസന ഫണ്ട് – പൊതു വിഭാഗം) |
| കോൺട്രാക്ടർ | ഇടുക്കി ജില്ലാ ട്രൈബൽ ലേബർ<br>കോൺട്രാക്ട് സഹകരണ സംഘം |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601667191/31.03.2020 ₹5,57,890/<br>13600544405/23.09.2020 ₹10,22,851/-<br>13601028747/03.02.2021 ₹2,89,356/- |
| എം. ബുക്ക് നമ്പർ | 57/19-20,271/2019-20 |
| കരാർ നമ്പർ | 346/Q/AEE/LSGD/IDK/2018-19, Dt. 26.12.2019 |

ദേവികുളം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വനിത വിശ്രമ കേന്ദ്രവും കൗൺസിലിംഗ് സെന്ററും നിർമ്മിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പ്രോജക്ടാണിത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എസ്റ്റിമേറ്റിൽ ഇനം നം. 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് സ്റ്റീൽ പ്രവൃത്തികളുടെ 50.10.1 ഇനമായ നം. 2 സ്ട്രസ് വർക്കാണ്. ഇതിനായി 533.014 കിലോഗ്രാം സ്റ്റീൽ ഉപയോഗിച്ചതിന് ₹145.94/കി.ഗ്രാം നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിലാണ് Stair Ramp നിർമ്മാണവും ഉൾപ്പെടുത്തിയിരിക്കുന്നത്. Stair Ramp നിർമ്മാണത്തിന് നൽകാവുന്നത് 10.25.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ₹102.56/കി.ഗ്രാം നിരക്കാണ് (അടിസ്ഥാന നിരക്ക് ₹65.80+55.88% കോസ്റ്റ് ഇൻഡക്സ്) (Steel Work For Landing, Treands, Stair Case Etc.,)

അധികം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റിന് എക്സ്ട്രാ ഇനം നമ്പർ 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് Truss Work-നുള്ള 50.10.1 എന്ന സ്പെസിഫിക്കേഷനിൽ Stair Ramp ഉൾപ്പെടെയുള്ള നിർമ്മാണമാണ്. ഇത് പ്രകാരമുള്ള നിരക്ക് ₹145.94 കിലോ ഗ്രാം ആണ് (Cost Index-55.88%) ഈ സ്പെസിഫിക്കേഷൻ DSR പ്രകാരം ട്രസ്സ് വർക്കിനാണ് ഉപയോഗിച്ചുവരുന്നത്. Stair Ramp നിർമ്മാണത്തിന് നൽകാവുന്നത് 10.25.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ₹102.56/kg എന്ന നിരക്കാണ്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ഉപയോഗിച്ച സ്റ്റീൽ | നൽകിയ നിരക്ക് ₹ | നൽകിയ തുക ₹ | നൽകാവുന്ന നിരക്ക് ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ | അധികം തുകക്ക് ബാധകമായ 12% നികുതി ₹ | ആകെ അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| (M.Book.No.271/19-20 പേജ്-59- 231.32 കി.ഗ്രാം, | 145.94/kg | 77788.06 | 102.56/kg | 54665.91 | 23122 | 2775 | 25897 |

| | | | | | | | |
|---|---|---|---|---|---|---|---|
| പേജ്-16-<br><br>301.694 കി.ഗ്രാം)<br><br>ആകെ – 533.014kg | | | | | | | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 50/17.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹25,897/- (നികുതി-₹231, ക്ഷേമനിധി-₹231, ജി.എസ്.ടി. ₹2,313/- ഉൾപ്പെടെ) എസ്റ്റിമേറ്റ് തയ്യാറാക്കി ബിൽ സമർപ്പിച്ച അസി. എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി. എക്സി. എഞ്ചിനീയർ, സാങ്കേതിക അനുമതി നിർവ്വഹണം നടത്തിയ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-27 വട്ടവട ഗ്രാമപഞ്ചായത്ത് മോഡേൺ വില്ലേജ് റോഡ് സംരക്ഷണഭിത്തി - അധികം തുക നൽകി (3-15)

| | |
|---|---|
| പ്രോജക്ട് നമ്പർ | 102/20-21 |
| അടങ്കൽ | ₹20,00,000/- (വികസന ഫണ്ട് – പൊതു വിഭാഗം) |
| കോൺട്രാക്ടർ | ശ്രീ. എൽദോ എബ്രഹാം |
| കരാർ നമ്പർ | 98/T/AEE/LTD&EW/IDK/2020-21, Dt. 04.02.2021 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601424250/തീ. 29.03.2021, ₹12,07,052/<br><br>13600307084/തീ. 13.08.2021, ₹6,53,449/- |
| എം. ബുക്ക് നമ്പർ | 46/2019-20 |

74.5 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും വട്ടവട ഗ്രാമപഞ്ചായത്തിലെ മോഡേൺ വില്ലേജ് റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. 2016 MORD അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 5/2020 മുതൽ മൂന്നാറിന്റെ കോസ്റ്റ് ഇൻഡക്സ് – 39.83% ആണ് കരാർ ചമച്ചിരിക്കുന്നത്. 04.02.2021-ൽ സാങ്കേതികാനുമതി പുതുക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്താത്തതിനാൽ കോസ്റ്റ് ഇൻഡക്സിൽ മാറ്റം വന്നിട്ടില്ല. സാങ്കേതികാനുമതി റിവൈസ് ചെയ്തിരുന്നുവെങ്കിൽ കോസ്റ്റ് ഇൻഡക്സ് 49.69% എന്നത് 39.83% ആയി മാറുമായിരുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അളവ് |
|---|---|---|
| 1 | 3.5.1/Earth Work Excavation | 272.86 M3 |
| 2 | 11.4.1.1/Plain RCC-Foundation-M-10 | 15.645 M3 |
| 3 | 11.4.4/Plain RCC-Foundation-M-20 | 27.938 M3 |
| 4 | 12.5.3/Plain RCC-Sub Structure-M-20 | 89.400 M3 |
| 5 | 11.8/TMT Bar For Foundation | 5.867 Tonne |

| | | |
|---|---|---|
| | A) Foundation-27.938 M3 X.05 =1.397<br>B) Sub Structure-89.4 M3 X.05 =4.470 | |
| 6 | OD/ PVC Pipe For Weep Holes | 30 Mt |
| 7 | OD/ Name Board | 1 No |

എസ്റ്റിമേറ്റിലെ ക്രമ നമ്പർ 5-ൽ, ഫൗണ്ടേഷന് വേണ്ടിയുള്ള റ്റി.എം.റ്റി. കമ്പി എന്ന ഇനത്തിൽ ഉൾപ്പെടുത്തി (A) ഫൗണ്ടേഷൻ (B) സബ് സ്ട്രക്ചർ എന്നിവയ്ക്ക് 11.8 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് ₹1,25,832/- (₹81,077.71/ടൺ) നൽകിയിരിക്കുന്നത് (എം. ബുക്ക് നം.46/2019-20 പേജ് നം.32). 2016-ലെ MORD 11.8 സ്പെസിഫിക്കേഷൻ പ്രകാരം ഫൗണ്ടേഷന് വേണ്ടിയുള്ള റ്റി.എം.റ്റി. കമ്പി എന്ന ഇനത്തിന് നൽകാവുന്ന നിരക്ക് ₹74,444.07/ടൺ മാത്രമാണ്. കൂടാതെ സബ് സ്ട്രക്ചർ-ന് വേണ്ടിയുള്ള റ്റി.എം.റ്റി. കമ്പി എന്ന ഇനത്തിന് 12.8 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ₹72,804.66/ടൺ നിരക്കാണ് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

11.8 സ്പെസിഫിക്കേഷൻ (81077.71 ടൺ കമ്പിക്ക്) പ്രകാരം നൽകാവുന്ന നിരക്ക് -

| |
|---|
| Supplying, Fitting And PlacingTMT Bar Reinforcement In Foundation Complete<br>As Per Drawings And Technical Specifications Clauses 1000 And 1202 |

| ഇനം | നിരക്ക് ₹ |
|---|---|
| അടിസ്ഥാന നിരക്ക് | 42817.19 |
| വാട്ടർ ചാർജ്ജ് -1 % | 428.17 |
| ആകെ | 43245.36 |
| CPOH-15 % | 6486.80 |
| ആകെ | 49732.156 |
| കോസ്റ്റ് ഇൻഡക്സ്-49.69 % | 24711.91 |
| ആകെ | 74444.07/ടൺ |

12.8 സ്പെസിഫിക്കേഷൻ പ്രകാരം സബ് സ്ട്രക്ചർ-ന് വേണ്ടിയുള്ള റ്റി.എം.റ്റി കമ്പി എന്ന ഇനത്തിന് നൽകാവുന്ന നിരക്ക് Supplying, Fitting And Placing With MS Bar Reinforcement (Fe 415) In Substructrue Complete As Per Drawings And Technical Specification Clauses 1002, 1005, 1010 & 1202

| ഇനം | നിരക്ക് ₹ |
|---|---|
| അടിസ്ഥാന നിരക്ക് | 41874.10 |

| | |
|---|---|
| വാട്ടർ ചാർജ്ജ്-1 % | 418.74 |
| ആകെ | 42293.01 |
| CPOH-15% (എം. ബുക്ക് പ്രകാരം നൽകിയത് പ്രകാരം) | 6343.95 |
| ആകെ | 48636.96 |
| കോസ്റ്റ് ഇൻഡക്സ്-49.69 % | 24167.70 |
| ആകെ | 72804.66/ടൺ |

<u>അധികം നൽകിയത് -</u>

| ഇനം | എം.ബുക്ക് പ്രകാരമുള്ള അളവ്/നിരക്ക് | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| 11.8/TMT Bar For Foundation<br>Foundation<br>M-Book Page No.13,33 | 3.067 ടൺ<br>81077.71 /ടൺ | 248665.30 | 228319.96<br>(3.067X 74444.07 ) | 20345 |
| TMT Bar For Sub Structure<br>M-Book Page No.18,24,32 | 1.552 ടൺ<br>81077.71 /ടൺ | 125832.60 | 112992.83<br>(1.552 X72804.66) | 12840 |
| ആകെ അധികം നൽകിയത്<br>(കോസ്റ്റ് ഇൻഡക്സിലെ വ്യതിയാനം പരിഗണിച്ചിട്ടില്ല) | | | | 33185 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 53/02.03.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹33,185/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി. എക്സി. എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

<u>1-28 മുട്ടുകാട് യുവജനക്ഷേമ കേന്ദ്രം - അളവുകൾ തെറ്റായി രേഖപ്പെടുത്തി - അധിക തുക നൽകി (3-16)</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 1390/21 |
| അടങ്കൽ | ₹10,00,000/- (വികസനഫണ്ട് – എസ്.സി.പി) |
| കരാറുകാരൻ | ശ്രീ. കലേഷ് കുമാർ |
| ചെലവഴിച്ച തുക | ₹6,90,800/- |

| | |
|---|---|
| ബിൽ റഫറൻസ് നം./തീയതി/തുക | 1) 994620/26/12/2019, ₹2,80,474/-<br>2) 392929/27/03/2021, ₹4,10,326/- |
| എം. ബുക്ക് നമ്പർ | 976/2017-18 |

മുട്ടുകാട് യുവജനക്ഷേമ കേന്ദ്രത്തിന്റെ രണ്ടാം നിലയുടെ പണികൾ പൂർത്തിയാക്കാനുള്ള ഈ പ്രോജക്ടിൽ എം. ബുക്ക് 976/2017-18 പേജ് നം. 35-ൽ പ്രൈസ്-ലെ ഇനം നം. 11.18.4 പ്രകാരം പ്രികാസ്റ്റ് ടെറാസോ ടൈൽ 93.68 $M^2$ പാകിയതിന് 1742.58/എം$^2$ നിരക്കിൽ ₹1,63,245/- നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 73.45$m^2$ വിട്രിഫൈഡ് ടൈൽ ആണ് വിരിച്ചിട്ടുള്ളതെന്ന് 17.11.21-ൽ രാജാക്കാട് സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ടെറാസോ ടൈൽ വിരിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിന്റെ നിരക്ക് 1540.79/$m^2$ ആണ്. ഇതനുസരിച്ച് നൽകാവുന്ന തുകയുടെ വിശദാംശം ചുവടെ നൽകുന്നു.

| എം. ബുക്ക് പ്രകാരമുള്ള പ്രവൃത്തി ഇനം | അളവ് | നിരക്ക് ₹ | തുക ₹ |
|---|---|---|---|
| 11.18.4 Precast Terrazo Tiles 22 Mm Thickwith Graded Marble Chips Od Sizes Upto 12mm ,In Skirting And Risersof Steps Not Exceeding 30 Cm In Height, On 12 Mm Thickcement Plaster 1:3 Joined With Neat Cement Slurry | 93.68m2 | 1742.58/m2 | 163244.89 |
| സ്ഥല പരിശോധനയിൽ കണ്ട പ്രവൃത്തി ഇനങ്ങൾ | | | |
| 11.8.4 Precast Terrazo Tiles 22 Mm Thickwith Graded Marble Chips Od Sizes Upto 12mm ,In Skirting And Risersof Steps Not Exceeding 30 Cm In Height,on 12 Mm Thickcement Plaster 1:3 Joined With Neat Cement Slurry | 20.23m2 | 1742.58 | 35252.39 |
| 11.41.1 Providing And Laying Vitrified Floor Tiles (അടിസ്ഥാന നിരക്ക് ₹988.45+55.88% കോസ്റ്റ് ഇൻഡക്സ് 552.34 = 1540.79) | 73.45m2 | 1540.79/m2 | 113171.02 |
| ആകെ നൽകാവുന്ന തുക | | | 148423.41 |
| അളവ് ബുക്ക് പ്രകാരം നൽകിയ തുക | | | 163244.89 |
| അധികം നൽകിയ തുക | | | 14821.48 |

ഇത് സംബന്ധിച്ച് 22.11.2021-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10-ന് മറുപടി ലഭ്യമായില്ല. അധികം നൽകിയ ₹14,821/- അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി. എക്സി. എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-29 പാറേമാവ് അഗതി പുനരധിവാസ കേന്ദ്രം - ചെയ്യാത്ത ഇനത്തിന് തുക നൽകി - പദ്ധതി പൂർത്തീകരിച്ചില്ല (3-17)

| | |
|---|---|
| പ്രോജക്ട് നമ്പർ | 341/21 |

| | |
|---|---|
| അടങ്കൽ | ₹35,00,000/- (വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | ശ്രീ. ഷാജി ജോസഫ് |
| ബിൽ റഫറൻസ് നം./തീയതി/തുക | 1)136000768899/18.04.2020, ₹5,92,219/-<br>2) 13601431887/29.03.2021, ₹19,94,004/-<br>3) 13601431889/29.03.2021, ₹6,41,699/-<br>ആകെ = ₹32,22,922/- |
| എം. ബുക്ക് നമ്പർ | 322/8/2018-19, 9/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സി. എഞ്ചിനീയർ |
| കരാർ നം. | 175/T/AEE/LSGD/IDK/2019-20, Dt : 23.01.2020 |

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ പാറേമാവ് ആയുർവ്വേദ ആശുപത്രിയ്ക്ക് സമീപം അഗതി പുനരധിവാസ കേന്ദ്രം പൂർത്തീകരണം എന്ന പ്രവൃത്തിക്കായി ₹35,00,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയ്ക്കായി ₹32,27,922/- ചെലവഴിച്ചു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടൈൽ പ്രവൃത്തിക്ക് തുക അധികം നൽകി

എം. ബുക്ക് പേജ് നമ്പർ 90 പ്രകാരം 272.764 M2 ടൈൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇത് 272.764എം2-ൽ ലിമിറ്റ് ചെയ്ത് ₹1223/m2 നിരക്കിൽ ₹3,33,590/- നൽകിയിട്ടുണ്ട്. ആകെ ചെയ്ത പ്രവൃത്തിയിൽ 185.906 M2 Glazed Ceramic Floor Tiles ആണ് വിരിച്ചിരിക്കുന്നതെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ Rectified Glazed Ceramic Floor Tiles Of Size 300x300 Mm വിരിച്ചതായി രേഖപ്പെടുത്തിയാണ് അധിക തുക നൽകിയത്. ചെയ്ത പ്രവൃത്തിയും നൽകാവുന്ന തുകയുടെ വിശദാംശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

എം. ബുക്ക് പ്രകാരം നല്കിയ തുക

| ഇനം നമ്പർ/പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നിരക്ക് ₹ | തുക ₹ |
|---|---|---|---|
| 24<br>11.39<br>Providing And Laying Rectified Glazed Ceramic Floor Tiles Of Size 300x300 Mm Or More (Thickness To Be Specified By The Manufacturer), Of 1st Quality Conforming To IS : 15622, Of Approved Make, In Colours White, Ivory, Grey, Fume Red Brown, Laid On 20 Mm Thick Cement Mortar 1:4 (1 Cement: 4 Coarse Sand), Jointing With Grey Cement Slurry @ 3.3 Kg/ Sqm Including Grouting The Joints With White Cement And Matching Pigments Etc., Complete. | 272.764m2 | 1223/m2 | 333590 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അളവിൽ 185.906 $M^2$ Glazed Ceramic Floor Tiles എന്ന ഇനമാണ് ചെയ്തിരിക്കുന്നതെന്ന് വാഴത്തോപ്പ് സെക്ഷൻ അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിലുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു. ചെയ്ത പ്രവൃത്തിയും

നൽകാവുന്ന തുകയുടെ വിശദാംശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

| ഇനം നമ്പർ/പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകാവുന്ന നിരക്ക് തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|
| 11.37<br>Providing And Laying Ceramic Glazed Floor Tiles Of Size 300x300 Mm (Thickness To Be Specified By The Manufacturer) Of 1st Quality Conforming To IS : 15622 Of Approved Make In Colours Such As White, Ivory, Grey, Fume Red Brown, Laid On 20 Mm Thick Cement Mortar 1:4 (1 Cement : 4 Coarse Sand), Jointing With Grey Cement Slurry @3.3 Kg/sqm Including Pointing The Joints With White Cement And Matching Pigment Etc., Complete.<br>അടിസ്ഥാന നിരക്ക് = ₹688.35+48.71%<br>(കോസ്റ്റ് ഇൻഡക്സ്) = 688.35+335.29 = 1023.64 | 185.906 M2 | 999.29m2 | 185764 |
| അധികം നൽകിയ തുക 223.71/m2 (1223-999.29)<br>223.71 X 185.906 = 41589+12.5% ജി.എസ്.ടി. | | | 46788 |

2) <u>കെട്ടിടത്തിൽ വൈദ്യുതിയും വെള്ളവും ലഭ്യമല്ല – ഇവ ഒരുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല</u>

സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ./തീ.29.01.2018 നിർദ്ദേശം പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

എ) കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ അനുബന്ധ സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടത്.

ബി) വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ പ്രായോഗികത, വിജയസാദ്ധ്യത എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് ഉറപ്പ് വരുത്തണം. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

സി) 13-ാം പഞ്ചവത്സര പദ്ധതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നവ മാത്രമേ ബഹുവർഷ പ്രോജക്ടായി ആവിഷ്കരിക്കുവാൻ പാടുള്ളൂ.

ഡി) വൃദ്ധസദനം ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിന്റെ നടത്തിപ്പ് സംവിധാനം, ആവർത്തന ചെലവുകൾ എങ്ങനെ കണ്ടെത്തണം തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് കൂടി സമർപ്പിച്ച് പദ്ധതിക്ക് അംഗീകാരം വാങ്ങേണ്ടിയിരുന്നു. ഇപ്രകാരമുള്ള ആസൂത്രണം നടത്തിയിട്ടില്ല.

പ്രസ്തുത കെട്ടിടത്തിൽ ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയത് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്ന വാഴത്തോപ്പ് സെക്ഷൻ അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിലായിരുന്നു (14.9.21). സ്ഥല പരിശോധന വേളയിൽ നിർവ്വഹണം നടത്തിയിരിക്കുന്ന ഇനങ്ങൾ അളന്ന് അളവുകൾ സ്ഥല പരിശോധന റിപ്പോർട്ടിൽ രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തി നൽകിയ അസി. എഞ്ചിനീയർ തന്നെ പിന്നീട് ഓഡിറ്റ് എൻക്വയറിക്ക് (32/14.12.2021) നൽകിയ

മറുപടിയിൽ ചെയ്യാത്ത ഇനമായ റെക്റ്റിഫൈഡ് സെറാമിക്ക് ഫ്ലോർ ടൈൽ ചെയ്തുവെന്നും അതിന് നൽകിയിരിക്കുന്ന നിരക്ക് ശരിയാണെന്നും വിശദീകരിച്ചിട്ടുള്ളത് വസ്തുതാപരമല്ല. പ്രസ്തുത നടപടി അനുചിതമാണ്.

ടൈൽ പ്രവൃത്തിയ്ക്ക് അധികം നൽകിയ തുക ₹46,788/- എസ്റ്റിമേറ്റ് തയ്യാറാക്കി അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ ₹31,81,134/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 റോസാപ്പൂക്കണ്ടം-പാറവീട് പിക്കപ്പ് സ്റ്റാന്റ് ഡ്രെയിനേജ് - ടെണ്ടർ കുറവ് പരിഗണിച്ചില്ല (3-18)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 67/21 |
| അടങ്കൽ | ₹50,00,000/- (വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | ശ്രീ. അഫ്സൽ കെ. എം. |
| എം. ബുക്ക് നമ്പർ | 2326/18-19<br>2243/18-19 |
| കരാർ നമ്പർ | 199/T/AEE/LSGD/IDK/2018-19/06.01.2019 |
| ബിൽ റഫറൻസ് നം./<br>തീയതി/തുക | 13600359626/19.07.2019, ₹20,14,892/-<br>13600821053/14.11.2019, ₹10,09,792/-<br>(ക്യൂ ബിൽ നമ്പർ 617/17.02.2021)<br>13600929812/10.12.2019, ₹9,90,488/-<br>(ക്യൂ ബിൽ നമ്പർ 616/17.02.2021) |
| ആകെ | ₹40,15,172/- |

കുമളി ഗ്രാമപഞ്ചായത്തിലെ റോസാപ്പൂക്കണ്ടം പിക്കപ്പ് സ്റ്റാന്റ് ഭാഗത്ത് ഡ്രെയിനേജ് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ₹50,00,000/- അടങ്കൽ തുകയുള്ള ഈ പദ്ധതിക്കായി ₹40,15,172/- ചെലവാക്കിയിട്ടുണ്ട്.

ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. അഫ്സൽ. കെ. എം. എന്ന കരാറുകാരൻ സമർപ്പിച്ച എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം 11.4.3.1 എന്ന സ്പെസിഫിക്കേഷനിൽ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന് ₹6,800/എം$^3$ നിരക്കാണ് ക്വോട്ട് ചെയ്തിരുന്നത് (എസ്റ്റിമേറ്റ് നിരക്ക് ₹8,923/എം$^3$). ഇതനുസരിച്ച് 12.730എം$^3$ കോൺക്രീറ്റിംഗിന് ₹6,800/എം$^3$ നിരക്കിൽ ₹86,564/- നൽകുകയും ചെയ്തു (എം. ബുക്ക് നം. 2243/2018-19, പേജ് 14).

റിവൈസ്ഡ് എസ്റ്റിമേറ്റിൽ അധികം ഇനമായി (നം.4) 11.4.3.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള സിമന്റ് കോൺക്രീറ്റിംഗ് 149.52എം$^3$ @ ₹8,923.27/എം$^3$ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കരാറുകാരൻ സമർപ്പിച്ച റിവൈസ്ഡ് എഗ്രിമെന്റ് ഷെഡ്യൂളിലെ 11.4.3.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള 1:2:4 ഇനത്തിന്റെ നിരക്കായ ₹6,800/എം$^3$ നൽകാതെ ₹7,442/എം$^3$ നിരക്കാണ് നൽകിയിട്ടുള്ളത്. തൻമൂലം ₹94,524/- കരാറുകാരന് അധികം നൽകിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| എം. ബുക്ക് പ്രകാരമുള്ള അളവ് | എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം അനുവദനീയമായ നിരക്ക് ₹ | നൽകിയ നിരക്ക് / തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| 147.234 എം3 | 6800/എം$^3$ | 7442/എം$^3$ 1095715.43 | 1001191.20 (147.234x 6800) | 94524.23 |

അധിക തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 56/15.03.2022-ന് മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയ തുക ₹94,524/- അളവ് രേഖപ്പെടുത്തിയതും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി. എക്സി. എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-31 വലിയകണ്ടം ജലസേചനം - സ്വകാര്യ സ്ഥാപനത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി - തുക വകമാറ്റി ചെലവ് ചെയ്തു (3-19)

| | |
|---|---|
| പ്രോജക്ട് നമ്പർ | 457/21 |
| അടങ്കൽ | ₹22,00,000 /-<br>(വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | വിൻസന്റ് ജോസഫ് |
| ബിൽ റഫറൻസ് നം./ തീയതി/തുക | 13601371651/26.03.2021, ₹12,78,099/-<br>13601432373/29.03.2021, ₹6,18,789/- |
| | ആകെ - ₹18,96,888/- |



രാജാക്കാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിരിക്കുന്ന വലിയകണ്ടം ജലസേചനം എന്ന പദ്ധതി നിലവിലെ സ്ഥിതിയിൽ പൊതു ജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ ക്രിസ്തുരാജ് ഫൊറോനാ ചർച്ച് എന്ന സ്ഥാപനത്തിന്റെ അധീനതയിലാണ്. ഈ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കുളവും ടാങ്കും നിർമ്മിച്ചിരിക്കുന്ന പദ്ധതിയിൽ നിലവിൽ പ്രസ്തുത സ്ഥാപനത്തെ കൂടാതെ മറ്റ് ഗുണഭോക്താക്കൾ ആരുമില്ല. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ജലസേചന പദ്ധതിക്കായി നിർമ്മിച്ച കുളവും ടാങ്കും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥതാവകാശം ജില്ലാപഞ്ചായത്തിന് നിരുപാധികം വിട്ടുകിട്ടിയതിന്റെയും ഉടമസ്ഥാവകാശം കൈമാറുന്ന നടപടികൾ പൂർത്തീകരിച്ചതിന്റെയും രേഖകൾ ലഭ്യമായില്ല.

2. ജലസേചന പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃഷി ഓഫീസറിൽ നിന്നും ലഭ്യമാകേണ്ട ആയക്കെട്ട് സർട്ടിഫിക്കറ്റ് ലഭ്യമല്ല.

3. പദ്ധതിയുടെ നിർവ്വഹണ സമയത്തോ തുടർ നടത്തിപ്പിനായോ ഗുണഭോക്തൃ സമിതി രൂപീകരിച്ചിട്ടില്ല. ഗുണഭോക്താക്കളെ സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ല.

4. ജലസേചന പദ്ധതിയാണ് വിഭാവനം ചെയ്തതെങ്കിലും ജലസേചനം പൂർണ്ണമായും ഒഴിവാക്കി കുടിവെള്ളത്തിനായി ഉപയോഗിക്കുന്നത് മൂലം ഉൽപ്പാദന മേഖലയിൽ ചെലവഴിക്കേണ്ട തുക വക മാറ്റിയിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/22.11.2021-ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയതായി പറയുന്നു. ക്രിസ്തുരാജ് ഫൊറോനാ ചർച്ച് വികാരി ഫാദർ അബ്രാഹം പുറയാറ്റ് കൃഷി ആവശ്യത്തിന് 6 സെന്റ് സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുവാൻ നൽകിയ അപേക്ഷയും രാജക്കാട് വില്ലേജ് ഓഫീസർ 04/06/2018-ൽ ദേവികുളം ആർ.ഡി.ഒ-ക്ക് നൽകുന്നതിനായി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പുമാണ് മറുപടിയായി നൽകിയത്. എന്നാൽ ഈ റിപ്പോർട്ട് ആർ.ഡി.ഒ.യുടെ ഓഫീസോ തഹസീൽദാരുടെ ഓഫീസോ പരിഗണിച്ചതിന്റെയോ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. സ്ഥലം നാളിതുവരെ ജില്ലാപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രിസ്തുരാജ് ഫൊറോനാ ചർച്ചിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 342/1-ൽ ഉൾപ്പെട്ട 4 സെന്റ് സ്ഥലത്ത് കുളവും സർവ്വേ നമ്പർ 342/29-ൽ ഉൾപ്പെട്ട 2 സെന്റ് സ്ഥലത്ത് ടാങ്കുമാണ് നിർമ്മിച്ചിരിക്കുന്നത്. പള്ളിയുടെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയത്തിന് സമീപത്താണ് ടാങ്ക് നിർമ്മിച്ചിരിക്കുന്നത്. ടാങ്കിൽ നിന്നും ജലം ഓഡിറ്റോറിയത്തിലെ വിവിധ പരിപാടികളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നത്. നിലവിലെ സ്ഥിതയിൽ പൊതു ജനങ്ങൾക്ക് വേണ്ടി എന്ന പേരിൽ ഒരു സ്ഥാപനത്തിനുവേണ്ടി മാത്രം 22 ലക്ഷം രൂപ അടങ്കലിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് കുളവും ടാങ്കും നിർമ്മിച്ച് നൽകിയത് പൊതു പണത്തിന്റെ ദുരുപയോഗമാണ്. എറ്റെടുക്കുന്ന പ്രോജക്ടുകളിന്മേലുള്ള ശരിയായ സോഷ്യൽ ഓഡിറ്റിന്റെ അഭാവമാണ് ഇത് വ്യക്തമാക്കുന്നത്. ഇത് മൂലം ജില്ലാപഞ്ചായത്തിന് നഷ്ടമായി മാറിയ ₹18,96,888/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹18,96,888/- പദ്ധതി രൂപീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പദ്ധതി രൂപീകരണത്തിനും നിർവഹണത്തിനും നേതൃത്വം നൽകിയ ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-32 കുളപ്പാറ എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ - പദ്ധതി പൂർത്തീകരിച്ചില്ല (3-20)

| | |
|---|---|
| പ്രോജക്ട് നം. | 1303/20-21 |
| അടങ്കൽ | ₹10,00,000/- ( വികസന ഫണ്ട് – എസ്.സി.പി) |

| | |
|---|---|
| കരാറുകാരൻ | ഹാരിസ് മുഹമ്മദ് |
| കരാർ തുക | ₹7,27,206/- |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601442898/30.03.2021<br>₹4,33,785/-(പാർട്ട് ബിൽ) |
| എം. ബുക്ക് നമ്പർ | 168/2019-20 |

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ കുളപ്പാറ എസ്.സി കോളനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം എന്ന പ്രോജക്റ്റ് ₹10,00,000/- അടങ്കൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചതാണ്. ₹10,00,000/- വകയിരുത്തിയിരുന്നുവെങ്കിലും തൻ വർഷം ₹4,33,785/- മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. എം. ബുക്ക് നമ്പർ-168/2019-20 പേജ് നമ്പർ 5-ൽ ഇനം നമ്പർ 16 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് പ്രൈസ് (PRICE) 2016 സ്പെസിഫിക്കേഷൻ 50.10.1 പ്രകാരമുള്ള സ്റ്റീൽ പ്രവർത്തികളാണ്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Description | അളവ് |
|---|---|
| 50.10.1<br>Steel Work Inbuilt Up GI Tubular (Round.square Or Rectangular<br>Hollow Tubesetc) Trusses Etc Including Cutting ,Hoisting,<br>Fixing In Position And Applaying A Priming Coat Of Approved<br>Steel Primer,including Welding And Boltedwith Special Shaped<br>Washers Etc Complete | 480.16 കി.ഗ്രാം |

എം. ബുക്ക് പേജ് 7, 8 പ്രകാരം ചെയ്തിരിക്കുന്ന 480.16 കി.ഗ്രാം സ്റ്റീൽ പ്രവൃത്തികളിൽ 247.407 കി.ഗ്രാം സ്റ്റീൽ പ്രവൃത്തികളിലെ ഒരു ഇനമായ പർലിൻ ആവശ്യത്തിനുവേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. 480.16 കി.ഗ്രാം ഉപയോഗിച്ചുള്ള സ്റ്റീൽ പ്രവൃത്തികൾക്ക് ₹133.85/കി.ഗ്രാം നിരക്കിൽ എം. ബുക്ക് പേജ് നം. 39 പ്രകാരം ₹64,269.41/- നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തിയിൽ പർലിൻ ആവശ്യത്തിന് വേണ്ടി ഉപയോഗിച്ചിരിക്കുന്ന 247.407 കി.ഗ്രാം സ്റ്റീലിന് നൽകാവുന്നത് പ്രൈസ് 2016-ലെ 50.10.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള 121.27/കി.ഗ്രാം എന്ന നിരക്കാണ്. തന്മൂലം പർലിൻ നിർമ്മാണത്തിന് അധിക നിരക്കാണ് നൽകിയിരിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| 50.10.2 | Steel Work For Purlin/single Section With G I Pipes Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc. Complete |

ഈ പ്രവർത്തിക്ക് നൽകാവുന്ന നിരക്ക് ₹ 121.27/kg മാത്രമാണ് (അടിസ്ഥാന നിരക്ക് 81.55 + കോസ്റ്റ് ഇൻഡക്സ്@ 48.71% le 39.72 = 121.27) അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച സ്റ്റീലിന്റെ അളവ് | നൽകിയ<br>തുക ₹ | നൽകാവുന്ന<br>തുക₹ | അധികം<br>നൽകിയ തുക ₹ |
|---|---|---|---|
| 247.407കി.ഗ്രാം | 247.407x133.85 =<br>33,115 | 247.407x121.27=<br>30,003 | 3112<br>+ GST 12% |

| | | | |
|---|---|---|---|
| | | | =3485 |

30.03.2021-ൽ പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. തുടർ വർഷത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിരിക്കുന്ന സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുനൽകിയിട്ടുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം ആരുടെതാണെന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 42/03.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹3,485/- (GST-₹35, WF-₹35 ഉൾപ്പെടെ) എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവിൽ നഷ്ടം കിഴിച്ചുള്ള ₹4,30,300/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-33 മുപ്പതേക്കർ അങ്കണവാടി റിനോവേഷൻ - അധികം തുക നൽകി (3-21)

| | |
|---|---|
| പ്രോജക്ട് നമ്പർ | 685/20-21 |
| അടങ്കൽ | ₹20,00,000/-<br>(വികസന ഫണ്ട് -എസ്.സി.പി) |
| കൺവീനർ | ഉഷാകുമാരി പി. കെ. |
| ബിൽ റഫറൻസ്<br>നം./തീയതി/തുക | 13600755715/തീ. 29.10.2019, ₹6,75,077/-<br>13600021830/തീ. 11.04.2020, ₹4,12,076/-<br>136011288279/തീ. 18.03.2021, ₹2,06,746/- |
| | ആകെ = ₹12,93,899/- |
| കരാർ നമ്പർ | 35/BC/AEE/LSGD/IDK/2018-19/Dt. 04.12.2018 |
| എം. ബുക്ക് നമ്പർ | 2348/2019-20, 2342/2019-20 |

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ മുപ്പതേക്കർ അംഗൻവാടി റിനോവേഷന് വേണ്ടി തയ്യാറാക്കിയിരിക്കുന്ന പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ഇനം നം. 23 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് സ്റ്റീൽ പ്രവൃത്തികളാണ്. ഇതിന്റെ സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

| Description |
|---|
| 50.10.1<br>Steel Work Inbuilt Up GI Tubular (Round.square Or Rectangular Hollow Tubesetc) Trusses Etc., Including Cutting, Hoisting, Fixing In Position And Applaying A Priming Coat Of Approved Steel Primer,<br>Including Welding And Boltedwith Special Shaped Washers Etc., Complete |

50.10.1 സ്പെസിഫിക്കേഷൻ അനുസരിച്ച് എം. ബുക്ക് നം. 2342/19, പേജ് നം. 16 പ്രകാരം പർലിൻസ്/ഗേറ്റ് സ്ഥാപിക്കാൻ ഉപയോഗിച്ച 158.032 കി. ഗ്രാം സ്റ്റീലും എം. ബുക്ക് നം. 2348/19, പേജ് നം. 28-32 പ്രകാരമുള്ള 141.392 കി.ഗ്രാം സ്റ്റീലും ചേർത്ത് ആകെ 299.424 കി.ഗ്രാം സ്റ്റീൽ ഉപയോഗിച്ചതായി രേഖപ്പെടുത്തി കിലോഗ്രാമിന് ₹145.02 നിരക്കിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പർലിൻസ്/ഗേറ്റ് സ്ഥാപിക്കുന്നതിന് നൽകാവുന്നത് പ്രൈസ്-ലെ 50.10.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ₹121.27/kg എന്ന നിരക്കാണ് (അടിസ്ഥാന നിരക്ക് – ₹81.55+48.71% കോസ്റ്റ് ഇൻഡക്സ് – 39.72 = 121.2). വിശദാംശം താഴെ നൽകുന്നു.

| Description |
|---|
| 50.10.2<br>Steel Work For Purllin With GI Pipes Including Cutting, Hoisting, Fixing In Position And Applaying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc., Complete |

അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ നല്കുന്നു.

| ഉപയോഗിച്ച സ്റ്റീലിന്റെ അളവ് | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|
| 299.424കി.ഗ്രാം | 299.424x 145.02= 43422.46 | 299.424x121.27 = 36311.14 | 7111<br>(-)5.50% OHC = 391<br>= 6720 |

₹20,00,000/- അടങ്കൽ തുക ഉൾപ്പെടുത്തി ആവിഷ്കരിച്ച ഈ പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഇലക്ട്രിക് പ്രവർത്തികൾക്ക് തുക വകയിരുത്തിയിരുന്നുവെങ്കിലും ഈ പ്രവൃത്തികൾ ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ₹12,93,899/- ഫൈനൽ ബിൽ നൽകുകയാണ് ചെയ്തിരിക്കുന്നത്. നിലവിൽ അംഗൻവാടി പ്രവർത്തിക്കുന്നത് അടിസ്ഥാന

സൗകര്യമില്ലാത്ത മറ്റൊരു കെട്ടിടത്തിലാണ്. 2018-19 വർഷത്തിൽ ആരംഭിച്ച പ്രവർത്തി നാളിതുവരെ പൂർത്തികരിച്ചിട്ടില്ല. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് സംഭവിച്ചിരിക്കുന്നത്. മോണിറ്ററിംഗ് സംവിധാനത്തിലെ വീഴ്ചയാണ് മരാമത്ത് പ്രവൃത്തികളുടെ പരാജയത്തിന്റെ പ്രധാന കാരണം.

അംഗൻവാടികൾക്ക് അനിവാര്യമായ ഇലക്ട്രിക്ക് പ്രവർത്തികൾ ഒഴിവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 47/10.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ ₹6,720/- ഉത്തരവാദികളായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. പദ്ധതി പൂർത്തികരിക്കാത്തതിനാലും തുടർ വർഷങ്ങളിൽ പദ്ധതി ഏറ്റെടുത്തിട്ടില്ലാത്തതിനാലും ആകെ ചെലവിൽ നഷ്ടം കിഴിച്ചുള്ള ₹12,87,179/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 (1) കുമളി മാലിന്യ സംസ്കരണ പ്ലാന്റിനോട് ചേർന്ന് കെട്ടിട നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - ലക്ഷങ്ങളുടെ പാഴ്ചെലവ്

പ്രോജക്ട് ആസൂത്രണത്തിൽ ഏകോപനമില്ല

2020-21 വർഷത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 785/20, 508/21 |
| അടങ്കൽ | ₹43,00,000/-<br>(വികസന ഫണ്ട് ജനറൽ) |
| കരാറുകാരൻ | ശ്രീ. വി. ജെ. രാജു |
| കരാർ നമ്പർ | 245/T/AEE/LSGD/IDK/2019-20, തീ.22.02.2020 |
| ബിൽ റഫറൻസ് നം./തീയതി/തുക | 1) 13600854784/തീ.23.12.2020, ₹15,51,646/-<br>2) 13601418438/തീ. 29.03.2021, ₹27,44,010/-<br>ആകെ - ₹42,95,656/- |
| എം. ബുക്ക് നമ്പർ | 147/2019-20 |



കുമളി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള മാലിന്യ സംസ്കരണ പ്ലാന്റിനോടുചേർന്ന് ₹43,00,000/- വകയിരുത്തി കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തത്. ലക്ഷങ്ങൾ മുതൽ മുടക്കി മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. വളരെയധികം ടൂറിസം സാധ്യതകളുള്ള ഈ പഞ്ചായത്തിൽ ആധുനിക സാങ്കേതിക വിദ്യകളുള്ള മാലിന്യ സംസ്കരണ പ്ലാന്റ് അനിവാര്യമാണ്. ഇതിന് മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെയും

ഏജൻസികളുടെയും സഹകരണത്തോടുകൂടിയുള്ള ബൃഹത്തായ സംയുക്ത പദ്ധതി ആവിഷ്കരിക്കുകയായിരുന്നു ഉചിതം. എന്നാൽ സ്ഥലം ഉടമസ്ഥതയുള്ള ഗ്രാമപഞ്ചായത്തുമായി കൂടിയാലോചന നടത്തിയതിന്റെയോ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനമോ ഫയലിൽ ലഭ്യമല്ല. 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ അതിശക്തമായ മണ്ണൊലിപ്പുണ്ടായതിനെ തുടർന്ന് രൂപപ്പെട്ട അഗാധമായ കൊക്കയിലാണ് ബഹുനില കെട്ടിടത്തിനായി സ്ട്രക്ചറും താഴത്തെ നിലയുടെ റൂഫും ഭാഗികമായി നിർമ്മിച്ചത്. 14.02.2018-ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയും 2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാനുവലിന്റെ സെക്ഷൻ 2302.1, 2301.2 എന്നിവയും അനുസരിച്ച് പ്ലമ്പിംഗ്, വയറിംഗ് ഉൾപ്പെടെ പൂർണ്ണമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ കെട്ടിടം പൂർത്തീകരിക്കുന്നതിന് മതിയായ ഇനങ്ങൾ ഉൾപ്പെടുത്താതെ ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുകയും പൂർത്തീകരണത്തിനായി തുടർന്നുള്ള വർഷം പദ്ധതി ആവിഷ്കരിക്കാതെ പദ്ധതി ഉപേക്ഷിക്കുകയും ചെയ്യുതുമൂലം ലക്ഷങ്ങൾ പാഴ്ചെലവായി മാറിയിരിക്കുന്നു. പദ്ധതി രൂപീകരണത്തിനും മോണിറ്ററിംഗിനും ബാദ്ധ്യസ്ഥമായ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ഇത് സംബന്ധിച്ച് സമയാസമയങ്ങളിൽ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

പദ്ധതി പൂർത്തീകരിക്കുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനും ഉപയുക്തമായ രീതിയിൽ തുടർന്നുള്ള വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ലാത്തതിനാലും കെട്ടിടം പ്രയോജനരഹിതമായി പരിണമിച്ചിരിക്കുന്നതിനാലും ₹42,95,656/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34(2) വേലിയമ്പാറക്കുടി വനിതാ തൊഴിൽ പരിശീലനകേന്ദ്രം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 438/21 |
| അടങ്കൽ | ₹15,00,000/- (വികസനഫണ്ട് – ജനറൽ) |
| കോൺട്രാക്ടർ | ശ്രീ. ജോസ് വർഗീസ് |
| എം. ബുക്ക് നമ്പർ | 277/2019-20 |
| ബിൽ നമ്പർ | 13600359592/തീ. 21.07.2020, ₹6,15,212/-<br>13601381846/തീ. 26.03.2021, ₹8,44,891/- |



മാങ്കുളം ഗ്രാമപഞ്ചായത്തിലെ വേലിയമ്പാറക്കുടി എസ്. റ്റി. കോളനിയിൽ ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് വനിതകൾക്കായി തൊഴിൽ പരിശീലനകേന്ദ്രം തുടങ്ങുവാൻ ആവിഷ്കരിച്ചതാണ് പദ്ധതി. ഇതിനായി ₹14,60,103/- ചെലവഴിച്ചു. കെട്ടിടത്തിന്റെ എസ്റ്റിമേറ്റിൽ കാതലായ മാറ്റങ്ങൾ വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭിത്തി നിർമ്മാണം, വാതിൽ, ജനൽ നിർമ്മാണം, ടൈൽ, ടോയ്‌ലറ്റ് നിർമ്മാണം എന്നിവയെല്ലാം ഒഴിവാക്കി മേൽക്കൂര, സൺഷേഡ്, വരാന്ത എന്നിവ കൂട്ടിച്ചേർത്തു. 15 തൂണുകളിലായി ഒരു മേൽക്കൂര മാത്രമായി പണിത് പദ്ധതി അവസാനിപ്പിച്ചു. തുടർ വർഷങ്ങളിൽ പദ്ധതി പൂർത്തീകരണത്തിനായി തുക വകയിരുത്തിയിട്ടുമില്ല. ചുരുക്കത്തിൽ ₹14,60,103/- ചെലവഴിച്ച് സ്ട്രക്ചറൽ പ്രവൃത്തികൾ പോലും പൂർത്തിയാക്കാതെ പദ്ധതി ഉപേക്ഷിക്കപ്പെട്ടു. ഇത് സംബന്ധിച്ച് 08/12/2021-ന് നൽകിയ ഓഡിറ്റ് എൻക്വയറി

നമ്പർ 24-ന് മറുപടി ലഭിച്ചില്ല. വനിതാക്ഷേമം മുൻനിറുത്തി ആവിഷ്കരിച്ച മറ്റ് പല പദ്ധതികൾ പോലെ കേവലം ഒരു കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ പ്രവൃത്തികൾ മാത്രമായി ഈ പദ്ധതിയും അവസാനിക്കുന്നു. പദ്ധതി ലക്ഷ്യം കാണാത്ത സാഹചര്യത്തിൽ ₹14,60,103/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34(3) വെള്ളെള്ള് ഭൂസംരക്ഷണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 469/21 |
| അടങ്കൽ | ₹20,00,000/- ( വികസന ഫണ്ട് - ജനറൽ) |
| കരാറുകാരൻ | രാജീവ് പി. എസ്. |
| എം. ബുക്ക് നമ്പർ | 173/2019-20 |
| ബിൽ റഫറൻസ് നമ്പർ | 13601012013/തീ. 29.01.2021<br>₹19,17,561/- |




വണ്ണപ്പുറം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വെള്ളെള്ള് യുവജനക്ഷേമകേന്ദ്രം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന്റ പിൻഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. ഏകദേശം 50 മീറ്റർ നീളത്തിൽ 13 മീറ്ററോളം ഉയരത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചെങ്കിൽ മാത്രമേ 3 നിലയിലായി സ്ഥിതി ചെയ്യുന്ന യുവജനക്ഷേമ കേന്ദ്രം സംരക്ഷിക്കാൻ സാധിക്കൂ എന്നിരിക്കെ 20 ലക്ഷം രൂപ ചെലവഴിച്ച് അസ്ഥിവാരം ഉൾപ്പെടെ 1.5 മീറ്റർ ഉയരത്തിലുള്ള ഒരു കെട്ട് മാത്രമാണ് നിർമ്മിച്ചത്. ഇതുകൊണ്ട് കെട്ടിടത്തിന് യാതൊരു സംരക്ഷണവും ഉണ്ടാകുന്നില്ല. 2021-22 വർഷം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടില്ല. തൻമൂലം പദ്ധതിക്കായി ചെലവഴിച്ച ₹19,17,561/- പാഴ്ചെലവായി മാറിയിരിക്കുന്നു. സംരക്ഷണത്തിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിച്ചില്ലെങ്കിൽ വെള്ളെള്ള് യുവജനക്ഷേമ കേന്ദ്രത്തിന്റെ കെട്ടിടം ഇടിഞ്ഞുപോകുവാനുള്ള സാധ്യത നിലനിൽക്കുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ചെലവ് സംബന്ധിച്ച പഠനം നടത്തുകയോ ചെയ്യാതെ അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രക്രിയ മാത്രമാണ് നടത്തിയത്. ഈ നിർമ്മാണം കൊണ്ട് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. ആവശ്യമായ ചർച്ചകൾ

നടത്താതെയും മോണിട്ടറിംഗ് നടത്താതെയും പദ്ധതികൾ ആവിഷ്കരിക്കുന്നത് മൂലമാണ് ഇപ്രകാരം പാഴ്ചെലവ് ഉണ്ടാവുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 31/14.12.2021-ന് മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച ₹19,17,561/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34(4) മുള്ളരിങ്ങാട് എസ്.സി. വനിത തൊഴിൽ പരിശീലന കേന്ദ്രം - ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1278/20-21 |
| അടങ്കൽ | ₹10,00,000/- (വികസനഫണ്ട് – എസ്.സി.പി.) |
| കരാറുകാരൻ | ശ്രീ. പി. കെ. ഷാജി |
| അളവ് ബുക്ക് നം. | 320/20 |
| ബിൽ നം | 13600570663/തീ. 29.09.2020, ₹8,37,219/- |

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിൽ പണി കഴിപ്പിച്ചിരുന്ന എസ്.സി. വനിത തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ പൂർത്തീകരണമാണ് ഈ പ്രോജക്ടിൽ ലക്ഷ്യം വച്ചത്. ജനലുകൾ, വാതിൽ, ഫ്ലോറിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണ ജോലികൾ എന്നിവ ഉൾപ്പെടുത്തി ₹10,00,000/-യുടെ എസ്റ്റിമേറ്റ് ഇതിനായി തയ്യാറാക്കി. വൈദ്യുതീകരണത്തിനായി ₹1,45,000/- വകയിരുത്തി. ഈ ഇനം ഒഴിവാക്കിയാണ് ടെണ്ടർ നടത്തിയത്. പ്രവൃത്തി പൂർത്തിയാക്കി ₹8,37,219/-യുടെ അന്തിമ ബിൽ തയ്യാറാക്കി കരാറുകാരന് നൽകി. വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് എടുക്കുകയോ, പണികൾ നടത്തുകയോ ചെയ്തിട്ടില്ല. അന്തിമ ബിൽ നൽകിയതോടെ വൈദ്യുതീകരണത്തിനായി നീക്കിവെച്ചിരുന്ന തുകയും നഷ്ടമായി. തൊഴിൽ പരിശീലന കേന്ദ്രത്തിന് വൈദ്യുതി അനിവാര്യഘടകമായിരിക്കെ ഇതൊഴിവാക്കിയത് പദ്ധതി നടത്തിപ്പിലെ പാളിച്ചയാണ്. നിലവിൽ കെട്ടിടം യാതൊരു പരിശീലനത്തിനും ഉപയോഗിക്കാതെ പൂട്ടിയിട്ട നിലയിലാണ്. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 62/21.03.2022-ന് മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച ₹8,37,219/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34(5) പാറേകുന്നേൽപടി ജലസേചന പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 352/20-21 |
| അടങ്കൽ | ₹20,00,000/- (വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | ശ്രീ. പി. എ. ഷാജി |
| ബിൽ റഫറൻസ് നം./തീയതി | 31653/തീ. 21.03.2021 ₹3,74,819/- |
| എം. ബുക്ക് നം. | 112/20-21 |

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ പാറേകുന്നേൽപടി ഭാഗത്ത് ജലസേചന സൗകര്യങ്ങൾ വർദ്ധപ്പിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്. 2018-19-ൽ ആവിഷ്കരിച്ച ഈ പദ്ധതിയിൽ 2020-21-ൽ പാർട്ട് ബില്ലായി ₹3,74,819/- ചെലവഴിച്ചു. പദ്ധതിയിലുൾപ്പെടുത്തി കിണർ നിർമ്മിച്ചതൊഴികെ മറ്റ് പ്രവൃത്തികൾ നടത്തിയില്ല. കിണർ നിർമ്മിച്ചിരിക്കുന്ന

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആരുടെതാണെന്ന് വ്യക്തമല്ല. സ്ഥലം ജില്ലാപഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ല. ജലസേചന പദ്ധതിയ്ക്ക് അനിവാര്യമായ ആയക്കെട്ട് സർട്ടിഫിക്കറ്റ് കൃഷി ഓഫീസറിൽ നിന്നും ലഭ്യമാക്കാതെയാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/12.10.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിലും നിലവിൽ പദ്ധതി കൊണ്ട് പൊതുജനങ്ങൾക്ക് പ്രയോജനമില്ലാത്തതിനാലും ₹3,74,819/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 മുള്ളരിങ്ങാട് കാർഷിക വിപണന കേന്ദ്രം - ക്ഷീരോല്പാദക സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിച്ച് നൽകി (3-22)

| | |
|---|---|
| പ്രോജക്ട് നം. | 796/20 |
| അടങ്കൽ | ₹20,00,000/- ( വികസന ഫണ്ട് ജനറൽ) |
| ബിൽ നമ്പർ | 13601184429/തീ. 31.01.2020 ₹8,04,914/-<br>(ക്യൂ ബിൽ നമ്പർ329/29.05.2021)<br>13601273490/തീ. 08.03.2022 ₹9,47,347/- |
| | ആകെ - ₹17,52,261/- |




വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ മുള്ളരിങ്ങാട് കാർഷിക വിപണനകേന്ദ്രം എന്ന പേരിൽ കെട്ടിടം നിർമിച്ചിരിക്കുന്നത് മുള്ളരിങ്ങാട് ക്ഷീരോല്പാദക സഹകരണ സംഘം വക സ്ഥലത്താണ്. പ്രസ്തുത കെട്ടിടം കാർഷിക വിപണനകേന്ദ്രം നടത്തുന്നതിനുള്ളതല്ലെന്നും ക്ഷീര സംഘത്തിന്റെ ആവശ്യത്തിന് വേണ്ടി നിർമിച്ചതാണെന്നും വ്യക്തമായിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173 പട്ടിക 5-ൽ ജില്ലാപഞ്ചായത്തിന്റെ ചുമതലകൾ നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ക്ഷീര സംഘങ്ങൾക്ക് വേണ്ടിയുള്ള നിർമ്മാണമോ സംരക്ഷണമോ ഉൾപ്പെട്ടിട്ടില്ല. 14.02.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ. പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.11 (4) അനുസരിച്ച് ക്ഷീര സഹകരണ സംഘങ്ങൾക്ക് പാൽ ശേഖരിക്കുന്ന മുറികൾ പണിയുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകാവുന്നതാണ്. പ്രസ്തുത സർക്കാർ ഉത്തരവിനെയും പഞ്ചായത്ത് രാജ് നിയമത്തെയും

മറികടക്കുന്നതിനായി ക്ഷീരസംഘത്തെക്കുറിച്ച് പരാമർശിക്കാതെ കാർഷിക വിപണന കേന്ദ്രം എന്ന പേരിൽ പദ്ധതി തയ്യാറാക്കുകയാണ് ചെയ്തിരിക്കുന്നത്. 20 ലക്ഷം രൂപ വകയിരുത്തി കാർഷിക വിപണന കേന്ദ്രം എന്ന പേരിൽ ക്ഷീര സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി പദ്ധതി നടപ്പാക്കിയത് സബ്സിഡി മാർഗ്ഗരേഖയുടെയും പഞ്ചായത്ത് രാജ് നിയമത്തിന്റെയും ലംഘനമാണ്. 27.11.2021–ൽ എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. വണ്ണപ്പുറം സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ നേരിട്ടുള്ള പരിശോധനയിലും ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രസ്തുത സ്ഥാപനത്തിനായി കെട്ടിടം നിർമ്മിച്ച് നൽകിയതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സ്ഥലവും കെട്ടിടവും ക്ഷീരസംഘത്തിന്റെ ഉടമസ്ഥതയിലാണെന്നും വൈദ്യുതീകരണം കൂടി പൂർത്തീകരിച്ചാൽ ക്ഷീരസംഘം പ്രവർത്തനം ഈ കെട്ടിടത്തിലേക്ക് മാറുമെന്നും സംഘം പ്രസിഡന്റും സെക്രട്ടറിയും വാക്കാൽ സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14-ന് മറുപടി നൽകിയിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്തതും മറ്റൊരു സ്ഥാപനത്തിന്റെ ഉടസ്ഥതയിലുള്ളതുമായ സ്ഥലത്ത് ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യത്തിനായി കെട്ടിടം നിർമ്മിച്ചത് പൊതുപണത്തിന്റെ ദുരുപയോഗമാണ്. ഈ സാഹചര്യത്തിൽ പദ്ധതിക്കായി നടത്തിയ ₹17,52,261/-യുടെ ചെലവ് നിരാകരിക്കുന്നു. നിയമ വിരുദ്ധമായി പദ്ധതി രൂപീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പദ്ധതിക്ക് അംഗീകാരം നൽകിയ എക്സിക്യൂട്ടീവ് എൻജിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പദ്ധതി നടപ്പാക്കിയ ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും ₹17,52,261/-യുടെ നഷ്ടം തുല്യമായി ഈടാക്കേണ്ടതാണ്.

1-36 രാജമുടി ആപ്കോസ് - സർക്കാർ ഉത്തരവും കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനവും മറികടന്ന് കെട്ടിട നിർമ്മാണം (3-23)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 379/21 |
| അടങ്കൽ | ₹33,00,000/- (വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | ശ്രീ. സജി സെബാസ്റ്റ്യൻ |
| അളവ് ബുക്ക് നം.<br>ബിൽ റഫറൻസ് നം./തീയതി/തുക | 262/19-20, 65/20-21.<br>ബിൽ നം. 269/തീ. 27.05.2021, ₹15,41,182/-<br>13601117227/തീ. 20.02.2021, ₹12,47,267/- |







തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14/02/2018-ലെ സ.ഉ(കൈ)നം.22/2018/നമ്പർ ഉത്തരവിലെ ഖണ്ഡിക 6.11(4) പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പാൽ ശേഖരിക്കുന്ന മുറികൾ നിർമ്മിക്കുന്നതിന് ചെലവിന്റെ 50% പരമാവധി ഒരു ലക്ഷം

രൂപ മാത്രമേ അനുവദിക്കാവൂ എന്ന് നിർദ്ദേശമുള്ളതാണ്. പ്രസ്തുത നിർദ്ദേശം എക്സിക്യൂട്ടീവ് എൻജിനീയർ ഭരണസമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ഷീര സംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിന് പ്രത്യേക അനുമതിക്കായി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് 31.01.2018-ലെ സി.എ.-108/18 നമ്പർ കത്ത് പ്രകാരം സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിക്കുകയും പ്രസ്തുത കത്ത് പരിഗണിച്ച് സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി 06.02.2018-ലെ 4.14 നമ്പർ തീരുമാന പ്രകാരം പാൽ ശേഖരിക്കുന്ന മുറി നിർമ്മിക്കുന്നതിന് മാത്രമായി അനുമതി നൽകുന്നുവെന്നും ഇതിനായി പരമാവധി ഒരു ലക്ഷം രൂപയിൽ ചെലവ് പരിമിതപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരമുള്ള സർക്കാർ ഉത്തരവും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും എൻജിനീയറിംഗ് വിഭാഗത്തിന്റെ എതിർപ്പും മറികടന്ന് ഇടുക്കി ജില്ലാപഞ്ചായത്ത് രാജമുടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് നൽകിയിരിക്കുന്നു. രാജമുടി ക്ഷീരോല്പാദക സഹകരണ സംഘം പ്രസിഡന്റിന്റെ പേരിലുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് വിട്ടു നൽകിയിട്ടില്ല.

2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ക്ഷീര സംഘങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. സർക്കാർ നിർദ്ദേശവും സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും ലഭിച്ചതിന് ശേഷവും പദ്ധതിയുടെ ചെലവ് പരിമിതപ്പെടുത്തുവാനോ പദ്ധതി ഉപേക്ഷിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകുവാനോ തയ്യാറാകാതെ ഭരണ സമിതി പദ്ധതിയുമായി മുന്നോട്ടുപോവുകയാണ് ഉണ്ടായത്. അതായത് പദ്ധതി നടത്തിപ്പ് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് ഭരണ സമിതിയുടെ ശ്രദ്ധയിൽ വന്നതിന് ശേഷവും പദ്ധതിയിൽ നിന്നും പിന്മാറുന്നതിന് ആവശ്യമായ സമയം ഉണ്ടായിരുന്നിട്ടും പദ്ധതിയുമായി മുന്നോട്ട് പോവുകയും പദ്ധതിക്ക് വേണ്ടി ₹31,63,766/- ചെലവഴിക്കുകയും ചെയ്തു. മുൻ വർഷങ്ങളിൽ ജില്ലാപഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ രണ്ടാം നില മോടിപിടിപ്പിക്കുന്നതിനും മൂന്നാം നിലയിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുമായിട്ടാണ് ഈ പദ്ധതി ഏറ്റെടുത്തത്. എസ്റ്റിമേറ്റ് ക്രമ നമ്പർ 21, 22, 23 എന്നിവ പ്രകാരം Aluminium Composit Panel (ACP), ഗ്ലാസ്സ് തുടങ്ങിയവ ഉപയോഗിച്ച് കെട്ടിടത്തിന്റെ രണ്ടാം നില മോടിപിടിക്കുന്നതിന് മാത്രമായി ₹7,33,801/- വകയിരുത്തിയിരിക്കുന്നു. കെട്ടിടത്തിന്റെ രണ്ടാം നിലയിൽ മൂന്ന് വലിയ മുറികളും മൂന്നാമത്തെ നിലയിൽ ഒരു ഹാളുമാണ് നിർമ്മിച്ചിട്ടുള്ളത്. സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമാണന്ന് ഉത്തമ ബോധ്യമുണ്ടായിട്ടും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും കോ-ഓർഡിനേഷൻ കമ്മിറ്റി അനുവാദം നൽകാതിരുന്നിട്ടും ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ക്രമവിരുദ്ധമാണ്.

സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായി പദ്ധതിക്ക് അംഗീകാരം നൽകിയ നടപടി പരിഗണനാർഹമല്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക നഷ്ടമായി കണക്കാക്കുന്നു. ₹27,88,449/- പദ്ധതിക്ക് അംഗീകാരം നൽകിയ ഭരണ സമിതി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-37(1) പൂണ്ടിക്കുളം സ്റ്റേഡിയം പദ്ധതി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 340/21 |
| അടങ്കൽ | ₹10,00,000/- ( വികസന ഫണ്ട് - ജനറൽ ) |
| കരാറുകാരൻ | ആന്റണി കെ. ജെ. |
| ബിൽ റഫറൻസ് നം./തീയതി | 31644/തീ. 29.03.21. ₹9,36,462/- |

| | |
|---|---|
| എം. ബുക്ക് നമ്പർ | 359/2019-20 |

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ പൂണ്ടിക്കുളം എന്ന സ്ഥലത്ത് ഇൻഡോർ ബാഡ്മിന്റൺ സ്റ്റേഡിയം സ്ഥാപിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ് ഇതിനായി തിരഞ്ഞെടുത്തത്. മണ്ണ് നീക്കം ചെയ്യൽ, റൂഫിംഗ്, വശങ്ങൾ മറയ്ക്കൽ, ഓഫീസ്, ടോയ്‌ലറ്റ് എന്നീ നിർമ്മാണ പ്രവൃത്തികളാണ് ഈ പദ്ധതി പ്രകാരം ഉദ്ദേശിച്ചിരുന്നത്. പദ്ധതിയുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുനല്കിയതിന്റെ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.

2. തറയുടെയും ടോയ്‌ലറ്റ്, ഓഫീസ് എന്നിവയുടെയും പണികൾ പൂർത്തികരിച്ചിട്ടില്ല. തുടർ പദ്ധതി ഇല്ലാത്തതിനാൽ ചെലവഴിച്ച തുക നഷ്ടമായി മാറിയിരിക്കുന്നു. പദ്ധതി പൂർത്തീകരണത്തിനുള്ള ഇനങ്ങൾ ഉൾപ്പെടുത്താതെ അപൂർണ്ണമായ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്.

3. വശങ്ങൾ മറയ്ക്കുന്ന പണികൾ പൂർത്തീകരിച്ചിട്ടില്ല.

4. എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ ചെയ്തുവെങ്കിലും പൂർത്തീകരണത്തിനായി തുടർ പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

തുടർ പദ്ധതികൾ ആവിഷ്കരിക്കാത്തതിനാൽ വിനിയോഗിച്ച ₹9,36,462/- പാഴ്ചെലവായി മാറിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3/12.10.2021-ന് മറുപടി നൽകിയിട്ടില്ല. മേൽ സാഹചര്യത്തിൽ ₹9,36,462/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37(2) വാളാർ-ഡി മാരിയമ്മൻ ടെമ്പിൾ പൊതുവേദി - നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 226/20, 342/21 |
| അടങ്കൽ | ₹10,00,000/- ( വികസന ഫണ്ട് -ജനറൽ) |
| കരാറുകാരൻ | കെ. ഷാജി |
| ബിൽ റഫറൻസ് നം./തീയതി/തുക | 1) 77479/തീ.18.04.2020 – ₹3,33,330/-<br>2) 42733/തീ.30.03.2021 – ₹4,98,411/-<br>ആകെ ₹8,31,741/- |
| എം. ബുക്ക് നമ്പർ | 147/2019 |



വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ വാളാർ-ഡി എസ്റ്റേറ്റിൽ മാരിയമ്മൻ കോവിലിന്റെ അടുത്തായി ഒരു പൊതുവേദി നിർമ്മിക്കുന്നതിന് ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. പ്രോജക്ടിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഫൗണ്ടേഷൻ, പില്ലർ, കോൺക്രീറ്റ് റൂഫിംഗ്, സൊളിഡ് ബ്ലോക്ക് മേസൺറി, വൈദ്യുതി പോസ്റ്റ് മാറ്റൽ എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. വാളാർ-ഡി എസ്റ്റേറ്റിന്റെ ക്ഷേത്രം വക സ്ഥലത്താണ് പ്രസ്തുത കെട്ടിടം. സ്ഥലം ജില്ലാപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന 10.835എം$^3$ സോളിഡ് ബ്ലോക്ക് മേസൻറി എന്ന ഇനം ചെയ്യാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. സ്ട്രക്ചറൽ പ്രവൃത്തികൾ മാത്രം ചെയ്ത ഈ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ച അവസ്ഥയിലാണ്. പദ്ധതി പൂർത്തീകരണത്തിനായി 2021-22 സാമ്പത്തിക വർഷം പ്രോജക്ട് ആസൂത്രണം ചെയ്തിട്ടില്ല. ഈ പദ്ധതി പൂർത്തീകരിച്ചാൽ ഈ പ്രദേശത്തിലെ എസ്റ്റേറ്റ് തൊഴിലാളികളായ വിശ്വാസികൾക്ക് ഏറെ പ്രയോജനപ്രദമായിരിക്കും. പദ്ധതി പൂർത്തീകരിക്കാനാവശ്യമായ തുടർ നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതാണ്. നിലവിൽ പദ്ധതി ഫലപ്രാപ്തിയിൽ എത്താത്തതിനാൽ ₹8,31,741/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37(3) മുരിക്കാശ്ശേരി ജലസേചനം - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 753/2020-21 |
| അടങ്കൽ തുക | ₹7,00,000/- (വികസന ഫണ്ട് – ജനറൽ) |
| കോൺട്രാക്ടർ | നൗഷാദ് പി എസ്. |
| കരാർ നമ്പർ | 254/Q/AEE/തീ. 29.02.2020 |
| ബിൽ റഫറൻസ് നം./തീയതി/തുക | 1360077624/തീ. 18.04.2020, ₹3,15,776/- |
| എം. ബുക്ക് നമ്പർ | 69/20-21 |

വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ മുരിക്കാശ്ശേരി ജലസേചനം എന്ന പേരിൽ മുരിക്കാശ്ശേരി എൽ. പി. സ്കൂളിലേക്ക് വെള്ളം എത്തിക്കുന്നതിന് ₹7,00,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയ്ക്കായി തൻവർഷം ₹3,15,776/- ചെലവഴിച്ചു. താഴെ ചേർത്തിരിക്കുന്ന ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| | |
|---|---|
| 1) | 15 എച്ച്.പി. സബ്മേഴ്സിബിൾ പമ്പ് സെറ്റ് |
| 2) | എച്ച്.ഡി.പി.ഇ. പൈപ്പ് (63എം.എം. 16 കി.ഗ്രാം) 400 മീറ്റർ |
| 3) | എച്ച്.ഡി.പി.ഇ. പൈപ്പ് (63എം.എം. 10 കി.ഗ്രാം) 400 മീറ്റർ |
| 4) | എച്ച്.ഡി.പി.ഇ. പൈപ്പ് (63എം.എം. 12.5 കി.ഗ്രാം) 400 മീറ്റർ |
| 5) | ശിലാഫലകം |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

2019-20-ലെ ആവിഷ്കരിച്ച ഈ പദ്ധതി 29.02.2020-ൽ കരാർ ചമച്ച് 6 മാസം പൂർത്തീകരണ സമയം നിശ്ചയിച്ച് പ്രവൃത്തി ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന 15 എച്ച്.പി. സബ്മേഴ്സിബിൾ പമ്പ് സെറ്റ്, എച്ച്.ഡി.പി.ഇ. പൈപ്പ് (63എം.എം. 10 കി.ഗ്രാം) 400 മീറ്റർ, ശിലാഫലകം എന്നിവ സ്ഥാപിച്ചിട്ടില്ല.

പദ്ധതി പൂർത്തീകരണത്തിനായി 2021-2022 വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതിക്കായി ചെലവാക്കിയ തുക പാഴ്ചെലവായി മാറിയിരിക്കുന്നു. അപാകതകളുടെ അടിസ്ഥാനത്തിൽ ₹3,15,776/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37(4) കൊല്ലത്തിക്കാവ് യുവജനക്ഷേമ കേന്ദ്രം - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 361/20-21 |
| അടങ്കൽ | ₹15,00,000/- (വികസന ഫണ്ട് – റ്റി.എസ്.പി.) |
| കരാറുകാരൻ | കെ. എ. ചെറിയാൻ |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601395956/തീ. 27.03.2021, ₹9,81,448/- |
| എം. ബുക്ക് നമ്പർ | 109/20-21 |

₹15,00,000/- അടങ്കൽ തുകയിൽ ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ കൊല്ലത്തിക്കാവ് ഭാഗത്ത് യുവജനക്ഷേമ കേന്ദ്രം നിർമ്മിക്കുവാൻ ഉദ്ദേശിച്ചുള്ളതായിരുന്ന പദ്ധതി. പദ്ധതിക്കായി തൻവർഷം ₹9,81,448/- ചെലവഴിച്ചു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. യുവജനക്ഷേമ കേന്ദ്രം നിർമ്മിച്ചിരിക്കുന്ന സ്ഥലം വനം വകുപ്പിന്റെ ഉടമസ്ഥതയിലാണ്. സ്ഥലം ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല. വനം വകുപ്പിന്റെ അനുമതിയില്ലാതെയാണ് നിക്ഷിപ്ത വനഭൂമിയിൽ നിർമ്മാണം നടത്തിയിരിക്കുന്നത്.

2. നിർമ്മാണം ഭാഗികമാണ്. തറയിടൽ, വാതിൽ, ജനൽ എന്നിവ സ്ഥാപിക്കൽ പെയിന്റിംഗ്, പ്ലമ്പിംഗ്, വയറിംഗ് എന്നീ പ്രവർത്തികൾ ചെയ്തിട്ടില്ല.

3. വൈദ്യുതി, ജല ലഭ്യത എന്നിവ ഉറപ്പാക്കിയില്ല.

4. ജനവാസ കേന്ദ്രത്തിൽ നിന്നും വളരെ അകലെയാണ് യുവജനക്ഷേമ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. തൊട്ടടുത്തുള്ള കോളനികളിൽ നിന്നും ഇവിടേക്കെത്തിച്ചേരുവാൻ വളരെ പ്രയാസകരമാണെന്ന് 29.09.2021-ൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

5. 2021-22 വർഷം പൂർത്തീകരണത്തിനായിട്ടുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്.

6. പ്രസ്തുത കെട്ടിടം കൊണ്ട് പ്രദേശവാസികൾക്ക് യാതൊരു പ്രയോജനവുമില്ലായെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25/09.12.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ ₹9,81,448/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37(5) നെല്ലിപ്പാറ അങ്കണവാടി - പണി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 1144/20-21 |
| അടങ്കൽ തുക | ₹20,00,000/- (വികസന ഫണ്ട് – എസ്.സി.പി.) |
| കൺവീനർ | ശ്രീമതി ജമീല ബീവി |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600612127/തീ. 13.10.2020, ₹7,01,887/- |
| എം. ബുക്ക് നമ്പർ | 96/20-21 |

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിൽ നെല്ലിപ്പാറ അങ്കണവാടി നിർമ്മാണത്തിന് ₹20,00,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. സ്ട്രക്ച്ചറൽ പണികൾ മാത്രമാണ് നിലവിൽ ചെയ്തിരിക്കുന്നത്. പദ്ധതിയ്ക്കായി തൻവർഷം ₹7,01,887/- ചെലവഴിച്ചു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നം. 11/18/ത.സ്വ.ഭ.വ/തീയതി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. അനുബന്ധ സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, പ്ലമ്പിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ഒറ്റ പ്രോജക്റ്റായി വേണം കെട്ടിട നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കേണ്ടത്. എന്നാൽ കെട്ടിടത്തിൽ വൈദ്യുതിയും വെള്ളവും ലഭ്യമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റുകളുടെ പ്രായോഗികത, വിജയസാദ്ധ്യത എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് ഉറപ്പ് വരുത്തിയിട്ടുള്ള രേഖകൾ ലഭ്യമല്ല. 13-ാം പഞ്ചവൽസര പദ്ധതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രമേ ബഹുവർഷ പ്രോജക്റ്റായി ആവിഷ്കരിക്കുവാൻ പാടുള്ളൂ എന്ന പദ്ധതി മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല. 2021-22 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ പൂർത്തീകരിക്കുവാൻ ആവശ്യമായ പദ്ധതി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി ആവിഷ്കരണത്തിലും മോണിറ്ററിംഗിലുമുള്ള വീഴ്ചയുടെ ബാക്കിപത്രമാണ് പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ട നെല്ലിപ്പാറ അങ്കണവാടി കെട്ടിടം. അപാകതകൾക്ക് വിശദികരണം ലഭ്യമാക്കുന്നതിന് 17.01.2022-ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39-ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹7,01,887/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37(6) വെള്ളിയാമറ്റം ജി.ടി.എച്ച്.എസ്.എസ്. സംരക്ഷണഭിത്തി - പണികൾ പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 513/21 |

| | |
|---|---|
| അടങ്കൽ | ₹20,00,000/- (വികസന ഫണ്ട്-ജനറൽ) |
| കൺവീനർ | ഗീതാകുമാരി എസ്. |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601431638/തീ. 29.03.2021, ₹61,394/ |
| എം. ബുക്ക് നമ്പർ | 2450/19 |

വെള്ളിയാമറ്റം പഞ്ചായത്തിലെ ജി.ടി.എച്ച്.എസ്.എസ്., പൂച്ചപ്ര-യ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി ₹20,00,000/- അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണിത്. അസിസ്റ്റന്റ് എഞ്ചിനീയർ 11/10/2019-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സ്കൂളിന്റെ സംരക്ഷണഭിത്തി നിർമ്മാണം വളരെ അടിയന്തിരമാണെന്നും സംരക്ഷണഭിത്തി നിർമ്മിക്കാത്തപക്ഷം സ്കൂൾ കെട്ടിടത്തിന്റെ നിലനിൽപ്പ് പോലും അപകടത്തിലാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വളരെ അടിയന്തിരമായി പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി മൺവേലകൾ മാത്രം ചെയ്ത് ₹61,394/- മാത്രമാണ് ചെലവഴിച്ചത്. കരാർ ഉടമ്പടി വെച്ചതിനുശേഷം ഒരു വർഷം കഴിഞ്ഞാണ് നാമമാത്രമായ പ്രവൃത്തികൾ പോലും ചെയ്തത്. ഇതിന് ശേഷം ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു പ്രവൃത്തികളും നടത്തിയിട്ടില്ല. 6 മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് ഇതുവരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടില്ല. പ്രവൃത്തി നാളിതുവരെ പണികൾ പൂർത്തീകരിച്ചിട്ടില്ല. ഇപ്രകാരം പദ്ധതികൾ പാതി വഴിയിലുപേക്ഷിക്കുന്നത് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് സംവിധാനത്തിലെ പോരായ്മയായി കാണേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 48/10.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പദ്ധതിക്കായി തൻവർഷം ചെലവാക്കിയ ₹61,394/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37(7) കൊന്താലപ്പടി പാടശേഖരം സൈഡ്കെട്ട് - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 433/21 |
| അടങ്കൽ | ₹10,00,000 /- (വികസനഫണ്ട് – ജനറൽ) |
| പാടശേഖര സമിതി കൺവീനർ | വി. എസ്. കരീം |
| കരാർ നമ്പർ | 75/BC/LSGD/IDK/2019-20, തീ. 17.03.2020 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601429025/തീ. 29/03/2021, ₹5,26,826/- |
| എം, ബുക്ക് നമ്പർ | 283/19-20 |

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ കൊന്താലപ്പടി പാടശേഖരം ഭാഗത്ത് സൈഡ്കെട്ട് കനാൽ പണിയുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയ്ക്കായി ₹5,26,826/- ചെലവാക്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 154 മീറ്റർ നീളത്തിൽ കനാൽ പണിയുന്നതിന് എസ്റ്റിമേറ്റിലും എഗ്രിമെന്റിലും വിഭാവനം ചെയ്തിരുന്നുവെങ്കിലും 130.60 മീറ്റർ മാത്രമാണ് ചെയ്തിരിക്കുന്നത്. വെള്ളക്കെട്ട് ഉള്ളതിനാൽ പാടത്തിന്റെ കൊയ്ത്ത് കഴിഞ്ഞ ശേഷമേ ബാക്കി പണികൾ ചെയ്യാൻ സാധിക്കൂ. യന്ത്ര സാമഗ്രികളും വിദഗ്ദ തൊഴിലാളികളും ആവശ്യമുള്ളതിനാൽ പാടശേഖര സമിതിക്ക് ബാക്കി

പണികൾ ചെയ്യുവാൻ ബുദ്ധിമുട്ടുള്ളതിനാൽ അന്തിമ ബിൽ തയ്യാറാക്കി തുക അനുവദിക്കണമെന്ന പാടശേഖര സമിതിയുടെ ആവശ്യമനുസരിച്ച് അസി. എഞ്ചിനിയറുടെ ശുപാർശ പ്രകാരം അന്തിമ ബിൽ നൽകുകയായിരുന്നു.

2) വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ ഹാജരാക്കാത്തതിനാൽ നടപ്പിലാക്കി ആകെ പ്രവൃത്തി മൂല്യത്തിന്റെ 85% മാത്രമാണ് ഇതുവരെ നൽകിയിട്ടുള്ളത്. ബില്ലുകൾ ഹാജരാക്കാത്ത നടപടി പണി പൂർണ്ണമായി നടപ്പിലാക്കിട്ടുണ്ടോയെന്ന സംശയം ഉളവാക്കുന്നു.

3) 23.40 മീറ്റർ കനാൽ നിർമ്മിക്കാത്തതിനാൽ പദ്ധതി ലക്ഷ്യത്തിലെത്തിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 59/17.01.2022-ന് മറുപടി ലഭ്യമാക്കിയില്ല.

4) 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/28/തസ്വഭവ./തീ. 02.09.2018 ഖണ്ഡിക 11.2 പ്രകാരം പാടശേഖര സമിതികളെ ഗുണഭോക്തൃ സമിതികളായി അംഗീകരിച്ച് പദ്ധതികൾ ഏൽപ്പിക്കാൻ പാടുള്ളതല്ല. ഈ സർക്കാർ നിർദ്ദേശം ലംഘിച്ചാണ് പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണം പാടശേഖര സമിതികളെ ഏൽപ്പിച്ച് നടത്തിയിരിക്കുന്നത്.

അപാകതകളുടെ അടിസ്ഥാനത്തിൽ ₹5,26,826/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 നല്ലതണ്ണിപ്പുഴ ശേവൽകടി ഭാഗം തീരസംരക്ഷണ ഭിത്തി - പ്രയോജനരഹിതം

| | |
|---|---|
| പ്രോജക്ട് നമ്പർ | 1371/20, 518/21 |
| അടങ്കൽ | ₹45,00,000/-<br>വികസന ഫണ്ട് – (എഫ്.സി.ജി.) |
| അളവ് ബുക്ക് നമ്പർ | 276/2019-20, 343/2019-20 |
| കരാറുകാരൻ | ജോസ് വർഗീസ് മാത്യു |
| ബിൽ റഫറൻസ് നം./തുക | 575938/തീ. 30.09.2020 ₹26,63,277/-<br>287371/തീ. 18.03.2021 ₹15,80,883/-<br>ആകെ – ₹42,44,160/- |



മാങ്കുളം ഗ്രാമപഞ്ചായത്തിൽ നല്ലതണ്ണിപ്പുഴയിൽ ശേവൽക്കുടി ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ₹45,00,000/-യുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയത്. മാങ്കുളം-ആനക്കുളം റോഡിൽ പൊതുമരാമത്ത് പാലത്തിന് സമീപം ഏകദേശം 100 മീറ്റർ ഉള്ളിലായാണ് സംരക്ഷണഭിത്തി നിർമിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

മൺപണിയുടെ ലെവൽസ് എടുത്തിട്ടില്ല

ജി.ഒ.(പി)നം. 167/20/ഫിൻ./തീ. 31.12.2020 പ്രകാരം 500എം$^3$ന് മുകളിലുള്ള മുൻ പ്രവർത്തികളുടെ ലെവൽസ് റിപ്പോർട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകണമെന്നിരിക്കെ ഈ പ്രവൃത്തിയിൽ അളവ് ബുക്ക് പേജ് 28ഇനം 2(1) ആയി 262.69എം$^3$ എർത്ത് ഫില്ലിംഗും അളവ് ബുക്ക് പേജ് 40 ഇനം 2(2) ആയി 327.608എം$^3$ എർത്ത് ഫില്ലിംഗും നടത്തിയിട്ടുണ്ട്. അളവ് ബുക്ക് പേജ് 31 ഇനം 1, 2 എന്നിവ പ്രകാരം കിളച്ചെടുത്ത 260.70എം$^3$ മണ്ണ് ഇനം 2(1)ൽ ഉപയോഗിച്ചിട്ടുണ്ട്. ഇത് കൂടാതെ ഇനം 2(2) പ്രകാരം 327.608എം$^3$ എർത്ത് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. പ്രസ്തുത വിവരം ചീഫ് ടെക്നിക്കൽ എക്സാമിനറെ അറിയിട്ടില്ല.

പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

മണ്ണ് ഇടിഞ്ഞത് മൂലം ഗതാഗത യോഗ്യമല്ലാതായ റോഡ് പുനരുദ്ധാരണമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. 22 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ഇരുവശവും മണ്ണിടിഞ്ഞ് റോഡിന്റെ ബാക്കി ഭാഗം സഞ്ചാര യോഗ്യമല്ല. 2020-21 വർഷം പ്രവൃത്തി പൂർത്തീകരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് 02/12/2021-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21-ന് മറുപടി ലഭ്യമായിട്ടില്ല. നിലവിലെ അവസ്ഥയിൽ ഈ പദ്ധതി കൊണ്ട് ആർക്കും പ്രയോജനമില്ലാത്തതിനാൽ ₹42,44,160/- പാഴ്ചെലവായി മാറിയിരിക്കുന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-39 ടെണ്ടർ നടപടികൾ ഒഴിവാക്കി പാടശേഖര സമിതികളെ പ്രവൃത്തികൾ ഏൽപ്പിച്ചു

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ./തീ. 29/01/2018 ഖണ്ഡിക 11.2 (എ) പ്രകാരം ₹50,000/- വരെയുള്ള പ്രവൃത്തികളാണ് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കാവുന്നത്. ഇതിന് പുറമേ സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാശേഷിയും സന്നദ്ധതയുമുള്ള അധ്യാപക-രക്ഷാകർതൃ സംഘടനകളേയും അംഗൻവാടി ക്ഷേമസമിതികളേയും ബന്ധപ്പെട്ട സ്കൂളിന്റെ/അംഗൻവാടിയുടെ 25 ലക്ഷം രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഏൽപ്പിക്കാവുന്നതാണ്. ഇതിന് വിരുദ്ധമായി പാടശേഖര സമിതികളെ ഗുണഭോക്തൃ സമിതികൾ എന്ന നിലയിൽ ₹50,000/-ന് മുകളിൽ ചെലവ് വരുന്ന മരാമത്ത് പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഏൽപ്പിച്ച് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

1) എടക്കടവ്-പൊങ്ങൻപള്ളി പാടശേഖരം സൈഡ് കെട്ട്

| | |
|---|---|
| പ്രോജക്ട് നമ്പർ | 514/21 |
| അടങ്കൽ | ₹15,00,000/- |
| കൺവീനർ | പി. പളനിസ്വാമി |
| എഗ്രിമെന്റ് നമ്പർ | 76/BC/AEE/IDK/dt. 17/03/20 |
| എം. ബുക്ക് നമ്പർ | 937/17-18 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600837031/തീ. 17.12.2020 ₹6,64,440/- |

2) അഞ്ചിരി പാടശേഖരം സൈഡ് വാൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 412/21 |
| അടങ്കൽ | ₹10,00,000/- |
| കൺവീനർ | മാത്യു മാത്യു |
| എഗ്രിമെന്റ് നമ്പർ | 72/BC/AEE/2019-20/തീ. 11/03/2020 |
| എം. ബുക്ക് നമ്പർ | 2463/19 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600559013/തീ.28.09.2020, ₹3,12,636/- |

3) കൊന്താലപ്പള്ളി പാടശേഖരം സൈഡ് കെട്ട്

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 479/21 |
| അടങ്കൽ | ₹10,00,000/- |
| കൺവീനർ | വി. എസ്. കരീം |
| എഗ്രിമെന്റ് നമ്പർ | 75/BC/AEE/19-20/തീ. 17/03/2020 |
| എം ബുക്ക് നമ്പർ | 283/2019-20 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601429025/തീ. 29.03.21, ₹5,26,826/- |

4) ഇരുമ്പ്പാലം പാടശേഖര സംരക്ഷണ കനാൽ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 519/21 |
| അടങ്കൽ | ₹15,00,000/- |
| കൺവീനർ | കെ. കെ. പൗലോസ് |
| എഗ്രിമെന്റ് നമ്പർ | 41/BC/AEE/LSGD/IDK/2019-20/തീ. 10/01/2020 |
| എം. ബുക്ക് നമ്പർ | 537/19-20 |

| | |
|---|---|
| ബിൽ റഫറൻസ് നം./തീയതി/തുക | 136005572265/തീ. 25.10.2021, ₹11,14,862/-<br>13601457528/തീ. 31.03.2021, ₹1,35,472/- |

5) ഒഴുവത്തടം പാടശേഖര കനാൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | 363/21 |
| അടങ്കൽ | ₹15,00,000/- |
| കൺവീനർ | കെ. ജെ. ജോസഫ് |
| എഗ്രിമെന്റ് നമ്പർ | 38/BC/AEE/IDK/2019-20/തീ. 10/12/2019 |
| എം. ബുക്ക് നമ്പർ | 29/21 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600483414/തീ. 27.08.20, ₹14,02,326/- |

6) തോക്കുപാറ തെക്കേക്കര ഭാഗം കനാൽ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നമ്പർ | 42/21 |
| അടങ്കൽ | ₹15,00,000/- |
| കൺവീനർ | എം. യു. മത്തായി |
| എഗ്രിമെന്റ് നമ്പർ | 52/BC/AEE/LSGD/IDK/2018-19/തീ. 17/12/2018 |
| എം. ബുക്ക് നമ്പർ | 243/19-20 |
| ബിൽ റഫറൻസ് നം./തീയതി/തുക | 13600078990/തീ. 18/04/2020, ₹67,887/-<br>ബിൽ നം. 485/തീ. 06.10.2020, ₹2,06,910/-<br>ആകെ-₹2,74,797<br>13600768445/തീ. 09.12.2021, ₹1,85,321/- |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 54/തീ. 03.03.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ₹46,16,680/- തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 വണ്ണപ്പുറം ടൗൺ കുളം നവീകരണം - പാഴ്ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 1346/20-21 |
| അടങ്കൽ | ₹20,00,000/- (വികസന ഫണ്ട് – ജനറൽ) |
| കരാറുകാരൻ | ശ്രീ. വി. വി. മാത്തുക്കുട്ടി |
| എം. ബുക്ക് നമ്പർ | 237/20-21 |
| ബിൽ റഫറൻസ് നം. | 13600893311/തീ. 02.12.2019, ₹17,85,943/-<br>13600481117/തീ. 27.08.2020, ₹1,51,988/- |




വണ്ണപ്പുറം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വണ്ണപ്പുറം ടൗൺ കുളം നവീകരിക്കുന്നതിനായി ഉല്പാദനമേഖയിലുൾപ്പെടുത്തി ₹20,00,000/ അടങ്കലിൽ ആവിഷ്കരിച്ച ഈ പദ്ധതി ആർക്കും ഉപകാരപ്പെടാതെ പൊതുജനത്തിന് ഭീഷണിയായി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. 25 ഏക്കർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനുള്ള ജലം ലഭിക്കുമെന്ന കൃഷി ഓഫീസറുടെ ആയക്കെട്ട് സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. കുളത്തിലെ മണ്ണ് നീക്കം ചെയ്ത് വശങ്ങൾ കെട്ടിയെടുക്കുക മാത്രമാണ് ചെയ്തത്. കുളത്തിന്റെ രണ്ട് വശം വണ്ണപ്പുറം ടൗണിലെ കെട്ടിടങ്ങളും രണ്ട് വശം റോഡുമാണ്. റോഡ് നിരപ്പിൽ മാത്രമാണ് സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുള്ളത്. വണ്ണപ്പുറം ടൗണിൽ നിന്ന് ഒഴുകിവരുന്ന മുഴുവൻ മലിന ജലവും ഈ കുളത്തിലാണ് പതിക്കുന്നത്. കുടിവെള്ളത്തിനോ ജലസേചനത്തിനോ ഈ കുളം ആരും ഉപയോഗിക്കുന്നില്ല. ധാരാളം വാഹനങ്ങൾ കുളത്തിന്റെ സമീപത്തുകൂടി ദിവസവും കടന്നുപോകുന്നുണ്ട്. ഇത് വളരെയധികം അപകടഭീഷണി ഉയർത്തുന്നുണ്ടെങ്കിലും തുറസ്സായ വശങ്ങളിൽ സംരക്ഷണ ഭിത്തി ഉയർത്തി നിർമ്മിച്ചിട്ടില്ല. 2021-22 വർഷം ഇതിന്റെ തുടർ നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ₹19,37,931/- ചെലവഴിച്ച ഈ പദ്ധതികൊണ്ട് യാതൊരു പ്രയോജനവും പൊതുജനത്തിന് ലഭിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത സ്ഥലത്ത് വികസന ഫണ്ടിൽ തുക വകയിരുത്തി പ്രവൃത്തികൾ നടത്തിയതിനും വിശദീകരണം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 57/തീ. 17.03.2022-ന് മറുപടി ലഭ്യമായില്ല. മേൽ സാഹചര്യത്തിൽ ₹19,37,931/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-41 മരാമത്ത് ബില്ലിൽ നിന്നും ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ കൺവീനർക്ക് അധികം നൽകി (3-24)

1. പഴയരിക്കണ്ടം ജി.എച്ച്.എസ്.മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 927/21 |

| | |
|---|---|
| അടങ്കൽ | ₹25,00,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |
| കൺവീനർ | ശ്രീമതി. ഉഷാകുമാരി കെ. റ്റി. |
| ബിൽ റഫറൻസ് നം./തീയതി | 136016457477/തീ. 30.03.2020, ₹21,89,114/-<br>(ക്യൂ ബിൽ നമ്പർ - 261/26.05.2021)<br>136016421077/തീ. 13.08.2020, ₹3,04,607/- |
| ആകെ ചെലവ് | ₹24,93,721/- |
| എം. ബുക്ക് നമ്പർ | 239/2018-19 |

ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ ഈ പ്രവൃത്തിയുടെ കൺവീനർ, ചെയർമാൻ എന്നിവർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാതിരുന്നിട്ടും അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ 12% ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക അനുവദിച്ച് നൽകിയത് മൂലം ₹3,42,665/- കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. 5.50% ഓവർ ഹെഡ് ചാർജ്ജ് അന്തിമ ബില്ലിൽ കുറയ്ക്കേണ്ടതായിരുന്നെങ്കിലും പ്രസ്തുത തുകയും കുറവ് വരുത്താതെ കൺവീനർക്ക് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയ തുക<br>₹ | നൽകാവുന്ന തുക<br>₹ |
|---|---|
| 2226537 | 2226537 |
| 267184 | - |
| - | 111327 |
| 22265<br>1% | 44530<br>2% |
| 22265 | 22265 |
| 44531 | - |
| 2404660 | 2040954 |
| | ₹3,63,706 |

| ഇനം | നൽകിയ തുക ₹ |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 2226537 |

| | |
|---|---|
| (-)5% OHC | 111327 |
| ആകെ പിൻവലിക്കാവുന്ന തുക | 2115210 |
| പിൻവലിച്ച തുക | 2493721 |
| അധികം പിൻവലിച്ച തുക | 378511 |
| (-) ജി.എസ്.ടി 2% കുറവ് ചെയത തുക | 44531 |
| ആകെ അധികം പിൻവലിച്ച തുക | 333980 |

അധികം തുക പിൻവലിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/30.11.2021-ന് മറുപടി നൽകിയിട്ടില്ല. അധികം പിൻവലിച്ച തുക ₹3,33,980/- ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പഴയരിക്കണ്ടം ജി.എച്ച്.എസ്. മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 415/20, 943/21 |
| അടങ്കൽ | ₹10,00,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |
| കൺവീനർ | സുജാത കെ. വി. |
| ബിൽ റഫറൻസ് നം./തീയതി/തുക | 13601392977/തീ. 03/03/2020, ₹9,50,218/-<br>(ക്യു-ബിൽ നം. 281/25.05.2020) |
| എം. ബുക്ക് നം. | 2404/2017-18 |

പഴയരിക്കണ്ടം ജി.എച്ച്.എസ്. മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാതിരുന്നിട്ടും 12% ജി.എസ്.ടി അനുവദിച്ച് നൽകിയത് മൂലം ₹97,413/- കരാറുകാരന് അധികം നൽകിയിട്ടുണ്ട്. 5.0% ഓവർ ഹെഡ് ചാർജ്ജ് അന്തിമ ബില്ലിൽ കുറയ്ക്കേണ്ടതായിരുന്നെങ്കിലും ആയത് കുറവ് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ തുക<br>₹ |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 879180 |
| (-)5% OHC | 43959 |
| ആകെ പിൻവലിക്കാവുന്ന തുക | 835221 |
| പിൻവലിച്ച തുക | 950218 |
| അധികം പിൻവലിച്ച തുക | 114997 |

| | |
|---|---|
| (-) ജി.എസ്.ടി 2 % കുറവ് ചെയ്ത തുക | 17584 |
| ആകെ അധികം പിൻവലിച്ച തുക | 97413 |

തുക അധികം പിൻവലിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/30.11.2021-ന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ ₹97,413/- നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

3) ഓഡിറ്റ് ഇംപാക്ട്

പ്രോജക്ട് നം. 746/2020-21

NSPHS മെയിന്റനൻസ് പ്രവൃത്തിയിൽ ജി.എസ്.ടി. ഇനത്തിൽ കൺവീനർക്ക് അധികമായി നൽകിയ തുക ₹3,30,272/- തിരികെ അടവാക്കണമെന്നുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം. 18/30.11.2021) തുടർ നടപടിയായി അധികം നൽകിയ തുക ₹3,30,277/- 28.12.2021-ൽ രസീത് നം. ബി-2683302 പ്രകാരം ജില്ലാപഞ്ചായത്തിൽ അടവാക്കി.

1-42 കിളിയാർ -പതിനേഴുകമ്പനി റോഡ് - സംരക്ഷണ ഭിത്തി നിർമ്മാണത്തിൽ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | 230/20, 877/21 |
| അടങ്കൽ | ₹20,00,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| ക്യു-ബിൽ നം./തീയതി/തുക | 259/2020-21/തീ. 26.05.2021, ₹18,81,372/- |
| കോൺട്രാക്ടർ | പി.സി മാത്യു |
| എം. ബുക്ക് നമ്പർ | 387/18-19 |




വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ കിളിയാർകണ്ടത്ത് നിന്നും 17 കമ്പനി ഭാഗത്തേക്ക് നിർമ്മിക്കുന്ന റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രോജക്ടാണിത്. മണ്ണിടിച്ചിൽ ഭീഷണിയും ശക്തമായ വെള്ളമൊഴുക്കും അപകട ഭീഷണി ഉയർത്തുന്ന പ്രദേശമായതിനാൽ ബലവത്തായ സംരക്ഷണഭിത്തി ഉണ്ടെങ്കിൽ മാത്രമേ സുരക്ഷിതമായ ഗതാഗത സംവിധാനം ഒരുക്കുവാൻ സാധിക്കൂ. 36.50 മീറ്റർ നീളത്തിലും 3.50 മീറ്റർ ഉയരത്തിലുമുള്ള കോൺക്രീറ്റ് സംരക്ഷണഭിത്തിയാണ് ഇവിടെ നിർമ്മിച്ചിരിക്കുന്നത്. ഈ സംരക്ഷണഭിത്തി വിള്ളൽ വീണ് അപകടാവസ്ഥയിലായിരിക്കുന്നത് 26/11/2021-ൽ വാത്തിക്കുടി സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. അളവ് ബുക്ക് പ്രകാരം 18.03.2020-ൽ പണി പൂർത്തീകരിച്ചതാണ്. പ്രസ്തുത തീയതി മുതൽ രണ്ട് വർഷം ഗ്യാരണ്ടി പീരിയഡായി കണക്കാക്കി ഈ കാലയളവിൽ സംഭവിക്കുന്ന എല്ലാ തകരാറുകളും സ്വന്തം ചെലവിൽ പരിഹരിക്കുന്നതിന് കരാറുകാരന് ഉത്തരവാദിത്വം ഉണ്ടായിരിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതനുസരിച്ച് കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പോരായ്മകൾ പരിഹരിക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 ദാരിദ്ര്യ ലഘൂകരണ വിഭാഗം - രേഖകൾ ലഭ്യമല്ല

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ നടപ്പാക്കിയ പദ്ധതികളിൽ ചുവടെ പരാമർശിച്ചിരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നം./ തീയതി | തുക ₹ | കൈപ്പറ്റിയ ആൾ/ സ്ഥാപനം | | ഹാജരാക്കേണ്ട രേഖ | ഉത്തര വാദിയായ ഉദ്യോഗസ്ഥ |
|---|---|---|---|---|---|---|---|---|
| 1 | 591/21 | ഭവന നിർമാണ പദ്ധതി (എസ്.സി.പി) | 04445/ 08.03.2021 | 18450000 | രാജകുമാരി ഗ്രാമ പഞ്ചായത്ത് | 3375000 | ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി ടീസ ജോസ് (പ്രോജക്ട് ഡയറക്ടർ) |
| | | | | | വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് | 3375000 | | |
| | | | | | ശാന്തൻപാറ | 4500000 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | ഗ്രാമ പഞ്ചായത്ത് | | | |
| | | | | | അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത് | 1575000 | | |
| | | | | | കൊക്കയാർ ഗ്രാമ പഞ്ചായത്ത് | 5625000 | | |
| 2 | | | 12588/ 22.03.2021 | 3825000 | വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്ത് | 675000 | ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്ട് ഡയറക്ടർ) |
| | | | | | വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് | 675000 | | |
| | | | | | പീരുമേട് ഗ്രാമ പഞ്ചായത്ത് | 675000 | | |
| | | | | | വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് | 675000 | | |
| | | | | | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് | 1125000 | | |
| 3 | | | 93099/ 27.03.2021 | 338000 | കോടിക്കുളം ഗ്രാമ പഞ്ചായത്ത് | | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്ട് ഡയറക്ടർ) |
| | | | | | ചന്ദ്രിക വിജയൻ | 120000 | | |
| | | | | | തങ്കമ്മ കുഞ്ഞുമോൻ | 118000 | | |
| | | | | | ലീല മോഹനൻ | 100000 | | |
| 4 | 593/21 | ഭവന നിർമാണ പദ്ധതി | 93104/ 27.03.2021 | 100000 | മിനി മാർട്ടിൻ - കോടിക്കുളം ഗ്രാമ | | ഗുണഭോക്താവിന് തുക ലഭ്യമായ | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്ട് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | പഞ്ചായത്ത് | | തിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ഡയറക്ടർ) |
| 5 | | | 04464/ 08.03.2021 | 1350000 | രാജകുമാരി ഗ്രാമ പഞ്ചായത്ത് | 450000 | ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി ട്രീസ ജോസ് (പ്രോജക്ട് ഡയറക്ടർ) |
| | | | | | ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് | 225000 | | |
| | | | | | അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത് | 450000 | | |
| | | | | | കൊക്കയാർ ഗ്രാമ പഞ്ചായത്ത് | 450000 | | |
| 6 | | (ടി.എസ്.പി) | 12589/ 22.03.2021 | 2025000 | വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് | 675000 | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്ട് ഡയറക്ടർ) |
| | | | | | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് | 900000 | | |
| | | | | | വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് | 450000 | | |
| 7 | | | 74375/ 26.03.2021 | 1575000 | കുമളി ഗ്രാമ പഞ്ചായത്ത് | 900000 | | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്ട് ഡയറക്ടർ) |
| | | | | | ഉപ്പുതറ ഗ്രാമ പഞ്ചായത്ത് | 675000 | | |
| 8 | | | 81068/ 05.10.2020 | 2310000 | വട്ടവട ഗ്രാമ പഞ്ചായത്തിലെ 14 ഗുണഭോക്താക്കൾ | | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | | | 31936/ 16.12.2020 | 730000 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിലെ 8 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 10 | | | 81702/ 03.03.2021 | 200000 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിലെ 2 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി ഭീസ ജോസ് (പ്രോജക്റ്റ് ഡയറക്ടർ) |
| 11 | | | 01531/ 17.02.2021 | 110000 | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്തിലെ 2 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി ഭീസ ജോസ് (പ്രോജക്റ്റ് ഡയറക്ടർ) |
| 12 | 971/ 21 | ലൈഫ് മിഷൻ – ഭൂമിയുള്ള ഭവന രഹിതരായ എച്ച്.ഐ.വി. ബാധിതർക്ക് ഭവന നിർമാണം | 43765/ 24.02.2021 | 160000 (400000/-വീതം) | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് – 2<br>അഴുത ബ്ലോക്ക് പഞ്ചായത്ത് – 1<br>കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് - 1<br>ആകെ 4 ഗുണഭോക്താക്കാൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി ഭീസ ജോസ് (പ്രോജക്റ്റ് ഡയറക്ടർ) |
| 13 | | | 67715/ 25.08.2020 | 640000 | 4 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 14 | | | 78060/300000 02.11.2020 | 300000 | 3 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക | ശ്രീ സാജു സെബാസ്റ്റ്യൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ലഭ്യമായതിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | (പ്രോജക്ട് ഡയറക്ടർ) |
| 15 | | | 96331/ 27.01.2021 | 110000 | 2 ഗുണഭോക്താക്കൾ | ഗുണഭോക്താ ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 16 | | | 01532/ 17.02.2021 | 100000 | 1 ഗുണഭോക്താക്കാവ് | ഗുണഭോക്താ ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗിച്ച തിന്റെയും സാക്ഷ്യപത്രം | ശ്രീമതി ടീസ ജോസ് (പ്രോജക്ട് ഡയറക്ടർ) |
| 17 | | | 43765/ 24.02.2021 | 160000 | 4 ഗുണഭോക്താക്കൾ. | ഗുണഭോക്താ ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി ടീസ ജോസ് (പ്രോജക്ട് ഡയറക്ടർ) |
| 18 | | | 93107/ 27.03.2021 | 200000 | 1 ഗുണഭോക്താവ് | ഗുണഭോക്താ ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്ട് ഡയറക്ടർ) |
| 19 | 1031/21 | ലൈഫ് മിഷൻ വിഹിതം (എസ്.സി.പി) | 44073/ 23.09.2020 | 40000 | പഴനിയമ്മാൾ മറയൂർ ഗ്രാമപഞ്ചായത്ത് | ഗുണഭോക്താ ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |

| | | | | | | |
|---|---|---|---|---|---|---|
| 20 | | 81071/ 05.10.2020 | 1820000 | വട്ടവട ഗ്രാമ പഞ്ചായത്തിലെ 17 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 21 | | 20583/ 11.11.2020 | 720000 | മറയൂർ ഗ്രാമ പഞ്ചായത്തിലെ 18 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 22 | | 31934/ 16.12.2020 | 1920000 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിലെ 20 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 23 | | 38241/ 13.01.2021 | 3620000 | വണ്ടിപ്പെരിയാ ഗ്രാമ പഞ്ചായത്തിലെ 40 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 24 | | 96327/ 27.01.2021 | 320000 | മറയൂർ ഗ്രാമ പഞ്ചായത്തിലെ 4 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 25 | | 73419/ 01.03.2021 | 1120000 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിലെ 13 | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും | ശ്രീമതി ടീസ ജോസ് (പ്രോജക്ട് ഡയറക്ടർ) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | ഗുണഭോക്താക്കൾ | | വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | |
| 26 | | | 04326/ 08.03.2021 | 3825000 | നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് | 450000 | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി ടീസ ജോസ് (പ്രോജക്ട് ഡയറക്ടർ) |
| | | | | | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 900000 | | |
| | | | | | ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് | 675000 | | |
| | | | | | ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് | 1800000 | | |
| 27 | | | 42336/ 30.03.2021 | 190000 | കോടിക്കുളം ഗ്രാമ പഞ്ചായത്തിലെ 2 ഗുണഭോക്താക്കൾ | | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്ട് ഡയറക്ടർ) |
| 28 | 865/ 21 | ലൈഫ് മിഷൻ വിഹിതം (ടി.എസ്.പി) | 22355/ 02.06.2020 | 700000 | മറയൂർ ഗ്രാമ പഞ്ചായത്തിലെ 7 ഗുണഭോക്താക്കൾ | | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 29 | 864/21 | ലൈഫ് മിഷൻ വിഹിതം (പൊതു വിഭാഗം) | 22357/ 02.06.2020 | 280000 | ഉപ്പുതറ ഗ്രാമ പഞ്ചായത്തിലെ 8 ഗുണഭോക്താക്കൾ | | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം. | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 30 | 589/21 | ലൈഫ് മിഷൻ വിഹിതം | 98355/ 08.10.2020 | 8240000 | വട്ടവട ഗ്രാമ പഞ്ചായത്തിലെ 80 | | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായ | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | ഗുണഭോക്താക്കൾ | | തിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ഡയറക്ടർ) |
| 31 | | | 95976/ 06.01.2021 | 4820000 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിലെ 47 ഗുണഭോക്താക്കൾ | | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 32 | | | 57800/ 18.01.2021 | 4930000 | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്തിലെ 60 ഗുണഭോക്താക്കളൾ | | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്ട് ഡയറക്ടർ) |
| 33 | | (പൊതു വിഭാഗം) | 93095/ 27.03.2021 | 29400000 | രാജകുമാരി ഗ്രാമ പഞ്ചായത്ത് | 300000 | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്ട് ഡയറക്ടർ) |
| | | | | | ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് | 3400000 | | |
| | | | | | കരുണാപുരം ഗ്രാമ പഞ്ചായത്ത് | 2200000 | | |
| | | | | | വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് | 3000000 | | |
| | | | | | ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് | 3000000 | | |
| | | | | | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 1800000 | | |
| | | | | | ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് | 1200000 | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത് 3000000 | | |
| | | | | നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് 3000000 | | |
| | | | | രാജാക്കാട് ഗ്രാമ പഞ്ചായത്ത് 2800000 | | |
| | | | | കൊക്കയാർ ഗ്രാമ പഞ്ചായത്ത് 3000000 | | |
| 34 | | 31676/ 29.03.2021 | 3080000 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിലെ 33 ഗുണഭോക്താക്കൾ | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 35 | | 31678/ 29.03.2021 | 2950000 | രാജകുമാരി ഗ്രാമ പഞ്ചായത്ത് 6 ഗുണഭോക്താക്കൾ ₹240000/-<br>സേനാപതി ഗ്രാമപഞ്ചാത്ത് 26 ഗുണഭോക്താക്കൾ ₹1040000/-<br>ഉടുമ്പൻചോല ഗ്രാമപഞ്ചാത്ത് 40 ഗുണഭോക്താക്കൾ ₹1670000/- | ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി സറീന എ. റഹ്മാൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 36 | | 31680/ | 160000 | കാന്തല്ലൂർ | ഗുണഭോക്താ | ശ്രീമതി |

| | | | | | | |
|---|---|---|---|---|---|---|
| | | 29.03.2021 | | ഗ്രാമ പഞ്ചായത്തിലെ 33 ഗുണഭോക്താക്കൾ | ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | സറീന എ. റഹ്മാൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 37 | | 07510/ 12.10.2020 | 98000 | ഇളംദേശം ബ്ലോക്ക് പഞ്ചായത്തിലെ 1 ഗുണഭോക്താവ് - സുനിത ജോഷി | ഗുണഭോക്താവിന് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 38 | | 90485/ 01.12.2020 | 294000 | തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിലെ 3 ഗുണഭോക്താക്കൾ | ഗുണഭോക്താവിന് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 39 | | 18871/ 11.01.2021 | 686000 | തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിലെ 1 ഗുണഭോക്താവ്. ഇളംദേശംബ്ലോക്ക് പഞ്ചായത്തിലെ 6 ഗുണഭോക്താക്കൾ | ഗുണഭോക്താ ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 40 | | 95967/ 16.01.2021 | 392000 | ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലെ 4 ഗുണഭോക്താക്കൾ | ഗുണഭോക്താ ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗി ച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്റ്റ് ഡയറക്ടർ) |
| 41 | | 43760/ 24.02.2021 | 686000 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ 1 | ഗുണഭോക്താ ക്കൾക്ക് തുക ലഭ്യമായ തിന്റെയും വിനിയോഗി | ശ്രീമതി ഭീസ ജോസ് (പ്രോജക്റ്റ് ഡയറക്ടർ) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ഗുണഭോക്താവ്. തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിലെ 6 ഗുണഭോക്താക്കൾ | ച്ചതിന്റെയും സാക്ഷ്യപത്രം | |
| 42 | | | 04229/ 08.03.2021 | 98000 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ 1 ഗുണഭോക്താവ് – റോണിക്കം രാജ | ഗുണഭോക്താവിന് തുക ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രം | ശ്രീമതി ടീസ ജോസ് (പ്രോജക്റ്റ് ഡയറക്ടർ) |
| 43 | | | ട്രഷറി ബിൽ ബുക്ക് ക്രമ നം. 1/06.05.2020 | 658000 | ഫയൽ ലഭ്യമായില്ല | | ശ്രീ സാജു സെബാസ്റ്റ്യൻ (പ്രോജക്റ്റ് ഡയറക്ടർ) |
